VOL. 19
ISSUE
02
2023
JAN-FEB

IFFT CHALACHITRAKENDRAM

# കൊട്ടക

IFFT-KOTTAKA

സിനിമ ദ്വൈമാസിക

• ശീതൾ • ആൽവൻ ജെയ്ക്കബ്ബ് തട്ടിൽ • സന്ദീപ് ശരവണൻ • രാജേഷ് എം ആർ
• രാകേഷ്നാഥ് • ജോൺ തോമസ് • ബിനുരാജ്.ആർ.എസ്
• ഹരിനാരായണൻ.എസ് • പ്രസാദ് ദാമോധരൻ



04
**ബ്രസീലിയൻ ഫോക് സിനിമ - സാംസ്കാരിക വൈവിധ്യങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ**
-ശീതൾ



**ഇറാനിയൻ സമകാലികനാടോടി വിജ്ഞാനീയ ചലച്ചിത്രങ്ങൾക്ക് ഒരു പ്രാരംഭ രേഖ**
-ആൽവിൻ ജെയ്ക്കബ് തട്ടിൽ
07



18
**ഫോക് അനിമേഷൻ ഷോർട്ട് ഫിലിംസ്**
-സന്ദീപ് ശരവണൻ





26
**ധബാരിക്യുരുവി പെണ്മയുടെ അതിജീവനം**
-രാജേഷ് എം ആർ

29
**പൂരം സംവിധായകന്റെ കല**
-രാകേഷ്നാഥ്




**'അപരാജിതോ' സിനിമക്കുള്ളിലെ സിനിമ**
-ജോൺ തോമസ്
36



43
**ഗാന്ധിത്തണലിലെ നായകത്വം**
-ബിനുരാജ്.ആർ.എസ്

48
**കുടിയേറ്റം പ്രശ്നവൽക്കരിക്കപ്പെടുമ്പോൾ**
-ഹരിനാരായണൻ.എസ്




**വടക്കൻ പാട്ടു സിനിമകൾ - ചരിത്രം, സംസ്കാരം, രാഷ്ട്രീയം**
-പ്രസാദ് ദാമോധരൻ
51


# EDITORIAL

പ്രിയപ്പെട്ടവരെ,

കൊട്ടകയുടെ ജനുവരി- ഫ്രെബുവരി ലക്കം ഫോക് ലോർ പതിപ്പാണ്. ചലച്ചിത്ര കേന്ദ്രം നടത്തുന്ന ഇന്റർനാഷണൽ ഫോക് ലോർ ഫെസ്റ്റിവൽ ജനുവരി 1 മുതൽ 5 വരെ തൃശൂർ സെൻറ് തോമസ് കോളേജിൽ നടത്തുന്നു. ഇറാനിയൻ, ബ്രസീലിയൻ ഫോക് ഫിലിംസ്, അനിമേഷൻ ഫോക് ഫിലിംസ് എന്നിവയെ ക്കുറിച്ചുള്ള ലേഖനങ്ങൾ യഥാക്രമം ആൽവിൻ ജെയ്ക്കബ് തട്ടിൽ, ആന്റണി, ഡോ.ശീതൾ വി.എസ്, സന്ദീപ് ശരവണൻ എന്നിവരാണ് എഴുതിയിരിക്കുന്നത്. പ്രിയനന്ദനന്റെ ധബാരി ക്യുരുവി എന്ന സിനിമയെക്കുറിച്ച് രാജേഷ് എം ആർ എഴുതിയിരിക്കുന്നു. ഇരുളഭാഷയിൽ ചിത്രീകരിച്ച പ്രിയനന്ദനൻ സംവിധാനം ചിത്രം 'ധബാരി ക്യുരുവി' ഗോത്രവിഭാഗത്തിൽനിന്നു ള്ള കലാകാരെ മാത്രം അഭിനേതാക്കളായി ഉൾ പ്പെടുത്തികൊണ്ട് പുറത്തുവന്ന ഇന്ത്യയിലെ ആദ്യ ചലച്ചിത്രമാണ്. പൂരം എന്ന സിനിമയെ വർത്തമാന പരിസരത്തു നിന്നു കൊണ്ട് വാ യിക്കുവാനുള്ള ശ്രമമാണ് രാകേഷ് നാഥിന്റെ ലേഖനം. അപരാജിതോ എന്ന ബംഗാളി സിനി മയുടെ സൗന്ദര്യാസ്വാദനമാണ് ജോൺ തോ മസിന്റേത്. നാരദൻ, ന്നാ താൻ കേസ് കൊട് എന്നീ സിനിമകളിലെ കോടതി വ്യവഹാരങ്ങളെ മുൻനിറുത്തിയുള്ള ലേഖനമാണ് ബിനുരാജ് എഴുതിയിരിക്കുന്നത്. ഹരി നാരായണൻ എഴുതിയിരിക്കുന്നത് ശ്രീലങ്കൻ-ഫ്രഞ്ച് സിനിമ യായ 'ദീപനെ'ക്കുറിച്ചുള്ള ഒരു ലേഖനമാണ്. വടക്കൻപാട്ടു സിനിമകൾ എന്ന പുസ്തകത്തെ പരിചയപ്പെടുത്തിയിരിക്കുന്നത് പ്രസാദ് ദാമോ ധരനാണ്.ഈ ലക്കത്തിലേക്ക് വായനക്കാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു കൊണ്ട്

എഡിറ്റർ
ഡോ.രാജേഷ്.എം.ആർ


**എഡിറ്റർ:** ഡോ. രാജേഷ് എം.ആർ. ● **പത്രാധിപസമിതി:** എസ്. ഹരിനാരായണൻ, ഡോ. സി. ആദർശ്, ഡോ. പി. വിഷ്ണുരാജ്, ശീതൾ വി.എസ്., നിവേദിത കളരിക്കൽ, ആൽവിൻ ജേയ്ക്കബ് തട്ടിൽ, പി. സലിംരാജ് ● **ഉപദേശകസമിതി:** ചെലവൂർ വേണു, ഡോ. ഗോപിനാഥൻ കെ., വി. മുസാഫർ അഹമ്മദ്, ഐ.ഷണ്മുഖദാസ്, ഡോ.അരവിന്ദൻ വല്ലച്ചിറ, പി.എൻ.ഗോപീകൃഷ്ണൻ, ഡോ.സി.എസ്. ബിജു

**Printer & Publisher:** Cherian Joseph, Executive Director, International Film Festival Thrissur, Kalliath Royal Square 2nd Floor, Palace Road, Thrissur, Kerala, India ● For - International Film Festival Thrissur - IFFT ● Mob: +91 9496168654, 9446763855 Email: ifftinfo2@gmail.com | www.ifft.in



# ബ്രസീലിയൻ ഫോക് സിനിമ - സാംസ്കാരിക വൈവിധ്യങ്ങളുടെ ദൃശ്യാവിഷ്കാരങ്ങൾ

ശീതൾ

പ്രാചീനമായ സംസ്കാരങ്ങളുടെ ഒരു കലവറയാണ് ബ്രസീൽ. ഭൂമിയുടെ ശ്വാസകോശമായ ആമസോൺ മഴക്കാടുകൾ ഉൾക്കൊള്ളുന്ന വിസ്തൃതയും മനോഹരവുമായ ഭൂപ്രദേശം. അതുപോലെ തന്നെ കലാസാംസ്കാരിക വൈവിധ്യവും ബ്രസീലിയൻ ജനതയെ മറ്റു ജനസംസ്കാരങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ആമസോൺ മഴക്കാടുകളിലെ ഗോത്ര വർഗ്ഗക്കാരുടെ ജീവിതവും സംസ്കാരവും കലകളും എല്ലാം ഉൾക്കൊള്ളുന്ന വയാണ് ബ്രസീലിയൻ ഡോക്യുമെന്ററികൾ. വ്യത്യസ്ത ജനവിഭാഗങ്ങളുടെ ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ , ഫാസിസ്റ്റ് ഭരണത്തിനെതിരെ ജനങ്ങൾ നടത്തുന്ന പ്രതിരോധങ്ങൾ എല്ലാം ഇവിടെ വിഷയമാകുന്നു. ബ്രസീലിയൻ ജനതയുടെ ജീവിതവും സംസ്കാരവും പ്രകൃതിയുമായി എങ്ങനെ അഭേദ്യമാം വിധത്തിൽ ഇഴചേർന്നിരിക്കുന്നു എന്ന് വ്യക്തമാക്കുന്നവയാണ് Brazil focus ൽ പെടുന്ന ചിത്രങ്ങൾ.

## 1. Patua

പരമ്പരാഗതമായ നിരവധി ആചാരങ്ങളും വിശ്വാസങ്ങളും പിന്തുടരുന്നവരാണ് യോരുബ മത വിശ്വാസികൾ (Yoruba Religion). അത്തരത്തിലുള്ള ഒരു വിശ്വാസത്തിന്റെ, ആചാരത്തിന്റെ കഥ പറയുന്ന ഡോക്യുമെൻററിയാണ് Patuá

മായ എന്ന യുവതി ശാപഗ്രസ്തയാണ് . ആ ശാരീരിക, മാനസികാവസ്ഥ മറികടക്കാൻ അവൾ Ayo എന്ന ആത്മാവിന്റെ സാന്നിധ്യത്തിൽ ഒരു മാന്ത്രികാചാരത്തിന് വിധേയയാകുന്നു. യോരുബ വിശ്വാസമനുസരിച്ച് അവർ അവരുടെ പൂർവപിതാക്കന്മാരുടെ സഹായത്തോടെ സ്വർഗത്തിലെ അവരുടെ ഭരണാധികാരിയെ കാണുന്നു. അതീത ശക്തികളിൽ നിന്നും രക്ഷ നേടാനായി ഒരു Patuá - നിർമിച്ച് ധരിക്കാൻ അവർ ആവശ്യപ്പെടുന്നു. അത് മായയെ അവളുടെ പൂർവ പ്രണയം തകർത്ത അവളുടെ ഹൃദയത്തിന് ആശ്വാസം പകരുകയും ജീവിതം തുടരാൻ അനുവദിക്കുകയും ചെയ്യുന്നു. എന്നാൽ മരണത്തിന്റെ ലോകത്തേക്കുള്ള യാത്ര അവസാനിപ്പിക്കാൻ Ayo തീരുമാനിക്കുന്നു. ആത്മാക്കൾ ജീവിച്ചിരിക്കുന്ന മനുഷ്യരെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും മനുഷ്യജീവിതത്തിൽ അവരുടെ ഇടപെടലുകൾ എങ്ങനെയെന്നും കാണിച്ചുതരുന്ന ചിത്രമാണിത്. പൂർവികരുമായി ബന്ധം സ്ഥാപിക്കുകയും അവരുമായി സംവാദം നടത്തുകയും ചെയ്യുക എന്നത് ഫോക് ലോർ സംസ്കാര




ത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ചടങ്ങുകളാണ്.

## 2. Good bye, dear Mandi

ആമസോൺ മഴക്കാടുകളുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് Manaus . ഗോത്ര വിഭാഗമായ ഗോത്ര ജനതയായ Manaós ൽ നിന്നാണ് ഈ പ്രദേശത്തിന് Manaus എന്ന പേരു വന്നത്. വടക്കുപടിഞ്ഞാറൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ഇന്ന് പ്രധാനപ്പെട്ട ഒരു ഉൾനാടൻ തുറമുഖമാണ്. വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട ഗോത്രവർഗ ജനതയുടെ വിഹാരകേന്ദ്രമാണ് ആമസോൺ മഴക്കാടുകൾ. മാനോസ് നദിയിലൂടെ സ്വൈരമായി സഞ്ചരിച്ചിരുന്ന ഗോത്ര ജനതയുടെ ജീവിതവും സംസ്കാരവും മാറ്റി മറിച്ചു കൊണ്ട് അതൊരു നദീതീര തുറമുഖമായി വളരുന്നതും ഗോത്ര ജനതയുടെ സ്വാഭാവിക ജീവിതം തകരുന്നതുമാണ് ഈ ചിത്രത്തിന്റെ പ്രമേയം. ഗോത്ര ജനത ഓരോ ജീവികകളുടെയും വികാരങ്ങളെ തിരിച്ചറിയുമ്പോൾ നഗരവാസിയായ ആധുനിക മനുഷ്യന് തങ്ങളുടെ സഹോദരങ്ങളായ ഗോത്ര വിഭാഗത്തെ പോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യവും നദിയിൽ നിർമ്മിക്കുന്ന തടയണകൾ അതിനെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യരെയും ജീവജാലങ്ങളെയും എങ്ങനെയൊക്കെ മാറ്റിക്കളയുന്നു എന്ന വസ്തുതയുമൊക്കെയാണ് ഇതിലെ പ്രമേയം. ലോകത്താകമാനമുള്ള ഗോത്രവർഗ്ഗ സമൂഹം നേരിടുന്ന വെല്ലുവിളികൾ ഏകദേശം സമാനമാണ്. കാടുകളിലേക്കുള്ള കടന്നുകയറ്റം ഗോത്ര ജനതയുടെ മാത്രമല്ല എല്ലാ ജീവജാലങ്ങളേയും ബാധിക്കുന്നു. ഈ വസ്തുതയാണ് ഈ ആനിമേഷൻ ചിത്രം വ്യക്തമാക്കുന്നത്.

## 3. ഇറ പങ്ക് (Era Punk)

ബ്രസീൽ പ്രസിഡന്റ് ജർ ബൊൽസനാരോയുടെ ഫാസിസ്റ്റ് നടപടികൾക്കെതിരെ ജനങ്ങൾ പ്രക്ഷോഭവുമായി തെരുവിലിറങ്ങുന്നതാണ് ഇറ പങ്കിലെ പ്രമേയം. വർഗ്ഗവിവേചനം നടത്തുന്ന വംശഹത്യ നടത്തുന്ന പ്രസിഡന്റിനെ ഞങ്ങൾ താഴെയിറക്കുമെന്ന് പ്രഖ്യാപിച്ചു കൊണ്ട് സ്ത്രീകളടക്കം തെരുവിലിറങ്ങി പ്രതിഷേധിക്കുന്നു.

ജനങ്ങൾക്ക് പിന്തുണയുമായി പാട്ടുസംഘങ്ങളും തങ്ങളുടെ വാദ്യോപകരണങ്ങളുമായി തെരുവിലറങ്ങുന്നു. പാട്ട് പ്രതിരോധമാണെന്ന് തിരിച്ചറിഞ്ഞവരാണ് ബ്രസീലിയൻ ഗോത്രവർഗ്ഗക്കാർ. നീതിക്കായി വാദിക്കുന്ന രാഷ്ട്രീയക്കാരും തങ്ങളുടെ പരമ്പരാഗത ഭൂമിക്കായി കാവലിരിക്കുന്ന ഗോത്ര ജനതയും കൊല ചെയ്യപ്പെടുന്നു. ഇതിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളും പ്രക്ഷോഭകാരികളെ അടിച്ചമർത്തുന്ന അധികാരി വർഗ്ഗവും തമ്മിലുള്ള സംഘട്ടനങ്ങളുടെ നേർക്കാഴ്ചകളാണ് ഇതിൽ.

## 4. കാബോകോലിനൊ (Cabocolino)

ചിത്രത്തിലെ കഥാപാത്രമായ seu João എഴുപത്തെട്ടു വയസ്സുള്ള ഒരു വൃദ്ധനാണ്. കബോ കോലിനൊ പരമ്പരാഗതമായി ഗോത്രവർഗക്കാർ ഉപയോഗിക്കുന്ന ഒരു സുഷിരവാദ്യമാണ് (flute 1). ഈ വിശിഷ്ടമായ വാദ്യം വായിച്ചുകൊണ്ട് കൊബോകൊ (Coboco) എന്നൊരു നാടൻ നൃത്തവും ഇതിനോടൊപ്പം അരങ്ങേറുക പതിവായിരുന്നു. എന്നാൽ ഇന്ന് ഇതൊക്കെ അന്യമായി പോയതിന്റെ ദുഃഖത്തിലാണ് seu João എന്ന വൃദ്ധൻ. അദ്ദേഹം ഒരു അറിയപ്പെടുന്ന ഒരു കലാകാരനൊന്നുമല്ല. വിശ്രമജീവിതം നയിക്കുന്ന കർഷകനാണ്. തന്റെ പൂർവികർ തുടങ്ങിവച്ച പരമ്പരാഗതമായ കബോകോലിനൊ സംഗീതവും കബോക്കോ എന്ന നൃത്തവും കാർണിവലിൽ അവതരിപ്പിക്കുന്നത് സ്വപ്നം കണ്ടു കൊണ്ട് കഴിയുകയാണ് അയാൾ. അതു കൂടാതെ തന്റെ പൂർവികരുടെ മണ്ണിലുണ്ടായ മരത്തിന്റെ വിത്തുകളുമായി അയാൾ യാത്ര ചെയ്യുന്നു , അത് തന്റെ കടമയാണ് താനൊരു മാധ്യമം മാത്രമാണ് എന്ന് വിശ്വസിച്ചുകൊണ്ട് . വരും തലമുറയ്ക്കു വേണ്ടിയുള്ള നിഷ്കളങ്കമായ കരുതൽ സിനിമയിലെ വൃദ്ധ

കഥാപാത്രത്തെ മിഴിവുറ്റ താക്കുന്നു.

## 5. Okatá ıó - portraits of Ancestry

റിയോ ഡി ജെനീറിയോയിലെ തുറമുഖ പ്രദേശത്തെ ജനജീവിതവും സംസ്കാരവുമായി ബന്ധപ്പെട്ട ഒരു എത്തനോ ഗ്രാഫിക് ചിത്രമാണിത്. തുറമുഖ പ്രദേശമായതുകൊണ്ടു തന്നെ ജലവുമായി ബന്ധപ്പെട്ടവിശ്വാസങ്ങളും മറ്റും ഇതിൽ കാണാം. .പ്രാചീനമായ നിരവധി ആചാരങ്ങളും വിശ്വാസങ്ങളും ഇപ്പൊഴും പുലർത്തി പോരുന്ന ഒരു ജനതയാണ് ബ്രസീലിലുള്ളത്. ആഫ്രിക്കൻ വേരുകളുള്ള ഗോത്ര ജനവിഭാഗങ്ങൾ നേരിടേണ്ടി വരുന്ന വിവേചനവും മറ്റ് മതവിഭാഗങ്ങൾ നേരിടേണ്ടി വരുന്ന വിവേചനവുമൊക്കെ ഇവിടെ വിഷയമാകുന്നുണ്ട്. തങ്ങൾ അധിവസിക്കുന്ന പ്രദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതയനുസരിച്ച് ആചാരങ്ങളും നൃത്തരൂപങ്ങളും അതുമായി ബന്ധപ്പെട്ടിരിക്കുന്നു. ബ്രസീലിന്റെ പ്രദേശിക പ്രദേശങ്ങളിലെ വ്യത്യസ്തവും വൈവിധ്യവുമായ സംസ്കാരങ്ങൾ പരിചയപ്പെടാൻ സഹായിക്കുന്നുവെന്നതാണ് ഈ ചിത്രത്തിന്റെ പ്രത്യേകത.

## 6. Barreiras Invisible

ശമന മന്ത്രവാദത്തിലൂടെ (Shannanic ritual) ഒരു സ്ത്രീ തന്റെ സ്വത്വം തിരിച്ചറിയുകയും അതിൽ നിന്ന് പുറത്തു കടക്കുകയും ചെയ്യുന്നതാണ് ഇതിലെ പ്രമേയം. നൃത്തത്തെ ഒരു മാധ്യമമാക്കിക്കൊണ്ട്, ശരീരത്തിന്റെ ചലന സാധ്യതകൾ പ്രയോജനപ്പെടുത്തിയ ഒരു ഡോക്മെന്ററിയാണ് Barreirs invisible. സ്ത്രീകൾ അസ്വാതന്ത്ര്യങ്ങളിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക് ചുവടു വെയ്ക്കേണ്ടതുണ്ട് എന്ന് ഓർമപ്പെടുത്തുകയാണ്.

## 7. Rio By Unique Sights

റഫേൽ ഡ്വാർട്ടേ എന്ന ഫോട്ടോഗ്രാഫർ താൻ ജനിച്ചു വളർന്ന റിയോ ഡി ജനീറോയുടെ ചിത്രങ്ങൾ ക്യാമറയിൽ പകർത്തുന്നു. ജനിച്ചു വളർന്ന നഗരത്തിന്റെ വ്യത്യസ്തവും മനോഹരവുമായ ഭൂമി ശാസ്ത്ര പ്രത്യേകതകൾ അദ്ദേഹത്തെ അത്ഭുതപ്പെടുത്തുന്നു. കടലും മഞ്ഞുമലകളും പച്ചപ്പും പാറക്കുന്നുകളും മണൽക്കാടും അങ്ങനെയങ്ങനെ റിയോയുടെ ഓരോ പ്രദേശങ്ങളും വ്യത്യസ്തമാണെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. റിയോ ഡി ജനീറോയുടെ പ്രകൃതി മനോഹരമായ കാഴ്ചകളിലൂടെ ക്യാമറ ചലിക്കുന്നത് മനോഹരമായ ഒരു അനുഭവമായി മാറുന്നു. അധിവസിക്കുന്ന നഗരത്തിലെ പ്രകൃതി തങ്ങളെ എന്തുമാത്രം സ്വാധീനിക്കുന്നുവെന്നു പ്രകൃതിയുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നുവെന്നും ജനങ്ങൾ തിരിച്ചറിയുന്നു. ക്യാമറക്കണ്ണുകളിലൂടെ കാണുന്ന ബ്രസീലിയൻ കാഴ്ചകൾ മനോഹരമാണെന്ന് സംവിധായകൻ രേഖപ്പെടുത്തുന്നു.

## 8. ജമരി ( Jamary)

ആൻ എന്നും അവളുടെ കൂട്ടുകാരോടൊപ്പം കാട്ടിനടുത്ത് കളിക്കാൻ പോകും. അവരുടെ നാടിന്റെയും കാടിന്റെയും സംരക്ഷകനായി അവിടെ Anhangá എന്നൊരു ആത്മാവ് അവിടെ സദാ സമയവും ഉണ്ടാകും. ഒരു ദിവസം ആൻ അൻഹാംഗയെ കണ്ട് ഭയപ്പെടുന്നു. പക്ഷേ ആ ആത്മാവ് അവളെ ഭയപ്പെടുത്താതെ അവിടെ നിന്നും മാറി പോകുന്നു.' എന്നാൽ പിന്നീടാണ് ആൻ യഥാർത്ഥ ദുരാത്മാക്കളെ കാണുന്നത് - കാടു തീയിട്ട് നശിപ്പിക്കാനെത്തിയ ഏതാനും മനുഷ്യരെ! ട്വിറ്ററിലൂടെ 2019 ൽ എല്ലാവരും കണ്ട ആമസോൺ കത്തിയമരുന്ന വീഡിയോ ആയിരുന്നു അത് . മനുഷ്യ നിർമിതമായിരുന്നു ആ കാട്ടു തീ എന്ന് കാണിച്ചു തരികയാണ Jamary എന്ന ഡോക്യുമെന്ററി.

## 9. മൈനർ ഓഫ് മിന (Miner from Mina)

Josué ഒരു സ്വർണ പരിശോധകനായിരുന്നു. അനാഥ പെൺകുട്ടിയായ ജോസഫിനയുമായി അയാൾ പ്രണയത്തിലാരുന്നു.താൻ ഭാഗ്യവാനാണെന്നും തന്റെ കുടുംബത്തിന്റെ സ്വപ്നം നിറവേറ്റാൻ തനിക്കു സാധിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. ചരിത്ര പ്രാധാന്യമുള്ള മാരിയാന നഗരത്തെ ചിത്രീകരിക്കുന്നതോടൊപ്പം ആഫ്രോ ജനവിഭാഗത്തിന്റെ ഓർമ്മകൾ ചിത്രത്തിൽ എടുത്തു കാണിക്കുന്നു . മൈനിങ്ങുമായി അഭേദ്യമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ ചിത്രീകരണം നടത്തിയിരിക്കുന്നത്.

ബ്രസീലിയൻ സംഗീതജ്ഞനായ Helder da Paixão യും കലാധ്യാപകനായ Pipa Nagô യും അവരുടെ നിരന്തരമായ പഠനങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയും ആഫ്രിക്കയുടെ തനതായ താളവും സംഗീതവും ചിട്ടപ്പെടുത്തിയെടുക്കുന്നു . ബ്രസീലിയൻ സംസ്കാരവും സംഗീതവും സമന്വയിക്കുന്ന ഒരു ഒരു ഡോക്യുഫിക്ഷനാണ് Minar from Mina. ആ ഫ്രോ- ബ്രസീലിയൻ പ്രദേശിക താളങ്ങൾ ഇതിൽ സമന്വയിക്കുന്നു. പാൻഡമിക് കാലത്ത് ഈ സംഗീത ഗ്രൂപ്പ് സംഗീത നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ആ സംഗീതത്തെ ഉൾപ്പെടുത്തിക്കൊണ്ട Minar from Mina എന്ന ഈ ഹ്രസ്വ ചിത്രം നിർമിക്കുകയും ചെയ്തു.

## 10. ക്വീൻ ( Queen)

ബ്രസീലിലെ വൈവിധ്യമാർന്ന ഫോക് ലോർ സംസ്കാരത്തെ പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററിയാണ് ക്വീൻ. ലേഡി റൊസാരിയെ ആദരിക്കുന്ന ചടങ്ങാണ് ഇതിലെ പ്രത്യേകത. “Reinado” എന്നാണ് ആ ചടങ്ങ് അറിയപ്പെടുന്നത്. ബ്രസീലിയൻ സംസ്ഥാനമായ മിനാസ് ജെറൈസിലെ പരമ്പരാഗതവും ഭക്തിനിർഭരവുമായ ഒന്നാണ് ഈ വിശിഷ്ടമായ ചടങ്ങ്.

“ Reinado” എന്ന ഈ പ്രത്യേകമായ ചടങ്ങിൽ നിന്നും കാത്തലിക് ആഫ്രിക്കൻ സംസ്കാരം നമുക്ക് വായിച്ചെടുക്കാം. നിരവധി മനുഷ്യർ രാജാവിനെ പോലെയും രാജ്ഞിയെ പ്പോലെയും വേഷമിടുന്നു. എങ്ങനെയാണ് Sãozinha രാജ്ഞിയായി മാറുന്നത് എന്ന കഥയും ഈ ഡോക്യുമെന്ററി പറഞ്ഞു വയ്ക്കുന്നു.

## 11. ഫ്രൂട്ട്സ് (Fruits)

ബോഡി പൊളിറ്റിക്സിലൂടെ ട്രാൻസ്ജെന്റേഴ്സിന്റെ മാനസിക ശാരീകാവസ്ഥകളും സമൂഹം അവരെ എങ്ങനെ നോക്കിക്കാണുന്നു എന്നതുമാണ് ഈ ചിത്രത്തിലൂടെ സംവിധായകൻ അവതരിപ്പിക്കുന്നത്. ഫ്രൂട്ട് ഒരു പ്രതീകമാണ് . ശരീരത്തെ ഒരു പ്രതിരോധ മാധ്യമമായും ചിത്രത്തിൽ അവതരിപ്പിക്കുന്നു.



# ഇറാനിയൻ സമകാലിക നാടോടി വിജ്ഞാനീയ

## ചലച്ചിത്രങ്ങൾക്ക് ഒരു പ്രാരംഭ രേഖ

**ആൽവിൻ ജേക്കബ് തട്ടിൽ**

ലോക സമാന്തര ചലചചിത്രങ്ങളുടെ തലസ്ഥാനമായി പാകപ്പെട്ടുകൊണ്ടിരിക്കുന്ന രാജ്യമാണ് ഇറാൻ. ജാഫർ പനാഹിയും മെഹ്നാസ് മുഹമ്മദിയിലും തുടങ്ങി എണ്ണമറ്റ കലാ സിനിമ സംവിധായകർ, സുശക്ത മുറിച്ചുമാറ്റൽ (Censorship) നിയന്ത്രങ്ങളുടെ കടമ്പകൾ ചാടികടന്ന്, സുന്ദരമായ കലാസിനിമകൾ അവിടെ നിന്ന് രൂപപ്പെടുത്തുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ സോവിയറ്റ് യൂണിയൻ നേതൃത്വം നൽകിയിരുന്ന സമാന്തര ചലച്ചിത്ര രംഗത്തിന്റെ നേതൃത്വം ഒരു പരിധിവരെ ഇന്ന് ഇറാന് അവകാശപ്പെടാം.


ഇത്തരത്തിൽ ആയിടത്തു നിന്നുള്ള നടോടി വിജ്ഞാനീയ ചലച്ചിത്രങ്ങളെ കൂടി പരിചയപ്പെടുന്നത് പ്രേക്ഷകന്റെ ധൈഷണിക ശേഷിയുടെ വികാസത്തിന് ഉപോൽബലകമാകും. തൃശ്ശൂരിൽ നടത്തപ്പെടുന്ന അന്താരാഷ്ട്ര ഫോക് ലോർ ഫിലിം ഫെസിറ്റവലൽ ഇറാനിൽ നിന്ന് ഡോക്യൂമെന്ററികളും, ഫിക്ഷൻ (ആഖ്യായിക)കളും, ഡോക്യൂ-ഫിക് ഷനും, ആനിമേഷൻ വിഭാഗങ്ങളിലുമായി എണ്ണം പറഞ്ഞ ചലച്ചിത്രങ്ങളുണ്ട്.

ഒമിഡ് ബഗീരി സംവിധാനം ചെയ്ത ദ്വജ് ( choose) ആണ് അതിലെ ഒരു ചലച്ചിത്രം. കൃഷിയിടത്തിലെ തർക്കത്തിൽ ഒരു മനുഷ്യൻ കൊല്ലപ്പെടുന്നു. ഇറാനിൽ കൊലപാതക കുറ്റങ്ങൾക്ക് രണ്ട് സാധ്യതകളാണ് ഉള്ളത്. ഒന്നുകിൽ, ഇരയുടെ ബന്ധുക്കൾക്ക് പ്രതികാരം ചെയ്യാം. അല്ലങ്കിൽ കൊലപാതകിയോട് അവർക്ക് പൊറുക്കാം. ചലച്ചിത്രത്തിൽ ഇബ്രാഹിമിന് തന്റെ അച്ഛന്റെ ഘാതകനെതിരെ ഇത്തരത്തിലുള്ള ദ്വിമുഖ സാധ്യതയിൽ നിന്ന് തിരഞ്ഞെടുപ്പ് നടത്തേണ്ടി വരുന്നു. വി.ഖുറാനും, കഠാരയും, ഇവിടെ ബിംബ സൂചനകളായി ചലച്ചിത്രത്തിൽ പ്രത്യക്ഷപ്പെടുത്തി. ഈ വിരുദ്ധ ദ്വന്ദങ്ങളിൽ ഏത് തിരഞ്ഞെടുക്കും ഇതാണ് ചലച്ചിത്രത്തിലെ കേന്ദ്ര സംഘർഷം. കൊലപ്പുള്ളിയുടെ അച്ഛൻ, ഇരയുടെ വീട്ടിൽ ചെന്ന് പറഞ്ഞ അപേക്ഷകളിൽ, അവർ അനുഭാവപൂർണ്ണമായ മറുപടികളല്ല കൊടുത്തത്. പക്ഷേ അവസാന നിമിഷം, ഇബ്രാഹിം പ്രതിയോട് ക്ഷമിച്ച് വിശ്വസഹോദര്യത്തിന്റെ വീരഗാഥയാക്കി ചലച്ചിത്രത്തെ മാറ്റി തീർക്കുന്നു.

വധശിക്ഷ നിരോധിക്കണോ വേണ്ടയോ എന്ന നൈതിക പ്രശ്നം ഭാരത്തിലും മറ്റ് വികസ്വര രാജ്യങ്ങളിലും ഉയർന്ന് വന്ന് കൊണ്ടിരിക്കുന്ന അവസരത്തിൽ ആ പ്രശ്നത്തിന്റെ നിർദ്ധാരണത്തിലേക്ക് വെളിച്ചം വീശുന്ന ഒരു ചലച്ചിത്രമായി ഈ ചലച്ചിത്രത്തെ വേണമെങ്കിൽ വായിച്ചെടുക്കാം.

ഷാഹിർ ജലാലി സാക്ഷാത്കാരം നിർവ്വഹിച്ച മറ്റൊരു ചലച്ചിത്രമാണ് 'cloudy man'. കൈവിരലിൽ (Termoring) ബാധിച്ച ഒരു വൃദ്ധനായ താക്കോൽ നിർമ്മാതാവിന്റെ കഥയാണ് 'ക്ലൗഡിമാൻ'. രോഗം അയാളെ താക്കോൽ നിർമ്മാണത്തിന് അശക്തനാക്കുന്നു. ഒരു ഉപഭോക്താവ്, അയാളെ തേജോവധം ചെയ്യുകയും അയാൾ നിർമ്മിച്ച താക്കോൽ തിരിച്ചേൽപ്പിക്കുകയും ചെയ്യുന്നു. ചായ കടയിൽ പോലും അയാൾ രോഗം മൂലം അപമാനിതനാകുന്നു. ഡോക്ടറെ തന്റെ രോഗ സൗഖ്യത്തിനായി സമീപിച്ചപ്പോഴും തൃപ്തികരമായ മറുപടിയല്ല ലഭ്യമായത്. ഡോക്ട് പറയുന്നു 'നിങ്ങളുടെ രോഗത്തിന് ചികിത്സയില്ല. നിങ്ങളുടെ കഠിനമാ ജോലി നിങ്ങൾ ഉപേക്ഷിക്കൂ.' ഹതാശനായ അയാൾ തന്നിൽ സുഷുപ്തിയിലാണ്ട മനോവീര്യത്തെ തട്ടിയുണർത്തി, തന്നെ തേജോവധം ചെയ്ത് തിരിച്ചേൽപ്പിച്ച താക്കോൽ നന്നാക്കി, അതിന്റെ ഉടമസ്ഥന്റെ വീട്ടിലെത്തുന്നു. വീട് തുറക്കാത്തതിനാൽ, അൽപ്പം ഔചിത്യരഹിതമായി അത് തുറന്ന് ഉള്ളിൽ കടന്ന, കഥാനായകൻ കാണുന്നത് നിശ്ചേഷ്ടനായി നിര്യാതനായി കിടക്കുന്ന താക്കോൽ ഉടമയെയാണ്.

ജീവിതാവസ്ഥകളുടെ അസ്ഥിരത പ്രഘോഷിക്കുന്ന ചലച്ചിത്രമാണ് ക്ലൗഡിമാൻ. കഥാനായകന്റെ ആദ്യ സന്ദർശനത്തിൽ സമ്പൂർണ്ണ ആരോഗ്യവാനും, വൃദ്ധനായ താക്കോൽ നിർമ്മാതാവായ നായകന്റെ കൈവിറയലിനെ തന്റെ മൂത്തച്ഛന്റെ കൈവിറയിലുമായി താരതമ്യം ചെയ്യുകയും പുകവലിക്കുകയും ചെയ്ത ആരോഗ്യ ദൃഢഗാത്രനായ യുവാവിനെ രണ്ടാം സന്ദർശനത്തിൽ കാണുന്നത് നിശ്ചേഷ്ടനും നിര്യാതനുമായിട്ടാണ്. ഓക്സിജൻ സിലണ്ടർ പോലും ആ മുറിക്കകത്ത് കാണപ്പെടുന്നു. ഇതിനർത്ഥം, മാരകമായ ഒരു അസുഖം, ഒന്ന് രണ്ട് ആഴ്ചക്കിടയിൽ അയാളെ പിടിക്കൂടി എന്നതാണ്. ചലച്ചിത്രത്തിലെ റേഡിയോ സന്ദേശത്തിൽ പറയുന്ന 'ലോകം നശ്വരമാണ്" എന്നത് ഈ ചലച്ചിത്രത്തിന്റെ തന്നെ മൂലസന്ദേശമായി ഭവിക്കുന്നു.




മറ്റൊരു ശ്രദ്ധേയമായ ഉപകഥ യുവാവിന്റെ വീട്ടിൽ കാണുന്ന കൂട്ടിലടച്ച ഒരു ഇണക്കുരുവിയുടെ കഥയാണ്. വൃദ്ധനായ താക്കോൽ നിർമ്മാതാവ് ചോദിക്കുന്നു. 'നിങ്ങളിതന്റെ കൂട് തുറക്കാറുണ്ടോ?" യുവാവ് ഇങ്ങനെ പ്രത്യുത്തരിക്കുന്നു. അത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്, ഞാനതിന് ശ്രമിക്കാറില്ല." യുവാവിന്റെ മരണശേഷം ഒരു തുറസ്സായ സ്ഥലത്തെത്തി ഇണക്കുരുവിയെ കഥാനായകൻ സ്വതന്ത്രമാക്കുന്നു. യഥാർത്ഥത്തിൽ ഇവിടെ സ്വതന്ത്രമാക്കപ്പെടുന്നത്, കഥാനായകന്റെ തന്നെ അപകർഷ ബോധത്തെയും ജീവിത നൈരാശ്യത്തെയും തന്നെയല്ലേ, എന്നത് ചിഹ്നശാസ്ത്ര (semotics) പരമായ അന്വേഷണങ്ങൾക്ക് വിഷയീഭവിക്കുന്ന കാര്യമാണ്.

ഇത്തരത്തിൽ ധ്വനി പ്രധാനമായ ലഘു ചലച്ചിത്രമായതുകൊണ്ടാവാം ടെഹ്റാൻ അന്താരാഷ്ട്ര ഹ്രസ്വ ചലച്ചിത്രമേളയിലൂം ഗ്രാന്റ് ഒ എഫ് എഫ് സ്വതന്ത്ര ചലച്ചിത്രമേളയിലും, പാമെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലും, ഇറാനിയൻ ഹ്രസ്വ ചലച്ചിത്ര അക്കാദമി അവാർഡിലും തുടങ്ങി, 12 ഓളം ചലച്ചിത്രോത്സവങ്ങളിൽ ഈ ചലച്ചിത്രം തെരഞ്ഞെടുക്കപ്പെട്ടത്.

ശബ്ദപഥത്തിലെ നവീനതയാണ് ഈ ഘഘലു ചലച്ചിത്രത്തിന്റെ മറ്റൊരു സവിശേഷത. അപൂർവ്വമായ ചില ചെറിയ സംഭാഷണ ശകലങ്ങളും ലഘുവായ ഉപകരണ സംഗീതവും ഒഴിച്ചു നിർത്തിയാൽ, ഈ മന്ദമാരുത ശബ്ദത്താൽ മുഖരിതമാണ് ശബ്ദപാഠം. കഥാനായകന്റെ കൈവിറയുടെ (Termoring) ശബ്ദാനുബന്ധമായി ഈ ശബ്ദപഥം രൂപാന്തരപെടുന്നു. തീർത്തും ശ്രദ്ധേയവും , നവീനത്വവുമുള്ള ഇറാനിൻ ചലച്ചിത്രമാണ് 'ക്ലൗഡിമാൻ' എന്നത് നിസംശയം പ്രസ്താവിക്കാവുന്ന വസ്തുതയാണ്.

താജിക്കിന്റെ 'Days of Ignorance' ആണ്. തദ്ദേശീയമായ പരമ്പരാഗത സാങ്കേതിക വിദ്യ ഉപയോഗിച്ച് തൊപ്പിയുണ്ടാക്കുന്ന നെയ്സഹബൂറിലെ അവസാന കരകൗശല വിദഗ്ദനായ അലി മുഹമ്മദിന്റെ ജീവിതകഥയുടെ ഡോക്യുമെന്ററിയാണ് ഈ ചലച്ചിത്രം. യന്ത്രവത്കരണത്തിന്റെയും നിർമ്മിത ബുദ്ധിയുടേയും കടന്നുവരവോടെ വിസ്മൃതിയിലാകുന്ന നമ്മുടെ തദ്ദേശീയ സാംസ്കാരിക വ്യവസായിക നിർമ്മിതികളുടെ ഒരു ഓർമ്മപ്പെടുത്തൽ ഈ ഡോക്യുമെന്ററി വിഷയീഭവിപ്പിക്കുന്നു.

ഒപ്പം വയോജന പരിപാലന രംഗത്ത്, ഇറാനിലും ലോകമാകെയും നിലവിലിരിക്കുന്ന കാരുണ്യരഹിതമായ ജീവിതാവസ്ഥകളുടെ ചിത്രീകരണവും, ഈ ചലച്ചിത്രം നടത്തുന്നു.

ജീവിത സായാഹ്നത്തിൽ വിശ്രമജീവിതം നയിക്കേണ്ട സമയത്ത് തന്റെ ജീവിതായോധനത്തിൽ ഏകനായി ഏർപ്പെട്ടിരിക്കുന്ന അലി മുഹമ്മദ് എന്ന ഈ കർമ്മയോഗി. പാർശ്വവത്കരിക്കപ്പെട്ട ജീവിതങ്ങളുടെ ഒരു പ്രതിനിധി തന്നെ.

പതിഞ്ഞ താളത്തിലുള്ള പശ്ചാത്തല സംഗീതവും, അലി മുഹമ്മദിന്റെ ദിനക്രമത്തിന്റെ യഥാതഥ (Realistic) ചിത്രീകരണവും ഈ ഡോക്യുമെന്ററിയുടെ നിലവാരം ഉന്നത വിതാനത്തിലേക്കുയർത്തുന്നു.

മഹദിയേഷ് ഷാജരിയാൻ സംവിധാനം നിർവ്വഹിച്ച മറ്റൊരു ചലച്ചിത്രമാണ് 'Dehbara Ftab village ' ഇറാനിലെ അനധികൃത മൃഗവേട്ടക്കാരുടെ വിവേചനശേഷിയില്ലാത്ത പെരുമാറ്റത്തിന് ഇരയാകേണ്ടിവരുന്ന സാധാരണക്കാരുടെ കഥ പറയുന്ന ചലച്ചിത്രമാണിത്. ഒരു വിവാഹഘോഷയാത്ര ഒരു വയലിൽ എത്തിപ്പെടു



**മഹദിയേഷ് ഷാജരിയാൻ സംവിധാനം നിർവ്വഹിച്ച മറ്റൊരു ചലച്ചിത്രമാണ് 'Dehbara Ftab village ' ഇറാനിലെ അനധികൃത മൃഗവേട്ടക്കാരുടെ വിവേചനശേഷിയില്ലാത്ത പെരുമാറ്റത്തിന് ഇരയാകേണ്ടിവരുന്ന സാധാരണക്കാരുടെ കഥ പറയുന്ന ചലച്ചിത്രമാണിത്.**

ന്നു. അനധികൃത മൃഗവേട്ടക്കാരൻ വളരെ ദൂരെ നിന്ന് സർപ്പ സാന്നിദ്ധ്യം ഊഹിച്ച് അതിന്റെ മാംസത്തിനായി വെടിവെയ്ക്കുന്നു. നിർഭാഗ്യവശാൽ ഇത് ചെന്ന് കൊള്ളുന്നത് വരന്റെ ശരീരത്തിലും വരൻ തൽക്ഷണം ചരമമടയുന്നു. ഇതാണ് ചലച്ചിത്ര കഥാസാരം.

ഈ ചലച്ചിത്രത്തിന്റെ ദൃശ്യപഥം ഏറെ വ്യത്യസ്തവും, പുതുമയുള്ളതുമാണ്. ദൃശ്യങ്ങളിൽ ഗ്രയിൻസ് കലർത്തി അവ്യക്തത വരുത്തിയിരിക്കുന്നു. വിവാഹഘോഷ യാത്രയും, വരന്റെ ബാല്യകാലവുമെല്ലാം ആനിമേഷൻ ചലച്ചിത്രത്തിന്റെ ദൃശ്യമാർഗ്ഗം സ്വീകരിച്ചിരിക്കുന്നു.

നാടോടി വിജ്ഞാനശാഖയെ ചിത്രീകരിക്കാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം, ആനിമേഷനാണെന്ന് പലപ്പോഴും കേൾക്കാറുണ്ട്. പക്ഷേ ഇവിടെ അവ്യക്ത ദൃശ്യപഥത്തിന്റെയും ആനിമേഷന്റെയും സംയുക്ത രൂപം ആവിഷ്കൃതമാകുന്നു. തേങ്ങലുകളും, വിലാപങ്ങളും ചിത്രീകരിക്കുമ്പോഴാണ് ഈ അവ്യക്ത ദൃശ്യപഥം എന്നത് ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണ്. ദുരന്തങ്ങളെ ആഘോഷങ്ങളാക്കി മാറ്റുന്ന ബഹുജന മാധ്യമ സംസ്കാരത്തിന് അപവാദമാണ് ഇത്തരമൊരു ദൃശ്യഘടന തിരഞ്ഞെടുപ്പ്.

എന്തായാലും ഈ ഡോക്യുമെന്ററി ചലച്ചിത്രം ശില്പഘടന (craft) യുടെ വൈചിത്രം കൊണ്ടും നവീനത കൊണ്ടും തന്റെ കയ്യൊപ്പ് ചാർത്തുന്നു.

അർഷിയ സെയിനലി ഒരുക്കിയ ചലച്ചിത്രമാണ് 'How should one wait for godot' 20-ാം നൂറ്റാണ്ടിലെ ആഗലേയ നാടകസാഹിത്യത്തിലെ ഏറ്റവും സുപ്രധാന കൃതിയായ 'ഗോദയെ കാത്ത്' എന്ന സാമുവൽ ബക്കിന്റെ നാടകത്തിന്റെയും, അദ്ദേഹത്തിന്റെ മറ്റൊരു കൃതിയായ 'ദി എൻഡ് ഹെയിമി' ന്റെയും കാലോചിതമായ ചലച്ചിത്ര വിവർത്തനമാണ്. 'ഹൗ ഷുഡ് ഐ വെയിറ്റിങ് പോർ ഗോദോ' , ഗോദോയെ കാത്ത് വിവിധ ഇടങ്ങളിൽ രണ്ടുപേരുടെ ഇരിപ്പും, ഒരു സന്ദേശവാഹകൻ വന്ന് ഗോദെ ഇന്ന് വരില്ല എന്ന് അറിയിക്കുന്നതുമാണ്. ആദ്യ അഞ്ച് ചലച്ചിത്ര ഖണ്ഡങ്ങളുടേയും ഉള്ളടക്കം അവസാന ഖണ്ഡത്തിൽ ഗോദയെ ഞാൻ മേൽപടിയിൽ വെച്ച് കണ്ടെന്ന് തോന്നുന്നു എന് പറയുകയും, ഒരു മരം വളരുന്നതുവരെ ഗോദയെ കാത്തിരിക്കാൻ അവർ തീരുമാനമെടുക്കുന്നിടത്ത് ചലച്ചിത്രം സമാപ്തമാകുകയും ചെയ്യുന്നു.


യഥാർത്ഥത്തിൽ ആരാണ് ഈ ഗോദെ? അയാളെ എന്തിനാണ് കാത്തിരിക്കുന്നത്? ചലച്ചിത്രം കണ്ടിറങ്ങുമ്പോൾ ഒരു സന്ദേഹം മനസ്സിലുണ്ടാവും. ധ്വനി പ്രധാനമായും ചിഹ്നശാസ്ത്രപരമായും കാര്യങ്ങൾ

പറയുന്ന ചലച്ചിത്രങ്ങളുടെ രസാനൂഭൂതിക്ക് ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാലെ ചലച്ചിത്രം ആസ്വാദകരമാവൂ.

സംവിധായകൻ അർഷി സെയിനലി, ചലച്ചിത്രത്തെ കുറിച്ച് പരാമർശിക്കുമ്പോൾ അത് സമകാലിക ലോകത്തിന്റെ ഒരു പ്രതീകമായാണ് ആവിഷ്കൃതമായിരിക്കുന്നത് എന്ന് പറയുന്നുണ്ട്. ലോകം ഇന്ന് പഥ്യമില്ലാത്ത ഒരു സ്വതന്ത്രപതനാവസ്ഥയിലാണ്. ഉത്തരാധുനിക മനുഷ്യൻ ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടിരിക്കുന്നു. ദുര മൂത്ത അവർ, തങ്ങളുടെ അന്ധമായ നയപരിപാടികളിലൂടെയും വ്യവസായ നിക്ഷേപത്തിലൂടെയും ഭൂമിയിലെ മറ്റ് സചേതന ജീവരൂപങ്ങളെയെല്ലാം വംശനാശത്തിലേക്ക് നയിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ മനുശ്യവംശം, ഇതിൽ നിന്നൊരു വിവമോചനമാർഗ്ഗം കണ്ടെത്തിയില്ലെങ്കിൽ, അതിനെ രക്ഷിക്കാൻ മറ്റൊരു രക്ഷകനും ഉദയം ചെയ്യുകയില്ല. യവന പുരാണങ്ങളിലെ സീസിഫസിനെ പോലെ, മനുഷ്യവംശം അന്തമില്ലാതെ കാത്തിരിക്കുന്നത് അർത്ഥശൂന്യമാണ്. നമ്മൾ അവസാന രംഗത്തിൽ പ്രവർത്തനോൻമുഖരാകേണ്ട സമയം വന്നിരിക്കുന്നു. ഈയൊരു ചരിത്ര സന്ധിയുടെ പ്രാധാന്യം വേണ്ടവിധം മനസ്സിലാക്കിയാലെ ചിത്രം ആസ്വാദ്യകരമാകൂ.

ആദ്യം അദ്ധ്യായമായ 'മത്സ്യങ്ങളിൽ' കുളത്തിൽ ചൂണ്ടയിടുന്ന ഒരു വൃദ്ധ കഥാപാത്രവും 'How should I wait for godot' എന്ന ഘനഭീമ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന ബക്കറ്റ് എന്ന പടു വൃദ്ധനും പ്രത്യക്ഷപ്പെടുന്നു. 'നിങ്ങൾക്ക് ഇവിടെ നിന്ന് മത്സ്യങ്ങൾ ലഭിക്കില്ല' എന്ന പടു വൃദ്ധൻ പറയുന്നിടത്തെ ധ്വനി എന്താണ് ? മത്സ്യങ്ങളുടെയും ജല ജീവികളെയും വംശനാശത്തിലേക്ക് തള്ളി വിടുന്ന വിഭവ ചൂഷണത്തിന്റെ സൂക്ഷമ വിമർശനമല്ലേ അവിടെ തെളിയുന്നത് എന്നത് ചിന്തോദ്ദീപകമാണ്.

ഇവിടെ പ്രത്യക്ഷപ്പെടുന്ന ബക്കറ്റ് എന്ന ഗ്രന്ഥപാരായണ കുതുകിയായ പടുവൃദ്ധൻ ശാസ്ത്ര ബുദ്ധിജീവി വർഗ്ഗത്തിന്റെ പ്രതിനിധയാണെന്ന് നമുക്ക് ഊഹിക്കാം. അലസനായ വൃദ്ധനോ സാമാന്യ ജനത്തിന്റെ പ്രതിനിധിയും, ഇരുവരും മാറ്റത്തിനുപയുക്തമായ രീതിയിലുള്ള പ്രവർത്തനങ്ങളിൽ





ഏർപ്പെടുന്നില്ല. കെട്ടുകാഴ്ചകളായി മാറുന്ന കാലാവസ്ഥ ഉച്ചകോടികൾ, കാര്യമായ തീരുമാനങ്ങളില്ലാതെ പരിസമാപ്തമാകുന്നതിനു പിന്നിൽ, ധൈഷണിക ലോകത്തിന്റെയും, സാമാന്യ ജനത്തിന്റെയും ഇതികർത്തവ്യമൂഢത്വമല്ലാതെ മറ്റൊരു കാരണം കണ്ടെത്താൻ എളുപ്പമല്ലല്ലോ.

രണ്ടാം അദ്ധ്യായമായ 'മരങ്ങളിൽ' കടപുഴയിയ മരങ്ങൾ ഏറെയുള്ള ഒരു നദിയിലാണ് ഇരുവരും ഗോദയെ കാത്തിരിക്കുന്നത്. വനനശീകരണത്തിന്റെ സുചിത ചിഹനമായ, വൃക്ഷക്കുറ്റികൾ ഇവിടെ ചലച്ചിത്രത്തിൽ തെളിയുന്നു. ഇവിടെ സന്ദേശവാഹകനെത്തുന്നത്, കോവിഡ് കാലത്തെ രോഗി പരിചാരകരുടെ വസ്ത്രത്തിന് സമമായ വസ്ത്രമിട്ടാണ്. അതിരുകടന്ന പാരിസ്ഥിതിക ആക്രമണോത്സുകതയാണ് പല പകർച്ചവ്യാധികൾക്കും കാരണമെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞൻ കോവിഡ് മഹാമാരി പൊട്ടിപുറപ്പെട്ടപ്പോൾ പറയുകയുണ്ടായല്ലോ. സ്വയം രക്ഷയ്ക്ക് അരിവാളും ചുറ്റികയും കയ്യിൽ കരുതുന്ന, കുരിശിന് സമാനമായ രൂപം കഴുതയുടെ സ്മരണയ്ക്കായി കെട്ടിയുണ്ടാക്കുന്ന വൃദ്ധ കഥാപാത്രം കടന്നുപോയ സഹസ്രാബ്ദങ്ങളിലെ വിമോചന സ്വപ്നങ്ങളെ കൂചിതമാക്കുന്നു.

അടുത്ത അദ്ധ്യായം 'ധ്രുവ കരടി'യുടെതാണ്. പ്ലാസ്റ്റിക് മാലി

ന്യങ്ങളടക്കമുള്ള അജൈവ മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും കൂടികുഴഞ്ഞ് ദുർഗന്ധമയമായ ഒരു സ്ഥലത്താണ് അടുത്തതായി ഇരുവരും കാത്തിരിക്കുന്നത്. ഇത് അശാസ്ത്രീയ മാലിന്യ സംസ്കരണ പ്രക്രിയയെ ഉദ്ഭൂതമാക്കുന്നു. അവിടെ സന്ദേശവാഹകൻ എത്തുന്നത്, പരാദ ജീവികളെ അകറ്റാനുള്ള പുക കെണിയുമായാണ്. മാലിന്യങ്ങളുടെ സുസ്ഥിര സംസ്കരണത്തിന് പകരം താൽക്കാലിക പരിഹാരങ്ങളിലാണ് മനുഷ്യവംശത്തിന്റെ ശ്രദ്ധ എന്ന് ഈ രംഗം ചൂണ്ടികാട്ടുന്നു.

നാലാം അദ്ധ്യാമായ 'എണ്ണ'യിൽ ഒരു റെയിൽവേ പണിശാല എന്ന് തോന്നിപ്പിക്കുന്ന പ്രദേശത്ത്, ഒരു തീവണ്ടി പാളത്തിൽ 2 വൃദ്ധരും കാത്തിരിക്കുന്നു. ഇവിടെ തീവണ്ടി ഒരു ബിംബമായി മാറുന്നു. ജെയിംസ് വാട്ടിന്റെ ആവിയന്ത്രമാണല്ലോ പരിഷ്കരിച്ച് തീവണ്ടിയായി മാറുന്നത്. കാർബൺ ഉത്സർജനത്തിൽ തന്ത്രപ്രധാനമായ പങ്ക് കൽക്കരി ഉൾപ്പെടെയുള്ള ഖനിജ ഇന്ധങ്ങൾക്കുണ്ട്. ഇവിടെ തീയ്ക്കായി കൂട്ടിയിട്ടിട്ടും അത് കത്തിക്കാതിരിക്കുന്ന കഥാപാത്രം സമീപഭാവിയിൽ നടപ്പിലാക്കേണ്ട കാർബൺരഹിത സമ്പദ്വ്യവസ്ഥയെ ദ്യോതിപ്പിക്കുന്നു.




അഞ്ചാമദ്ധ്യായമായ 'തിമിംഗലങ്ങൾ' നടക്കുന്നത് ഒരു കടൽകരയിലാണ്. ആഴ കടലിൽ കാണുന്ന തിമിംഗലങ്ങളെ പുറങ്കടലിൽ കാണുന്ന രീതിയിലേയ്ക്കു സമുദ്ര പാരിസ്ഥിതികാവസ്ഥ മാറിയ ഒരു ഭാവി കാലത്തിലാണ് കഥ നടക്കുന്നത്. തിമിംഗലങ്ങളെ കണ്ട് ഞാനത് പർവ്വതങ്ങളാണ് എന്ന് കരുതി എന്ന് പറയുന്ന വൃദ്ധൻ ദ്യോതിപ്പിക്കുന്നതും സമുദ്രനിരപ്പുയർത്തുന്ന അസാധാരണ പ്രശ്നങ്ങൾ തന്നെ.

അവസാന അദ്ധ്യായമായ 'എൻഡ്ഗെയിമിൽ' വൃദ്ധ കേന്ദ്ര പാത്രം, പുസ്തക പ്രേമിയായ പടു വൃദ്ധനോട് ഇങ്ങനെ പറയുന്നു. 'രക്ഷകനായ ഗോദെയ കാത്ത് ഞാൻ മുടത്തു കഴുമരത്തിൽ എന്നെ താങ്കൾ അനുഗമിക്കണം.' ഞാൻ ഗോദോയെ കോണിപടിക്ക് മുകളിൽ വെച്ച് കണ്ടെന്ന് തോന്നുന്നു എന്നും, നമുക്കീ മരം വളരുന്നതുവരെ അവനായി കാത്തിരിക്കാം എന്നും പുസ്തക പ്രേമി പറയുന്നിടത്ത് അതീന്ദ്രീയവും, അതിഭൗതികവുമായ ശക്തികളുടെ പ്രവർത്തനത്തേയും അണയാത്ത പ്രതിക്ഷയേയും അത് വിഷയീഭവിപ്പിക്കുന്നു.

സാമുവൽ ബക്കറ്റിന്റെ 2 നാടകങ്ങളേയും കാലാനുസൃതമായി പുതുക്കി പണിതതുകൊണ്ടാകാം, ടെഹ്നൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിലും, മോസ്കോ ഷോട്ട്സ് മേളയിലും , ഐ.എസ്.എഫ്.എ. അവാർഡിലുമെല്ലാം ഈ ചലച്ചിത്രം ശ്രദ്ധിക്കപ്പെട്ടത്.

ഹുസൈൻ മൊറാഡിസഡേഹ് സാക്ഷത്കാരം നിർവ്വഹിച്ച ചലച്ചിത്രമാണ്. 'Gilgamesh ' മനുഷവംശത്തിന്റെ ഏറ്റവും പുരാതമായ ഇതിഹാസ കാവ്യമാണ് ഇറാനിയൻ ഇതിഹാസ കാവ്യമായ 'ഗിൽഗമേഷ്.' 2700BC യിൽ എഴുതപ്പെട്ട ഈ ഇതിഹാസത്തിന്റെ സാര സംഗ്രഹം 11 പട്ടിക (table) ളിലായി ആനിമേഷൻ രൂപത്തിൽ ഈ ചലച്ചിത്രത്തിൽ വിരചിതമാക്കുന്നു. അമരത്വത്തെ തേടുന്ന മനുഷ്യവിധയിയുടെ ഒരു വീരഗാഥയാണ് ഗിൽഗമേഷ്. ഉറൂഖ് നഗരത്തിന്റെ പ്രസിദ്ധനായ നായകനാണ് ഗിൽഗമേഷ്. ഉറൂഖ് നഗരം സുമേറിയക്കാരുടെ മെസപൊട്ടോമിയ പ്രദേശത്ത് പെടുന്ന നഗരമാണ്. ഗിൽഗമേഷ്, അർദ്ധ-ദിവ്യ, അർദ്ധ-മനുഷ്യകഥാപാത്രമാണ്. അദ്ദേഹം അമരത്വത്തിന് വേണ്ടി ജീവിതകാലം മുഴുവൻ ശ്രമിക്കുന്നു.

പക്ഷേ പലതവണ പരാജയപ്പെടുന്നു. പക്ഷേ ക്രമേണ അമരത്വ ലബ്ധിയുള്ള ഒരു ചെടി അയാൾ കണ്ടെത്തുന്നു. പക്ഷേ ഒരു സർപ്പം അത് അയാളിൽ നിന്ന് തട്ടിയെടുക്കുന്നു.


സംഭവബഹുലമായ ഈ കഥയെ 10 മിനിറ്റ് മാത്രമുള്ള ഒരു അനിമേഷൻ ചലചിത്രമാക്കാൻ കാട്ടിയ ഈ ധീരതയായിരിക്കും ഈ ചലച്ചിത്രം ഇന്ത്യയിലെ സാംസ്കാരിക ചലച്ചിത്രോത്സവത്തിൽ സാന്നിദ്ധ്യമറിയിക്കാൻ ഇടയാക്കിയത്. അവിടെ മികച്ച മിത്തോളജിക്കൽ ചലച്ചിത്രത്തിനുള്ള പുരസ്കാരം ഗിൽഗമേഷ് സ്വന്തമാക്കുകയും ചെയ്തു.

കസാര യസാദിനി, ഗോർലഖ് ഹേമട്ടി എന്നിവർ അണിയിച്ചൊരുക്കിയ 2 മിനിറ്റ് മാത്രം ദൈർഘ്യമുള്ള ഒരു ചലച്ചിത്രമാണ് 'Ruined Arbor'. ഇതിലെ സംഗീതത്തിൽ കഷ്ടാവസ്ഥയിലായ ഒരു മേൽക്കൂരയ്ക്ക് താഴെയിരുന്ന് ഒരു പെൺകുട്ടി പരവതാനി നെയ്യുന്നതിനെ കുറിച്ചുള്ള ഒരു പുരാതന ഇറാനിയൻ കവിത ഉപയോഗിച്ചിരിക്കുന്നു. ചലച്ചിത്രത്തിൽ പകർത്തപ്പെട്ടിരിക്കുന്ന പരവതാനികളുടെ ചിത്രങ്ങൾ വംശീയമായ ഇറാനിയൻ പരവതാനികളുടേതാണ്, ചലച്ചിത്രത്തിൽ പരവതാനികൾ പ്രത്യക്ഷപ്പെടുന്നത് അനുസ്യൂതമായ സമമിതി (Symmetrical) രൂപത്തിലാണ് .

ന്യൂട്ടന്റെ വർണപമ്പരത്തെ അനുസ്മരിപ്പിക്കുന്ന തരത്തിൽ അഗ്രാഹ്യമായ ഒരു ഭൗതികബന്ധം പരവതാനി ചിത്രങ്ങൾ തമ്മിൽ കണ്ടെത്താം.

മുഹമ്മദ് റൗസൽ ജഫാരി സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'Routine' അതിതീവ്രമായ സ്ത്രീമർദ്ദക സ്വഭാവത്തോടു കൂടിയ ഒരു ഭരണകൂടമാണ് ഇറാനിൽ നിലവിലിരിക്കുന്നതെന്ന് അവിടെ നിന്ന് ലഭിക്കുന്ന വാർത്തകളിൽ നിന്ന് സുവിദിതമായ കാര്യമാണല്ലോ. ഈ ഭരണകൂടം മർദ്ദനത്തിന് എതിരെയുള്ള പ്രതിഷേധസ്വരമാണ് 'Routine' എന്ന ചലച്ചിത്രം.

ഒരു മൈമിന്റെ ആഖ്യാനഭാഷയാണ് ഈ ചലച്ചിത്രം സ്വീകരിച്ചിരിക്കുന്നത്. പ്രസവവേദനയുടെ പ്രതീകാത്മക ചിത്രീകരണത്തോടെ തുടങ്ങുന്ന മൈം അവതരണം പലവിധ മർദ്ദക ദൃശ്യങ്ങൾ അവതരിപ്പിച്ച ശേഷം, നുകവാഹകരാകേണ്ടി വരുന്ന സ്ത്രീകളുടെ രംഗമെത്തുമ്പോൾ ചലച്ചിത്രത്തിന്റെയും മൈമിന്റെയും സംഘർഷം അതിന്റെ




**ഹുസൈൻ മൊറഡിസഡേഹ് സാക്ഷത്കാരം നിർവ്വഹിച്ച ചലച്ചിത്രമാണ്. 'Gilgamesh ' മനുഷവംശത്തിന്റെ ഏറ്റവും പുരാതമായ ഇതിഹാസ കാവ്യമാണ് ഇറാനിയൻ ഇതിഹാസകാവ്യമായ 'ഗിൽഗമേഷ്.' 2700BC യിൽ എഴുതപ്പെട്ട ഈ ഇതിഹാസത്തിന്റെ സാരസംഗ്രഹം 11 പട്ടിക (table) ളിലായി ആനിമേഷൻ രൂപത്തിൽ ഈ ചലച്ചിത്രത്തിൽ വിരചിതമാക്കുന്നു. അമരത്വത്തെ തേടുന്ന മനുഷ്യവിധയിയുടെ ഒരു വീരഗാഥയാണ് ഗിൽഗമേഷ്. ഉറുഖ് നഗരത്തിന്റെ പ്രസിദ്ധനായ നായകനാണ് ഗിൽഗമേഷ്.**

പരമാവധിയിൽ എത്തുന്നു.

നുകം വഹിക്കാൻ കഴിയാതെ തളർന്ന് വീഴുന്ന സ്ത്രീകൾ, ദ്യോതിപ്പിക്കുന്നത്, ഭരണകൂടത്തിന്റെ സാംസ്കാരിക നയമാകുന്ന നുകം വഹിക്കാനാകാതെ തളർന്നു വീഴുന്ന ഇറാനിയൻ സ്ത്രീ സമൂഹത്തെയല്ലേ എന്നത് ചിന്തിപ്പിക്കുന്നത വസ്തുതായ വശേഷിക്കുന്നു.

ഒടുവിൽ വാഹക നുകം തന്നെ പൊട്ടിതുകുകയും, വാഹകവസ്തു നിലത്തടിച്ചു വീഴുകയും ചെയ്യുന്ന ഘട്ടമെത്തുമ്പോൾ മൈം പരിസമാപ്തിയിൽ എത്തുന്നു.

അപ്പോഴാണ് ഛായാഗ്രാഹിണി മൈം വീക്ഷിക്കുന്ന പ്രേക്ഷകരിലേക്ക് തിരിക്കുന്നത്. അവിടെ അത് കാണാൻ ഒരു ഏകാങ്ക അന്ധപ്രേക്ഷകനെ ഉള്ളൂ. ഇറാനിയൻ പുരുഷവർഗ്ഗത്തിന്റെയും ഇറാനിയൻ കലാസ്വാദകേരുടേയും, ഒരു പ്രതിനിധിയാണ് ഇവിടെ അന്ധപ്രേക്ഷകൻ. കലാകാരൻമാരും സാംസ്കാരിക പ്രവർത്തകരും ഉയർത്തുന്ന സ്ത്രീമർദ്ദനത്തിനെതിരെയുള്ള തങ്ങളുടെ കലാവിഷ്കാരങ്ങൾ, അവർ വീക്ഷിക്കുന്നുണ്ടെങ്കിലും അത് ഇറാനിയൻ സാംസ്കാരിക ജീവിതത്തിൽ ഒരു മാറ്റവുണ്ടാക്കാതെ മുന്നോട്ട് പോകുന്നു. ഈയൊരു സത്യം ധ്വനിപൂർണ്ണമായി അവതരിപ്പിക്കുന്നതിൽ സംവിധായകൻ വിജയിച്ചിരിക്കുന്നു.ഇറാനിയൻ സ്ത്രീവർഗ്ഗ വിമോചന സ്വപ്നങ്ങളുടെ ഉത്തമ പ്രക്ഷേപിണിയായി യുവ സംവിധായകനായ റൗസൽ ജഫാരിയുടെ 'Routine' എന്ന ചലച്ചിത്രം മാറുന്നു.

അക്ബർ ഷാഹബാസി സംവിധാനം ചെയ്ത ഒരു കാരുണ്യവധത്തിന്റെയയോ, കൊലപാതകത്തിന്റേയോ കഥയാണ് 'കെഫ്സാൻ' പറയുന്നത്. ഒരു തീവ്ര ശൈത്യ പ്രദേശത്ത് ചുമട്ട് തൊഴിൽ ചെയ്യുന്ന ഇതിലെ കേന്ദ്ര കഥാപാത്രമാണ് 'കെഫ്സാൻ'. അവരുടെ ഭർത്താവ് റഹ്മാൻ അനധികൃതമായി രാജ്യാതിർത്തി കടക്കുമ്പോൾ അരക്കെട്ടിൽ സൈന്യത്തിന്റെ വെടിയുണ്ടയേറ്റ് കിടപ്പിലാകുന്നു. കുടുംബത്തിന്റെ ഭാരം കെഫ്സാൻ എന്ന അയാളുടെ ഭാര്യയിൽ നിക്ഷിപ്തമാവുന്നു. റഹ്മാന്റെ കുടുംബ സ്വത്തായ ശീതികരണി തന്റെ സ്വന്തം വീട്ടിൽ എത്തിക്കുന്ന കെഫ്സാനെ തേടി, റഹ്മാന്റെ പിതാവ് എത്തുന്നു. ശീതികരണി ( Refrigerator ) തിരികെ ആവശ്യപ്പെടുന്നു. യഥാർത്ഥത്തിൽ റഹ്മാനെ പട്ടാളത്തിന് ഒറ്റുകൊടുത്ത, ജാബറിനു വേണ്ടിയാണ് പിതാവ് ഇത് ആവശ്യപ്പെടുന്നത്. റഹ്മാന്റെ ഔഷധങ്ങൾ സൂക്ഷിക്കാൻ അത്യാവശ്യമായ ഒരു അടിസ്ഥാന സൗകര്യം പോലും തിരികെ ആവശ്യപ്പെടുന്ന റഹ്മാന്റെ പിതാവിന്റെ കാരുണ്യരാഹിത്യം

കെഫ്സാനെ വിറളിപിടിപ്പിക്കുന്നു. പക്ഷേ റഹ്മാന്റെ തന്നെ രഹസ്യമായി പിതാവിനോട്, കൊല്ലാൻ ആവശ്യപ്പെടുന്നു. അതയാൾ നിർവ്വഹിക്കുകയും ശീതികരണി തിരികെകൊണ്ടു പോകുകയും ചെയ്യുന്നിടത്ത് ചലച്ചിത്രം പരിസമാപ്തമാക്കുന്നു. ഭർത്താവ് കിടപ്പിലാകുകയോ, തൊഴിൽ രഹിതരാകുകയോ ചെയ്യുന്ന അനേകം കുർദിഷ് യുവതികൾ ഇറാനിലുണ്ട്. അവരുടെ ജീവിതവ്യഥകൾ ചിത്രീകരിക്കുന്നതോടൊപ്പം, കാരുണ്യവധത്തിന്റെ ശരി, തെറ്റുകൾ ഈ ചലച്ചിത്രം ചർച്ചാവിയമാകുന്നു.

അടുത്തിടെ സുപ്രസിദ്ധ ചലച്ചിത്ര സംവിധായകനായ ഗോദാർദ് പോലും സ്വിറ്റ്സർലന്റിലെ പ്രത്യേക നിയമത്തിന്റെ പരിരക്ഷയിൽ കാരുണ്യവധം സ്വയം വരിക്കുകയാണ് ഉണ്ടായത്. താൻ ഒരു ഉപയോഗശൂന്യ വ്യക്തിയാണെന്ന്, ഒരു കിടപ്പുരോഗിക്ക് തോന്നുന്നിടത്ത് അയാളുടെ ജീവൻ അവസാനിപ്പിക്കാൻ നാം അനുവദിക്കണോ എന്ന ഈ ചലച്ചിത്രം ചോദിക്കുന്നു.ഒപ്പം കെഫ്സാനെ പോലെ ഭർത്താവ് ശയ്യാവലംബിയായ സ്ത്രീകൾക്ക് സാമൂഹികമായ കരുതലും സാമ്പത്തിക സുസ്ഥിതിയും ഇറാനിലും ലോകമെങ്ങും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും ഈ ചലച്ചിത്രം ഉദ്ഘോഷിക്കുന്നു.

ചലച്ചിത്രം ബാല്യവിഹാഹത്തേയും പ്രശ്നവത്കരിക്കുന്നുണ്ട്. ശീതികരണി ജാബറിന് സ്ത്രീധനമായി കിട്ടിയതാണെന്ന് അതുകൊണ്ട് അത് തിരികെ കൊടുക്കണം എന്ന് പറയുന്നിടത്ത്, റഹ്മാന്റെ മറുചോദ്യം, ആ വിവാഹിത വധുവന്റെ പ്രായം 9 വയസ്സല്ലേ എന്നാണ്. പല വികസ്വര, അവികസിത രാജ്യങ്ങളിലും മതത്തിന്റെ തൂലികാനാമത്തിൽ നടത്തപ്പെടുന്ന ഈ സാമൂഹിക തിന്മക്കെതിരെയുള്ള റഹ്മാന്റെ മറു ചോദ്യം ചലച്ചിത്രകാരന്റെ ചോദ്യം തന്നെയാണ്.

പൊതുവെ മതാധിപത്യം പുഷ്കലമായ ഇറാനിൽ ഇത്രയും പരുക്കനായ സാമൂഹിക വിമർശന ചലച്ചിത്രം കലാപരമായി അവതരിപ്പിക്കുന്നതിൽ സംവിധായകൻ അക്ബർ ഷഹബാസി വിജയിച്ചിരിക്കുന്നു.

പിന്നീട് ഹാനി നജിം എന്ന സർവകലാശാല അദ്ധ്യാപകനായ ചിത്രകാരനെ കുറിച്ചുള്ള ഡോക്യുമെന്ററി ചലച്ചിത്രമാണ് മഹദീഷ് ഷാജരിയാൻ സംവിധാനം ചെയ്ത 'Life Regained'




**മരിയാമ് വേസ്മൊറാദിയും, ഈദ് അബൂടാൽബിയും ചേർന്ന് ,സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'Loulian'. ഈ ചലച്ചിത്രം ഒരു നൃത്ത സംഗീത ശില്പമാണ്. റൂമിയുടെ പ്രശസ്തമായ 'ജിപ്സി ' കവിതയെ സ്വതന്ത്രമായി ഉത്തരാധുനിക കാലത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാതലത്തിൽ പുനരാവിഷ്കരിക്കുന്ന ചലച്ചിത്രമാണ Loulian'.**

ചെറിയ പെട്ടി പാത്രങ്ങളിൽ തുടങ്ങുന്ന അദ്ദേഹത്തിന്റെ ചിത്രരചനാവതരണം തുടർന്ന് ചുമർ ചിത്രങ്ങളിലേക്ക് വികസിക്കുന്നു. ഇറാനിയൻ യുവദേശീയോത്സവത്തിൽ പുരസ്കാര വേദിയിലെ രംഗങ്ങൾ തുടർന്ന് അവതരിപ്പിക്കുന്നു.

പിന്നീട് ഹാനി നജിം വരച്ച കാരിക്കേച്ചറുകൾ അവതരിപ്പിക്കുന്നു. ഇതിനുശേഷം തിരക്കേറിയ ബസിനെ ചിത്രീകരിക്കുന്ന അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തനുമായ ചിത്രത്തെ കുറിച്ചും, അതിന്റെ പ്രാധാന്യത്തെ കുറിച്ചും ഡോക്യുമെന്ററി ഉദ്ബോധിപ്പിക്കുന്നു.

അദ്ദേഹത്തിന്റെ ചായബാഗ് ചിത്രങ്ങളും, പാഴ്സിഡി ചിത്രങ്ങളും ദൃഷ്യവിസ്മയങ്ങളായി ഡോക്യുമെന്ററിയിൽ തെളിയുന്നു. ഖ്വാജർ രാജവംശത്തിന്റെ ചരിത്രവും ഈ രാജവംശത്തിലെ മിർസ അബ്ദുൾ ഗാഫർ എന്ന ജ്യോതിശാസ്ത്രജ്ഞനും, ജ്യാമതീയ വിദ്ഗദനും, ഭൂപടനിർമാതാവുമായി ഹാനി നജിമിനുള്ള പാരമ്പര്യ ബന്ധവും, ഹാനിനജിമിന്റെ പാരമ്പര്യ പൈതൃക പഠനത്തിനുള്ള അസംസ്കൃത വസ്തുവായി ഡോക്യുമെന്ററിയിൽ പ്രകാശിപ്പിക്കുന്നു.

പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള കലാസൃഷ്ടിയാണ്, അടുത്തതായി ചിത്രീകരിക്കപ്പെടുന്നത്. പേനകൾ, കുപ്പികൾ, കടലാസ് കുപ്പികൾ, എന്നിങ്ങനെയുള്ളവയിലെല്ലാം സമമിതി (Symmessy) യോടെ സംവിധാനം ചെയ്ത രൂപങ്ങൾ ഉണ്ടാക്കുകയോ, അവയിൽ തന്റെ സ്വതസിദ്ധമായ ചിത്രരചനയ്ക്ക് കാൻവാസുകളാക്കുകയോ ഹാനി നജിം ചെയ്യുന്നു.

തുടർന്ന് ഇറാന്റെ ഖര മാലിന്യ പ്രശ്നത്തിലേക്ക് ഡോക്യുമെന്ററി കർത്താവ് വിരൽ ചൂണ്ടുന്നു. ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ പ്ലാസ്റ്റിക് ഉപഭോക്തവാണ് ഇറാൻ. 2500 ടൺ പ്ലാസ്റ്റിക്, ഇറാനിൽ നിർമ്മിക്കപ്പെടുന്നു. നഗര മാലിന്യങ്ങളുടെ 10% ത്തോളം പ്ലാസ്റ്റിക് മാലിന്യങ്ങളാണ്.

ഇത് പറയുന്ന സമയത്തുള്ള ദൃശ്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഖര മാലിന്യങ്ങളാൽ അവ്യക്തമായ കൊച്ചരുവിയുടേയും, വളരെ സൗന്ദരീകൃതമായ ഒരു ഉദ്യാനത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന ഒരു യുവതിയുടേയും , പ്ലാസ്റ്റിക് ബാഗ് നിർമ്മാണ ഫാക്ടറിയുടേയും ദൃശ്യങ്ങൾ ഇവിടെ സാൻവിച്ച് മാതൃകയിൽ ചേർത്തിരിക്കുന്നു.

യഥാർത്ഥത്തിൽ ഹാനി നജിം പാഴ് വസ്തുക്കൾ ഉപയോഗിച്ച് ചെയ്യുന്ന ബദൽ പ്രവർത്തനങ്ങൾ ഒരു കലാസൃഷ്ടിക്കപ്പുറം, ഒരു സാമൂഹിക പ്രവർത്തനമാണ് എന്ന് നാം മനസ്സിലാക്കുന്നത് ഈ ദൃശ്യങ്ങളുടെ സഹായത്തോടെയാണ്.

അവസാനമായി സബ്വേ പാഴ്ടിക്കറ്റുകളിൽ അദ്ദേഹം വരച്ച കാരിക്കേച്ചറുകൾ ഛായാഗ്രഹീകരിക്കുന്നു.

വിശാലമായ ക്യാൻവാസുകളും ചായകൂട്ടുകളുമൊന്നും ചിത്രരചനയ്ക്കാവശ്യമില്ല എന്ന് ഈ ചിത്രങ്ങൾ നമ്മെ സാക്ഷ്യപ്പെടുത്തുന്നു.

ഒടുവിലായി താൻ ഏറെ അവഗണിക്കപ്പെട്ട കഥ പറയുന്ന അദ്ദേഹം തന്റെ പാതയിൽ താൻ ഉറച്ചുനിന്നപ്പോൾ പതിയെ വിജയം തന്നെ തേടിയെത്തിയതായും വിവരിക്കുന്നു. ഇത് കേൾക്കുന്ന പ്രേക്ഷകഹൃദയവും ആനന്ദാശ്രുക്കൾ പൊഴിക്കാതിരിക്കില്ല.

ഈ ഡോക്യുമെന്ററി ചലച്ചിത്രത്തെ സംഗ്രഹീകൃതമായി പ്രസ്താവിച്ചാൽ, അത് ഹാനി നജ്മ് എന്ന ചിത്രക്കാരന്റെ ജീവിതത്തേയും അദ്ദേഹത്തിന്റെ ചിത്രകലാ പ്രവർത്തനങ്ങളേയും സമഗ്രമായി ഒപ്പിയെടുക്കുകയും, അത് പ്രേക്ഷകരിലേക്ക് സംവേദിപ്പിക്കുകയും ചെയ്യുന്നു.

മരിയാമ് വേസ്മൊറാദിയും, ഈദ് അബൂടാൽബിയും ചേർന്ന് ,സംവിധാനം ചെയ്ത ചലച്ചിത്രമാണ് ‘Loulian’. ഈ ചലച്ചിത്രം ഒരു നൃത്തസംഗീത ശില്പമാണ്. റൂമിയുടെ പ്രശ്സതമായ ‘ജിപ്സി ‘ കവിതയെ സ്വതന്ത്രമായി ഉത്തരാധുനിക കാലത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാതലത്തിൽ പുനരാവിഷ്കരിക്കുന്ന ചലച്ചിത്രമാണ Loulian’.

പ്രവാസം, കുടിയേറ്റം, മസ്തിഷ്ക ശോഷണം എന്നെല്ലാം നാം ഓമനപേരിട്ട് വിളിക്കുന്ന പൗരസ്ത്യ രാജ്യങ്ങളിൽ നിന്ന് തൊഴിലും ജീവിതവും തേടി പാശ്ചത്യ രാജ്യങ്ങളിലേക്ക് പാലായനം ചെയ്യുന്ന മനുഷ്യരുടെ ഹൃദയവ്യഥകൾ ചലച്ചിത്രത്തിൽ നൃത്തചുവടുകളുടെ സഹായത്തോടെ സംഗീതാന്മകമായി ആവിഷ്കരക്കപ്പെടുന്നു. പാസ്പോർട്ടും, സഞ്ചാരബാഗുമായി നൃത്തം ചെയ്യുന്ന നായിക, ഒരു ഭ്രാന്തിയുടെ പെരുമാറ്റശൈലി പ്രകടിപ്പിക്കുന്നു.

പാശ്ചാത്യ ആശയങ്ങളുടെ വാഹകർക്ക് ഇറാൻ പോലെയുള്ള ഇസ്ലാമിക രാജ്യങ്ങളിൽ ജീവിതായോധനം നിർവഹിക്കാൻ എലിസബത്ത് നോളന്യൂമാന്റെ ‘സ്പൈറൽ ഓഫ് സൈലൻസിൽ ‘വ്യക്തമാക്കുന്നതുപോലെ പ്രയാസകരമാണല്ലോ. നിശബ്ദരാക്കപ്പെടുന്ന ഇവർ, ഉന്നത വിദ്യാഭ്യാസത്തിനും അതിനെ തുടർന്ന് തൊഴിലിനും മറ്റുമായി യൂറോപ്പിൻ രാജ്യങ്ങളിൽ അഭയം പ്രാപിക്കുന്നു.

യഥാർത്ഥത്തിൽ വിരുദ്ധാശയക്കാർ എന്ന് മുദ്രകുത്തപ്പെടുന്ന ഇവരുടെ ആത്മസംഘർഷം, ഭ്രാന്തോളം എത്തുന്ന മാനസിക സംഘർത്തിന് തന്നെ കാരണമായേക്കാം. നൃത്തത്തിന്റെ മദ്ധ്യപാതത്തിൽ വെച്ച് നൃത്തനായിക ഹിജാബ് ഊരിയെറിയുന്നു. വളരെയധികം രാഷ്ട്രീയ വ്യാഖ്യാനങ്ങൾക്ക് ഇടം നൽകുന്ന ഒരു രംഗമാണത്. തുടർന്ന് അന്ത്യപാദത്തിൽ പെട്ടി തുറന്ന് അതിലെ വസ്തുങ്ങളെല്ലാം വലിച്ചെറിഞ്ഞ്, അതിനുള്ളിൽ അഭയം പ്രാപിക്കുന്നു. പെട്ടി തുറന്ന് വലിച്ചെറിയുന്ന വസ്തുങ്ങൾ, വെറും വസ്തുങ്ങളല്ല, അത് തദ്ദേശീയമായ സാംസ്കാരിക സമ്പത്താണ്. ആഗോളീകരണത്തിന്റെ അന്ത്യഘട്ടത്തിൽ രൂപീകൃതമായേക്കാവുന്ന ഏകലോക ഭാഷ നശിപ്പിക്കുന്നത്, അനന്ത വൈചിത്യമാർന്ന സാംസ്കാരിക നിർമ്മിതികളെയാണ് എന്ന കാര്യത്തിൽ സന്ദേഹത്തിനിടയില്ലല്ലോ.

ഒരു പെട്ടിക്കുള്ളിൽ അവസാനം അഭയം പ്രാപിക്കുന്ന നർത്തകി, കമ്പോളീകൃതമായ ഉത്പാദന വ്യവസ്ഥയിലും സാംസ്കാരിക പരിതാവസ്ഥയിലും തന്റെ ജീവിതം സമർപ്പിക്കുന്ന നിസഹായരായ പൗരസ്ത്യ കുടിയേറ്റക്കാരുടെ സാമൂഹിക സാംസ്കാരികാവസ്ഥ ദ്യോതിപ്പിക്കുന്നു.

അടിമുടി ധ്വനി പ്രാധാനമായ ഈ ചലച്ചിത്രം, നൃത്തം സംഗീതം ശില്പമായി അതരിപ്പിച്ചപ്പോൾ, അത് അപരിചിതമായ ഒരു ദൃശ്യാനുഭവമായി മാറി.

പെർവീസ് റോസ്റ്റമി സംവിധാനം ചെയ്ത ചലച്ചിത്രമാണ് ‘Seven Symphonies Zagros’ ഈ ഡോക്യുമെന്ററിയിൽ സാംഗ്രോസ് ജനതയുടെ ഏറ്റവും പഴക്കം ചെന്ന സുഷിരവാദ്യമായ ശംശാലിന്റെ സവിശേഷതകൾ, 65 വയസ്സായ ഒരു ശംശാൽ കലാകാരന്റെ ആത്മഭാഷണത്തിലൂടെ






അവതരിപ്പിക്കുന്നു. ഭാരതീയ സുഷിരവാദ്യമായ ഓടകുഴലിനോട് തുലനം ചെയ്യാവുന്ന ഒരു സംഗീതോപകരണമാണ് ശംശാൽ.

ശംശാലുകൾ എണ്ണിയെടുക്കുന്ന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിച്ച് കൊണ്ട് പ്രാരംഭം കുറിക്കുന്ന ഡോക്യുമെന്റി, ശംശാലിന്റെ അസംസ്കൃത വസ്തുവായ ചെറിയ മുളങ്കമ്പുകൾ ശേഖരിക്കുന്നതും, ചൂളയിലെ കമ്പി ഉപയോഗിച്ച് സുഷിരങ്ങൾ ഇടുന്നതുമായ ശംശാലിന്റെ നിർമ്മാണ പ്രക്രിയ തുടർന്ന് ചിത്രീകരിക്കുന്നു. വാസ്തവത്തിൽ ഈ ചലച്ചിത്രം ശംശാൽ എന്ന വാദ്യോപകരണത്തെ അധികരിച്ചുള്ള സാംഗ്രോസ് ജനതയുടെ 7 സംഗീത ആത്മീയ തലങ്ങളുടെ തത്വശാസ്ത്രം ഛായാഗ്രഹീകരിക്കുന്നു.

തുടർന്ന് ഡോക്യുമെന്ററിയിലെ ആദ്യ അദ്ധ്യായമായ 'Shar mode' അഥവ പ്രഭാതത്തിൽ സംഭവിക്കുന്നത്' എന്ന് ഖണ്ഡം തുടങ്ങുന്നു. തദ്ദേശീയമായ പരമ്പരാഗത സാങ്കേതിക വിദ്യ ഉപയോഗിച്ച് അതായത് നമ്മുടെ അമ്മികല്ല്, ആട്ടുകല്ല്, അരകല്ല് എന്നിവയ്ക്ക് സമാനമായ ഉപകരണങ്ങൾ ഉപയോഗിച്ച് ധാന്യം പൊടിക്കുകയും മെതിക്കുകയും ചെയ്യുന്ന സ്ത്രീകളെയും, ഭീമാകരമായ ചപ്പാത്തി ചുടുന്ന സ്ത്രീകളെയും ഇതിൽ ചിത്രീകരിക്കുന്നു. സാംഗ്രോസ് ജനതയുടെ പ്രഭാത ജീവിതത്തിന്റെയും അവരുടെ ആഹാരശീലങ്ങളുടേയും വിവരരേഖയായി ഈ അദ്ധ്യായം മാറുന്നു.

തുടർന്നുള്ള അദ്ധ്യായമായ ഹാരല്ല സെർദമോഡ് അഥവാ 'മഞ്ഞ പൂമൊട്ടുകൾ' എന്നതിൽ മാതാളനാരങ്ങ തോട്ടങ്ങളെയും അവിടങ്ങളിലെ കൃഷി രീതിയെയും ചിത്രീകരിക്കുന്നു. പാശ്ചാത്തലമായി ശംശാൽ സുഷിരവാദ്യ വായനയും ഇവിടെ മുഴുങ്ങുന്നു. സാംഗ്രോസ് ജനതയുടെ ഒരു തൊഴിലാളിടത്തേയും അവിടത്തെ തനത് സാംസ്കാരിക പ്രത്യേകതകളെയും ഇവിടെ വിഷയീഭവിപ്പിക്കുന്നു.

നാലാം അദ്ധ്യായം "ഇഷ്ക് മോഡ്'അഥവാ "പ്രണയം' ആണ്, പരസ്പരം പ്രണയം കൈമാറുന്ന രണ്ടുകമിതാക്കളെയും സാംഗ്രോസ് ജനതയുടെ ഒരു വിവാഹഘോഷയാത്രയെയും ഈ ഖണ്ഡം ഛായാഗ്രഹീകരിക്കുന്നു. വിവാഹഘോഷങ്ങൾ നൃത്തത്തോടും മറ്റ് വാദ്യങ്ങളോടും,ഗാനാലാപത്തോടുമൊപ്പമുള്ള ശംശാൽ വായന, അനിർവ്വചനീയമായ ഒരു അനുഭൂതി മനസ്സിൽ നിറയ്ക്കുന്നു.

അഞ്ചാമദ്ധ്യായമായ 'Typhoid' അഥവാ 'ഹസബ മോഡിൽ' ടൈഫോയിഡ് പനി ബാധിച്ച ബോധരഹിതയായി കിടപ്പിലായ ഒരു യുവതിയുടെ ചാരത്തിരുന്ന് ശംശാൽ വായിക്കുന്നത് ചിത്രീകരിക്കുന്നു. അൽപ്പം സമയത്തിനുശേഷം യുവതിക്ക് ബോധം തെളിയുമ്പോൾ ശംശാലിന്റെ രോഗസൗഖ്യം സിദ്ധിയെ കുറിച്ച് നാം അത്ഭുതം കൂറും. തദ്ദേശീയമായ രോഗ ചികിത്സാസമ്പ്രദായങ്ങളുടെ പ്രാധാന്യത്തെയും, അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും, ഈ അദ്ധ്യായം നമ്മുക്ക് ബോധ്യമാക്കി തരുന്നു.

ആറാമദ്ധ്യായമായ 'സരയിമോഡ് "'അഥവാ 'സൂഫിസ'ത്തിൽ, ഒരു സൂഫി നൃത്തശില്പം ചിത്രീകരിക്കപ്പെടുന്നു. നമ്മുടെ മുടിയേറ്റിന് സമാനമായ ഒരു അനുഷ്ഠാന കലാരൂപമായാണ് ഇത് ചിത്രീകരിക്കപ്പെടുന്നത്. മുടിയേറ്റിൽ സ്ത്രീകളാണ് മുടിയഴിച്ച് ആടുന്നതെങ്കിൽ ഇവിടെ വിവിധ പ്രായകാരായ പുരുഷന്മാരാണ് മുടിയഴിച്ച് ആടുന്നത്. കാല ദേശങ്ങൾക്കപ്പുറമുള്ള സാംസ്കാരിക അന്തർധാരകൾ ഏറെ വൈവിധ്യപൂർണ്ണവും വൈചിത്രപൂർണ്ണവുമാണെന്ന് ചിന്തിക്കുമ്പോൾ നാം ആനന്ദപുളകിതരാകും.

അവസാനത്തേതും ഏഴാമത്തേതുമായ അദ്ധ്യായം 'ചമരി മോഡ് ' അഥവാ 'Death ' ആണ്. ഒരു ശവസംസ്കാര ശുശ്രൂഷയാണ് ഈ അദ്ധ്യായത്തിൽ ചിത്രീകരിക്കപ്പെടുന്നത്. ശംശാലിന്റെ ശ്രുതിമധുരമായ സംഗീതത്തോടൊപ്പം തപ്പുകളും ഇവിടെ ഉപയോഗിക്കപ്പെടുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ജനനം മുതൽ

മരണം വരെ സാംഗ്രോസ് ജനതയുടെ ജീവിതം ശംശാൽ എന്ന സുഷിരവാദ്യോപകരണമായി ചുറ്റിപിണഞ്ഞു കിടക്കുന്നു എന്ന് ഈ അദ്ധ്യായം തെളിയിക്കുന്നു.

അങ്ങനെ സാംഗ്രോസ് ജനതയുടെ ശംശാൽ എന്ന വാദ്യോപകരണത്തെ അധികരിച്ചുള്ള സപ്തസംഗീത ആത്മീയതലങ്ങളൂടെയുള്ള യാത്ര ഇവിടെ പരിസാമപ്തമാക്കപ്പെടുന്നു.

ഈ സംഗീതം ആത്മീയ യാത്രയെ ചോതോഹരമായി ആവിഷ്കരിച്ചതുകൊണ്ടാകാം ടെഹ്റാൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലും, നോർവീജിയൻ ലഘു ചലച്ചിത്രമേളയിലും, ടെഹ്റാനിൽ നടന്ന ദൃശ്യചലച്ചിത്രമേളയിലും ഈ ചലച്ചിത്രം സാന്നിദ്ധ്യമറിയിച്ചത്.

ബിജാൽ നജാദിയുടെ 'ഈർപ്പമുള്ള വ്യാഴാഴ്ച' എന്ന് കഥയെ ആസ്പദമാക്കി ലിഡസഢേഗി സാക്ഷാത്കരിച്ച ലഘു കഥാ ചലച്ചിത്രമാണ്. 'Shadow in the Fog'. സ്വതന്ത്ര ചിന്താഗതി വെച്ചു പുലർത്തിയതിനാൽ ഭരണകൂടം തുറങ്കിലടച്ച ഒരു പിതാവിന്റെയും അയാളെ സന്ദർശിക്കാനെത്തുന്ന മകളുടേയും കഥയാണ് 'Shadow in the Fog'. ജയിലഴിക്കുള്ളിൽ അവളുടെ നടത്തം ഓട്ടമായി മാറുന്നത് പാദചലനങ്ങളുടെ വേഗതയിൽ നിന്ന് നാം മനസ്സിലാക്കുന്നു. 20 വർഷമായി ഭരണക്കൂടം തുറങ്കിലിട്ട ഈ സാഹിത്യകാരനും മാലി എന്ന മകളും തമ്മിലുലള ആത്മബന്ധം, മകളുടെ ഓർമ്മകളുടെ ചർവണത്തിലൂടെ നമ്മെ സംവിധായകൻ ദൃഷ്ടിഗോചരമാക്കുന്നു. 20 വർഷമായി തന്റെ പിതാവ് എവിടയാണെന്ന് പോലും മകൾക്ക് അറിയുമായിരുന്നില്ല എന്നത മലിഹ എന്ന ഈ മകളും, മുത്തച്ഛനും തമ്മിലുള്ള സംഭാഷണത്തിലൂടെ ഗ്രഹീകൃതമാകുന്നു.

ആവിഷ്കാര സ്വാതന്ത്ര്യം മതപൗരോഹിത്യ നൃശംസതയുടെ ഫലമായി സാമൂഹിക പ്രശ്നമായിമാറുന്നത് ഇറാനിയൻ സാംസ്കാരിക ജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണല്ലോ.

എഴുത്തുകാരനെ തിരിച്ച് സ്വീകരിക്കാൻ ഇഷ്ടപ്പെടാത്ത അമ്മായി അച്ഛൻ യാഥാസ്ഥതിക മൂല്യങ്ങളുടെ വക്തവായി ചലച്ചിത്രത്തിൽ തെളിയുന്നു, ഇതിനെതിരെയുള്ള പുരോഗമന ചിന്താ വക്താവായി യുവതിയായ മലിഹയും കളം നിറയ്ക്കുന്നു. ആശയ

**മിത്ര റൂഹി മനേഷ് സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'The story less land ' വൈദ്യുതിയോ, വിദ്യാലയമോ ആരോഗ്യ രക്ഷാ കേന്ദ്രങ്ങളോ,കുളിമുറികളോ എന്നിങ്ങനെ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത അംഗങ്ങളിൽ പകുതി പേരും മനോരോഗികളോ, ഭിന്നശേഷിക്കാരോ ആയ, കഥകളൊന്നും പറയാനില്ലാത്ത 700 വർഷം പഴക്കുമുള്ള ഇറാനിലെ ഒരു കുഗ്രാമമാണ് ഹാജിയബാദ്. ഈ ഗ്രാമത്തിന്റെ കഥയാണ് 'ദി സ്റ്റോറി ലെസ് ലാൻഡ്.'ഗോൽമ എന്ന 98 വയസ്സായ വൃദ്ധയെ ചുറ്റിപറ്റിയാണ്, ഈ ഡോക്യുമെന്ററി ഹാജിയബാദിന്റെ കഥ അവതരിപ്പിക്കുന്നത്.**

സംഘട്ടനത്തിന്റെ രംഗവേദിയായി, ചലച്ചിത്രം രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു.

മിത്ര റൂഹി മനേഷ് സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'The story less land ' വൈദ്യുതിയോ, വിദ്യാലയമോ ആരോഗ്യ രക്ഷാ കേന്ദ്രങ്ങളോ, കുളിമുറികളോ എന്നിങ്ങനെ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത അംഗങ്ങളിൽ പകുതി പേരും മനോരോഗികളോ, ഭിന്നശേഷിക്കാരോ ആയ, കഥകളൊന്നും പറയാനില്ലാത്ത 700 വർഷം പഴക്കുമുള്ള ഇറാനിലെ ഒരു കുഗ്രാമമാണ് ഹാജിയബാദ്. ഈ ഗ്രാമത്തിന്റെ കഥയാണ് 'ദി സ്റ്റോറി ലെസ് ലാൻഡ്.'ഗോൽമ എന്ന 98 വയസ്സായ വൃദ്ധയെ ചുറ്റിപറ്റിയാണ്, ഈ ഡോക്യുമെന്ററി ഹാജിയബാദിന്റെ കഥ അവതരിപ്പിക്കുന്നത്.

ഹാജിയബാദിൽ നിന്ന് ജനങ്ങളെ കുടിയൊഴിപ്പിച്ച 50 മീറ്റർ അകലെയുള്ള റോബർ എന്ന ഒരു കുന്നിൻ പുറത്ത് ഗ്രാമത്തിലെ ജനങ്ങളെ പുനരധിവസിപ്പിക്കാനെടുക്കുന്ന ഭരണകൂടം തീരുമാനം ഡോക്യുമെന്ററിയിൽ ആദ്യം സാമൂഹിക സംഘർഷമായി മാറുന്നു. പുരനധിവസിപ്പിക്കാൻ വരുന്ന ഭരണകൂടം അധികാരികളോട് തട്ടികയറുന്ന മെഹാദിയുടെ വികാരം ഗ്രാമത്തിന്റെ പൊതുവായ വികാരമാണന്ന് ചലച്ചിത്ര വികാസത്തിൽ നാം മനസ്സിലാക്കുന്നു.

പക്ഷേ ഇറാനിയൻ ഭരണകൂടത്തിന്റെ ശക്തമായ ഇച്ഛാശക്തിക്ക് മുമ്പിൽ ഗ്രാമത്തിന് കീഴടങ്ങേണ്ടി വരുന്നു. പുതിയ സ്ഥലത്തും അവരെ കാത്തിരിക്കുന്നത് ദുരിതങ്ങൾ തന്നെയായിരുന്നു. ജലപ്രതിസന്ധി രൂക്ഷമായ ഒരു സ്ഥലത്താണ് അവരെ പുനരധിവസിപ്പിച്ചത്. ഇത്തരത്തിൽ നരകയാതനകളുമായി അവർ തുടർന്നും ജീവിക്കുന്നു.

ഗ്രാമത്തിലെ ചില വിവാഹാലോചനകളും, ഗ്രാമത്തിലെ അംഗങ്ങളുടെ ജീവിതകഥകളും ഈ ചിത്രത്തിൽ ചിത്രീകരിക്കുന്നുണ്ട്. വികലാംഗനായതിനാൽ, വിവാഹവും ജോലിയും നഷ്ടമാക്കപ്പെട്ട കഥകളാണവ.

എന്തുകൊണ്ടും ഭൂമിയിലെ നരകമായി ഹാജിയബാദ് മാറുന്നു എന്ന ചോദ്യം നരവംശശാസ്ത്രജ്ഞർക്കും, സാമൂഹ ശാസത്രജ്ഞർക്കം പറ്റിയ ഗവേഷണ വിഷയവും, സഹൃദയരെ അനുകമ്പകുലരാക്കുന്ന ഒരു വൈകാരിക പ്രതിസന്ധിയുമായി ഈ ഡോക്യുമെന്ററി ചലച്ചിത്രാന്ത്യത്തിൽ രൂപപ്പെടുത്തുന്നു.

സയ്യിദ് മോർട്ടസ സബസേഹബ സംവിധാനം ചെയ്ത ചലച്ചിത്രമാണ് 'they' യുദ്ധ സമാപനഘട്ടത്തിൽ ഒരു സംഘം യുദ്ധം മൂലം തങ്ങൾ ഉപേക്ഷിച്ച ഡെസ്ഫോലിൻ നഗരത്തിലേക്ക് മടക്കയാത്ര ചെയ്യുന്നു. അനുനിമിഷം ഉദ്വോഗജനകമാണ് ഈ ചലച്ചിത്രം. പോർ വിമാനങ്ങൾ ഇരു തവണ അവരെ കണ്ടുകണ്ടില്ല എന്ന മട്ടിൽ പറന്നുപോകുന്നു. ഇറാന്റെ ഔദ്യോഗിക റേഡിയോയിൽ നിന്ന് അപകട സന്ദേശം ലഭിക്കുന്നുണ്ടെങ്കിലും അവർക്ക് ഒളിക്കാനായി സ്ഥലം ലഭിക്കുന്നില്ല. ഒടുവിൽ അവർ സുരക്ഷിത ഇടം കണ്ടെത്തുകയും, ഇറാന്റെ റേഡിയോ ശ്വേത സൂചന നൽകി, സ്വതന്ത്രമായി പുറത്തിറങ്ങാം എന്ന് അറിയിക്കുകയും ചെയ്യുന്നു. അവർ സുരക്ഷിതമായി തളർന്നുറങ്ങുമ്പോൾ മന്ദമാരുതനനൽ ഉത്തേജി

തനായി തനിയെ കറങ്ങുന്ന സ്റ്റാന്റ് ഫാനിന്റെ ദൃശ്യത്തിൽ ചലച്ചിത്രം സമാപിക്കുകയും ചെയ്യുന്നു.

തീർത്തും ലഘുവായ ഈ ചലച്ചിത്രം യുക്രൈനിൽ ഉൾപ്പടെ ഇന്നും യുദ്ധം മൂലം അഭയാർത്ഥികളാകേണ്ടി വരുന്ന മനുഷ്യയാതനകളുടെ സാക്ഷ്യപത്രമാണ്. പലരുടേയും ഉറ്റബന്ധുക്കൾ കൊലചെയ്യപ്പടുകയും ചിലർ അംഗവിഹീനരാക്കുകയും ചെയ്യുന്ന. യുദ്ധത്തിന്റെ ക്രൂരമുഖത്തെ കുറിച്ച് ചലച്ചിത്രത്തിൽ സൂചനകളുണ്ട്. ദു:ഖം അണപൊട്ടിയൊഴുകുമ്പോൾ പലരും വിലപിക്കുകയും ചെയ്യുന്നു. ഇതിൽ ഏറ്റവും ആശങ്ക നിഴലിക്കുന്നത് യുവാക്കളുടെ മുഖത്താണ്.

ഏറ്റവും ഒടുവിലെ സമാധാന റേഡിയോ സന്ദേശവും, മന്ദമാരുതനാൽ ഉത്തേജിതമായി കറങ്ങുന്ന ഫാനും നൽകുന്ന സൂചന മറ്റൊന്നാണ്.

യുദ്ധങ്ങൾക്കപ്പുറം സമാധാനപൂർണ്ണായ ഒരു ഭാവി മനുഷ്യവംശത്തെ കാത്തിരിക്കുന്നെന്നും, അവിടെ ജീവിതചക്രം ഒരു അല്ലലുമില്ലാതെ മന്ദമാരുതനാൽ ഉത്തേജിതമായി ഭ്രമം ചെയ്യുമെന്നുമുള്ള സശുഭ സന്ദേശമാണത്. യുദ്ധങ്ങൾക്കെന്നപോലെ മാരകമായ പ്രതിസന്ധികളെ വ്യത്യസ്തമായ ഒരു വീക്ഷണക്കോണിലൂടെ ചലച്ചിത്രകാരൻ സമീപിക്കുന്നു. അവിടെ നിരാശയുടേയും ഹൃദയഭാരത്തിന്റെയും നുകങ്ങൾ സ്വതന്ത്രമാവുകയും നവജീവിത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ ഇതൾ വിടർത്തുകയും ചെയ്യുന്നു.

ഫാരിദ് മിർഖാനി സംവിധാനം ചെയ്ത 'Till the wet pulse of morning' ഡോക്യുമെന്ററിയുടേയോ ആഖ്യായികയുടെയോ (Fiction) ചലച്ചിത്രത്തിന്റെയോ കളങ്ങളിൽ പൂർണ്ണമായി കളം തിരിക്കാവുന്ന ചലച്ചിത്രമല്ല. ഒരു യുവതി പൂർണ്ണ അബോധവസ്ഥ (coma) യിലായ തന്റെ സഹോദരനെ രക്ഷിക്കുന്നതിന് ഡോക്ടർമാർ പറഞ്ഞ അവസാന രക്ഷാമാർഗ്ഗമായ നവീയ (navie) സംഗീതം കേൾപ്പിക്കാനായി അവരുടെ ജന്മനഗരമായ ടെഹ്റാനിൽ നിന്ന് 1200 കി,മീറ്റർ അകലെയുള്ള ഖാഫ് എന്ന ഗ്രാമത്തിൽ എത്തുന്നു. അവിടെയുള്ള ഊത്ത്മാൻ എന്ന് പ്രഗത്ഭ നാടോടി സംഗീതജ്ഞനെ സമീപിച്ച് ഡോറ്റാൽ എന്ന സംഗീത ഉപകരണത്തിൽ 'നവീയ' എന്ന

**ഫാരിദ് മിർഖാനി സംവിധാനം ചെയ്ത 'Till the wet pulse of morning' ഡോക്യുമെന്ററിയുടേയോ ആഖ്യായികയുടെയോ (Fiction) ചലച്ചിത്രത്തിന്റെയോ കളങ്ങളിൽ പൂർണ്ണമായി കളം തിരിക്കാവുന്ന ചലച്ചിത്രമല്ല. ഒരു യുവതി പൂർണ്ണ അബോധവസ്ഥ (coma) യിലായ തന്റെ സഹോദരനെ രക്ഷിക്കുന്നതിന് ഡോക്ടർമാർ പറഞ്ഞ അവസാന രക്ഷാമാർഗ്ഗമായ നവീയ (navie)സംഗീതം കേൾപ്പിക്കാനായി അവരുടെ ജന്മനഗരമായ ടെഹ്റാനിൽ നിന്ന് 1200 കി,മീറ്റർ അകലെയുള്ള ഖാഫ് എന്ന ഗ്രാമത്തിൽ എത്തുന്നു.**

ഗാനം മീട്ടാനായി ആവ്യപ്പെടുന്നു. നെഹ്മാൻ എന്ന മറ്റൊരു യുവകലാകാരനെ ഉപയോഗിച്ച് അവ മീട്ടുന്നുണ്ടെങ്കിലും ഊത്ത്മാൻ അത് മീട്ടുന്നില്ല. ഒടുവിൽ നിരാശയായി തന്റെ സഹോദരന്റെ അതിദാരുണ അവസ്ഥ വിവരിച്ച ദൗത്യമുപേക്ഷിച്ച് മടങ്ങുമ്പോൾ ഊത്ത്മാൻ അത് മീട്ടുന്നു. ഇതാണ് ചലച്ചിത്ര ആഖ്യായിക (Fiction) ഭാഗം

എന്നാൽ ഇതിനൊരു ഡോക്യുമെന്ററിതലം കൂടിയാണ്. നെഹ്മാനെ കാണാനായി പുറപ്പെടുമ്പോൾ അദ്ദേഹത്തെ കണ്ടെത്തുന്നത് കോൽകളിക്ക് സമാനമായ വാൾ നൃത്തത്തിലാണ്. 23 തരം നാടോടി നൃത്തങ്ങളെ കുറിച്ച് ഇവിടെ പരാമർശമുണ്ട്. നെഹ്മാൻ സംഗീതമാലപിക്കുന്നതിന് മുമ്പായി ഡോറ്റാർ എന്ന് സംഗീത ഉപകരണത്തിന്റെ ചരിത്രവും സംഗീതശാസ്ത്രവും ഊത്ത്മാൻ വിവരിക്കുന്നുണ്ട്. നെഹ്മാന്റെ ഡോറ്റാർ മീട്ടലും, ഊത്ത്മാന്റെ അന്ത്യത്തിലുള്ള 'നവീയ' സംഗീത വായനവും ആഴത്തിലുള്ള നാടോടി സംഗീത അനുഭവമാണ്. 'മുഖാം' സംഗീതം മദ്ധ്യപൂർവ്വേഷ്യയിലെയും മദ്ധ്യേഷ്യയലെയും തനതായ നാടോടി സംഗീത ശാഖയാണ്. 2003ൽ ഐക്യരാഷ്ട്രസഭ മുഖാം സംഗീതത്തെ മനുഷ്യനെ ആത്മീയ പൈതൃകങ്ങളുടെ ഒരു ഉത്തമ ശബ്ദരൂപമായി തിരഞ്ഞെടുത്തു. 'വോയിഗർ-1' എന്ന ബഹിരാകാശപേടകം മുഖാം സംഗീതത്തിന്റെ തിരഞ്ഞെടുത്ത ഭാഗങ്ങൾ ബഹിരാകാശത്ത് നിന്ന് പ്രക്ഷേപണം ചെയ്തു. യുണെസ്കോ മുഖാം സംഗീതത്തെ ഇറാന്റെ ഖാസൻ ഭാഗത്തുനിന്നുള്ള ലോക റെക്കോർഡിൽപ്പെടുത്തി. ഇത്തരത്തിലുള്ള മുഖാം സംഗീതത്തിന്റെ മഹത്വപൂർണ്ണത ഗ്രഹിക്കുമ്പോൾ ചലച്ചിത്രത്തിന്റെ ആസ്വാദനതലവും അപരിചിത തലങ്ങളിലേക്ക് ഉയരുന്നു. തീർത്തും പുതുമയാർന്ന ഒരു ഡോക്യു-ഫിക്ഷൻ ചലച്ചിത്രമായി 'Till the wet pulse of morning' വിരാജിക്കുന്നു.

ഇറാനിയൻ ഫോക് ലോർ ചലച്ചിത്രങ്ങളിലൂടെയുള്ള ഒരു ലഘുയാനമാണ് ഇവിടെ നടത്തപ്പെട്ടത്. അവിടെ നിന്നുള്ള ചലച്ചിത്രങ്ങൾ ആ യാഥാസ്ഥതിക മൂല്യങ്ങളുടെ പ്രഘോഷകർ എന്ന രീതിയിലല്ല, പുരോഗമന മൂല്യങ്ങളുടെ പ്രഘോഷകർ എന്ന രീതിയിലാണ് ആഘോഷിക്കപ്പെടുന്നത്. ലോക സിനിമ ചരിത്രത്തിൽ തന്നെ ഇത് പുതുമയുള്ള വസ്തുതയാണ്. സിനിമ ചരിത്രത്തിൽ ചില അപവാദങ്ങൾ ഒഴിച്ചു നിർത്തിയാൽ, ഭരണകൂടത്തിന്റെ രാഷ്ട്രീയ മൂല്യങ്ങളുടെ പ്രഘോഷണമായിരുന്നു ഓരോ രാജ്യത്തു നിന്നുമുള്ള ചലച്ചിത്രങ്ങൾ. വിപ്ലവാനന്തരം സോവിയറ്റ് യൂണിയനിൽ 1920 കളിൽ അത് സംഭവിച്ചുവെങ്കിൽ നാസികളുടെ ജർമ്മിനിയിൽ 1930 കളിൽ അത് സംഭവിച്ചു.

എന്നാൽ ഇവിടെ ഇറാൻ ഒറ്റപ്പെട്ട തരുത്തായി പ്രതികൂലസാഹചര്യങ്ങളെ തൃണവൽഗണിച്ചുകൊണ്ട് തന്റെ ചലച്ചിത്രോപാസന തുടരുന്നു. ഇറാനിയൻ ഫോക് ലോർ ചലച്ചിത്രങ്ങൾ നിരീക്ഷിച്ചാൽ അവയും ഈ ഗുണ സവിശേഷതകൾ പ്രകടിപ്പിക്കുന്നു എന്ന് ഗ്രഹഹിക്കാനാകും.

നവീനമായ ദൃശ്യാനുഭവങ്ങൾകൊണ്ടും അപ്രാപ്യമായ കലാചാതുരി കൊണ്ടും സമ്പന്നമായ ഇറാനിൽ നിന്ന് ചലച്ചിത്രരംഗത്തും, ഫോക് ലോർ ചലച്ചിത്ര മേഖലയിലും ഉത്തമ സംഭവാനകൾ ഇനിയും സൃഷ്ടിക്കപ്പെടട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം.



# ഫോക് അനിമേഷൻ ഷോർട് ഫിലിംസ്

**സന്ദീപ് ശരവണൻ**

## 1. Change The Narrative (Albenia)

UNDP അൽബേനിയ 9 കഥകൾ ഉൾക്കൊള്ളുന്ന “അവർ ആഗ്രഹിച്ചതുപോലെ ജീവിച്ചു, സന്തോഷത്തോടെ എന്നേക്കും” എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അവയിൽ ചിലത് പ്രസിദ്ധമായ അൽബേനിയൻ ഇതിഹാസങ്ങളും ജെൻഡർ ലെൻസിലൂടെ വീണ്ടും എഴുതിയ യക്ഷിക്കഥകളും മറ്റു ചിലത് പുതിയ കഥകളുമാണ്.അവയെല്ലാം പൊതുസമൂഹത്തിന് പുതിയ കാഴ്ചപ്പാട് നൽകുന്നു.ഇവ ലിംഗ സ്റ്റീരിയോടൈപ്പുകളെ വെല്ലുവിളിക്കുന്നു, കൂടാതെ പുരുഷാധിപത്യത്തെ തകർക്കുകയും ചെയ്യുന്നു. പുസ്തകത്തിൽ, പെൺകുട്ടികളും സ്ത്രീകളും സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ളവരാണ്. അവർ സ്വതന്ത്രരാണ്.ചെറുപ്പക്കാരെയും മുതിർന്നവരെയും അവർ പ്രചോദിപ്പിക്കുന്നു. അവർ ആഖ്യാനം മാറ്റുകയാണ്. പുസ്തകത്തിന്റെ ഈ ആനിമേറ്റഡ് വീഡിയോ പതിപ്പിൽ, ഫെമിനിസ്റ്റ് കഥകളിലെ പെൺകുട്ടികളും സ്ത്രീകളും Change The Narrative കാമ്പെയ്നിന്റെ ഏറ്റവും പ്രധാനപ്പെട്ട സന്ദേശങ്ങൾ നൽകുന്നു.ഈ ആനിമേറ്റഡ് സിനിമയുടെ തിരക്കഥയെ അടിസ്ഥാനമാക്കിയുള്ള ഈ പുസ്തകത്തിന്റെ കഥകളും ചിത്രീകരണങ്ങളും ആനിമേഷനും സൃഷ്ടിച്ചിരിക്കുന്നത് 12-18 വയസ് പ്രായമുള്ള കുട്ടികളും ചെറുപ്പക്കാരും ചേർന്നാണ്.

## Direction - Jendiyan Minga

ജെന്റിയന് മീഡിയയിൽ 18 വർഷത്തെ പരിചയമുണ്ട്, കൂടാതെ അൽബേനിയയിലെ ടിറാന സർവകലാശാലയിൽ നിന്ന് ജേണലിസം ബിരുദവും നേടി. അദ്ദേഹം ദൃശ്യ മാധ്യമ മേഖലയിലും അച്ചടി മാധ്യമ മേഖലയിലും ജോലി ചെയ്തിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനം ഷോ ബിസിനസ്സ്, ജീവിതശൈലി, വിനോദം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെങ്കിലും, ദുർബലരായ സാമൂഹിക വിഭാഗങ്ങൾക്ക് ശബ്ദം നൽകുന്നതിന് വിനോദ വ്യവസായവും അതിന്റെ ജനപ്രീതിയും ഉപയോഗിച്ച് അദ്ദേഹം സാമൂഹിക വിഷയങ്ങളിൽ ശക്തമായ അഭിനിവേശവും താൽപ്പര്യവും പ്രകടിപ്പിച്ചു.സാമൂഹികവും മനുഷ്യാവകാശവുമായ ആവശ്യങ്ങൾക്കായി വിനോദ വ്യവസായം ഉപയോഗിക്കുന്ന പല മാധ്യമ വിദഗ്ധരും ഇല്ല.സാമൂഹികവും മനുഷ്യാവകാശവുമായ കാരണങ്ങൾക്കും കാമ്പെയ്നുകൾക്കും ശബ്ദം നൽകുന്നതിന് വിനോദം, ഷോ ബിസിനസ്സ്, ലൈഫ്സ്റ്റൈൽ മീഡിയ എന്നിവയെ അദ്ദേഹം പ്രയോജനപ്പെടുത്തി.

## 2. Belarus (Russia)

ആധുനിക കാലത്തെ സാഹിത്യ ഭാഷയുടെ ഡെവലപ്പർമാരിൽ ഒരാളായ, കവി, ഗദ്യ എഴുത്തുകാരൻ, വിവർത്തകൻ മാക്സിം ബോഗ്ദാനോവിച്ച്

എന്നിവരിൽ ഒരാളായ ബെലാറഷ്യൻ സാഹിത്യത്തിന്റെ ക്ലാസിക്കിനായി ഈ ചിത്രംസമർപ്പിക്കുന്നു. 2021-ൽ, ബെലാറസ് മുഴുവൻ അദ്ദേഹത്തിന്റെ 130-ാം ജന്മവാർഷികം ആഘോഷിക്കുന്നു."ബെലാറഷ്യൻ സാഹിത്യത്തിന്റെ ഹംസം" -മാക്സിം ബഹ്ദനോവിച്ച്. ജീവിതവും സൃഷ്ടിപരമായ വിധിയും ഒരു ശോഭയുള്ള ഇതിഹാസം പോലെയാണ് ...

"ശുദ്ധമായ സൌന്ദര്യത്തിന്റെ ഗായകൻ"

1891 ഡിസംബർ 9-ന് മിൻസ്കിലാണ് അദ്ദേഹം ജനിച്ചത്. എം ബഹ്ദനോവിച്ചിന്റെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ ഒരേയൊരു കവിതാസമാഹാരമായ 'wreath'മാത്രമേ പ്രസിദ്ധീകരിച്ചിരുന്നുള്ളു.

ഈ സമാഹാരം ബെലാറൂസിയൻ സാഹിത്യത്തിലെ പ്രതിഭാസ സമാനമായ കൃതിയായി പിൽക്കാലത്ത് മാറി.

വിമർശകയായ എ. ലോയിക്ക "Wreath "നെ പ്രശംസിച്ചിട്ടുണ്ട്.

### Direction - Elena Petekevich

എലീന പെറ്റീകെവിച്ച് 1951 ജൂലൈ 19 ന് റഷ്യയിലെ ഓറലിൽ ജനിച്ചു. ആനിമേഷൻ സംവിധായകൻ, തിരക്കഥാകൃത്ത്, കലാസംവിധായകൻ, ആനിമേറ്റർ എന്നീ മേഖലകളിൽ അവർ മികവ് തെളിയിച്ചിട്ടുണ്ട്. സോവിയറ്റ് യൂണിയനിൽ ആദ്യമായി സങ്കീർണ്ണമായ സാൻഡ് ആനിമേഷൻ ടെക്നിക് ഉപയോഗിച്ച ഇതിഹാസ ആനിമേറ്റർ എന്നാണ് എലീന അറിയപ്പെടുന്നത്.

## 3. Good Bye Dear Mandi. (Brazil)

"ഗുഡ്ബൈ, ഡിയർ മാണ്ഡി" എന്നതൊരു ഹ്രസ്വ ആനിമേഷൻ ചിത്രമാണ്.അത് അപ്പർ നീഗ്രോ നദിയുടെ കോസ്മോളജിയിൽ നിന്നുള്ള കഥകളും അറിയപ്പെടുന്ന ജാപ്പനീസ് മിത്തുകളും കൂട്ടിയോജിപ്പിച്ച് നിർമിച്ച ഹ്രസ്വചിത്രമാണ്.

അതിപ്രശസ്തമായ ജാപ്പനീസ് ഐതിഹ്യമായ ഉറാഷിമ ടാരോ യുടെ കഥ പറയുന്ന ചെറു സിനിമയാണിത്.

1723-ൽ മനാവോസ് യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ മനൗസിൽ താമസിച്ചിരുന്ന മനാവോസ് ജനതയുടെ മത്സ്യത്തൊഴിലാളിയായ മണ്ടിയിൽ




നിന്നാണ് ഈ പ്ലോട്ട് വരുന്നത്. സാവോ ജോസ് ഡാ ബാര ഡോ റിയോ നീഗ്രോ കോട്ടയിലെ പട്ടാളക്കാർ അവരുടെ കൃഷിയിടത്തിന്റെ ഒരു ഭാഗം സൂക്ഷിക്കുകയും മത്സ്യബന്ധനം നടത്തുകയും ചെയ്യുന്നത് മാണ്ഡിയെയും കുടുംബത്തെയും ചൂഷണം ചെയ്യുന്നു. ഒരു ദിവസം, തന്റെ മത്സ്യബന്ധന കെണികളിലൊന്നിൽ കുടുങ്ങിപ്പോയ ഒരു വലിയ ആമയെ മാണ്ഡി രക്ഷിക്കുന്നു. നന്ദിയോടെ, നീഗ്രോ നദിയുടെ അണ്ടർ വാട്ടർ ലോകത്ത് നടക്കുന്ന തവള പാർട്ടിയിലേക്ക് അവൾ മാൻഡിയെ ക്ഷണിക്കുന്നു. ഈ ചിത്രം പൂർണ്ണമായും ബനിവ ഭാഷയിൽ റെക്കോർഡ് ചെയ്യപ്പെട്ടിരിക്കുന്നു. "ഗുഡ്ബൈ, ഡിയർ മാണ്ഡി" സംവിധാനം ചെയ്തത് ബ്രൂണോ വില്ലെലയാണ്, ഓഡിയോവിഷ്വൽ നിർമ്മിച്ചത് റിസോമയാണ് , കാംബരാ ഫിലിംസാണ് സഹനിർമ്മാണം, ലൈറ്റ്സ്റ്റാർ സ്റ്റുഡിയോസാണ് ആനിമേഷൻ ചെയ്തത്

### Direction - Bruno Villela

ബ്രൂണോ വില്ലേല പ്രശസ്തനായ സിനിമാ സംവിധായകനും തിരക്കഥാകൃത്തുമാണ്. ആമസോണിൽ സംപ്രേഷണം ചെയ്ത ചില ഡോക്യുമെന്ററിചിത്രങ്ങൾക്ക് വേണ്ടി ഇദ്ദേഹം സംവിധാനവും തിരക്കഥയും നിർവഹിച്ചിട്ടുണ്ട്.നിർമ്മാണം, ഗവേഷണം, ജനകീയ വിദ്യാഭ്യാസം എന്നിവയ്ക്കിടയിലുള്ള ഇന്റർഫേസുകളിൽ ഓഡിയോവിഷ്വൽ ഉൾപ്പെടുന്ന പ്രോജക്റ്റുകളിൽ 10 വർഷത്തിലേറെയായി അദ്ദേഹം പ്രവർത്തിക്കുന്നു. ഡോക്യുമെന്ററികളുടെ നിർമ്മാണത്തിന് ഊന്നൽനൽകി ക്കൊണ്ടാണ് അദ്ദേഹം ഓഡിയോവിഷ്വൽ മേഖലയിൽ ഗവേഷണം നടത്തിയത്. സ്റ്റേറ്റ്




യൂണിവേഴ്സിറ്റി ഓഫ് ആമസോണ സിലെ (UEA) വിസിറ്റിംഗ് പ്രൊഫസ റായി ഇദ്ദേഹം ജോലി നോക്കുന്നു. ആമസോൺ ഫിലിം പ്രൊഡക്ഷൻ കമ്പനിയായ കാംബരാ ഫിലിംസിന്റെ പങ്കാളി കൂടിയാണിദ്ദേഹം.

## 4. Miner From Mina

20-ആം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സ്വർണഖനിയിൽ തൊഴിലാളിയായി രുന്ന യോസു, പരമ്പരാഗതമായി സാവോ ബെനഡിറ്റോയുടെയും കോംഗഡീറോയുടെയും കടുത്ത ഭക്തനായിരുന്നു. കൊളീജിയോ പ്രൊവിഡൻഷ്യയിലെ അനാഥ വിദ്യാർത്ഥികളിൽ ഒരാളായ ജോസെ ഫിനയുമായി യോസു പ്രണയത്തി ലാകുന്നു. വിശ്വാസപൂർവം അയാൾ നിരന്തരം ഭാഗ്യപരീക്ഷണങ്ങൾ നടത്തുകയും തന്റെ കുടുംബസ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടി യത്നിക്കു കയും ചെയ്യുന്നു.ചരിത്ര നഗരമായ മരിയാനയെ ചിത്രീകരിക്കുന്നതിലൂടെ, ഖനനവുമായി അഭേദ്യമായി ബന്ധപ്പെ ട്ടിരിക്കുന്ന തന്റെ ആഫ്രോ സമൂഹ ത്തിന്റെ കൂട്ടായ ഓർമ്മയെ അദ്ദേഹം വിളിച്ചോതുന്നു.

## Direction - Helder Da Pykso

ഹെൽഡർ ഡാ പൈക്സോ ബ്രസീലി യൻ സംഗീതജ്ഞനും കലാ അധ്യാ പകനും ആണ്.ദശാബ്ദങ്ങളായി അദ്ദേഹം ആഫ്രിക്കൻ വംശജരുടെ സംഗീതത്തെയും താളത്തെയും കു റിച്ചുള്ള ഗവേഷണത്തിന്റെ പഠനത്തി ലും വികസനത്തിലും ഏർപ്പെട്ടിരിക്കു ന്നു. അദ്ദേഹം 5 വർഷം ഇറ്റലിയിൽ താമസിച്ചു,ശേഷം അവിടെ അദ്ദേഹം ബ്രസീലിയൻ സംസ്കാരത്തിലും സംഗീ തത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് സംഗീത വീഡിയോ ആർട്ട് പ്രോജക്ടുകൾ വികസിപ്പിച്ചെടുത്തു.2017-ൽ,ബ്രസീ ലിലേക്ക് മടങ്ങിയ ശേഷം, അദ്ദേഹം ആഫ്രോ-ബ്രസീലിയൻ പ്രാദേശിക താളങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒരു ഗവേഷണ ഗ്രൂപ്പായ ഗ്രുപ്പോ ഡി പെർ ക്യൂഷൻ ബെൻസ വാലന്റിം സ്ഥാപി ച്ചു, പകർച്ചവ്യാധിയുടെ സമയത്ത് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

## 5. എഫിറ്റാ ക്കൊറെ-ദെ-റോസാ

### Direction - Mon De Anjo

പുതിയ ദേശങ്ങൾ കണ്ടെത്തുന്ന കാലത്ത്, ലി റൗ മൗ-മൗ എന്ന പൂച്ച നമ്മുടെ വിജനമായ ദ്വീപിനെ ഭരിക്കുന്നത് രണ്ട് ആഗ്രഹങ്ങളോ ടെയാണ്: അവളുടെ സാമ്രാജ്യം പങ്കിടാനും വർണ്ണാഭമായ പ്രാവിനെ വേട്ടയാടാനുമുള്ള ഇഷ്ടം.ഇപ്പോൾ അവൻ തന്റെ രണ്ടാമത്തെ ആഗ്രഹം നിറവേറ്റി, പക്ഷേ അവനെ വിഴുങ്ങു ന്നതിന് മുമ്പ്, അവനെ വിട്ടയച്ചാൽ സ്നേഹിക്കാൻ ഒരു ഇണയുമായി മടങ്ങിവരുമെന്ന് പ്രാവ് വാഗ്ദാനം ചെയ്യുന്നു. കർമ്മം ചെയ്തു, പ്രാവ് കുറച്ച് സമയത്തിന് ശേഷം തിരികെ വരുന്നു - വാഗ്ദാനം ചെയ്തതുപോലെ - പക്ഷേ അവസാനം അവൾ പ്രതീക്ഷി ക്കാത്തത് അവൻ അവൾക്ക് കൊണ്ടു വരുന്നു.

## 6. Arknights: Never Give Up


ഈ കഥ താവോയിസത്തിന്റെയും സെന്നിന്റെയും തത്ത്വചിന്തയെ സമ ന്വയിപ്പിക്കുന്നു. ഈ ആനിമേഷനി ലുള്ള ചില ചിഹ്നങ്ങൾ സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്,അതായത് വെള്ള ത്തിലെ ചന്ദ്രൻ, ബോട്ട്, മറ്റ് തീരം, മല, ചായ തുടങ്ങിയവ.

അരാജകത്വം നിറഞ്ഞ ഒരു ഡി സ്റ്റോപ്പിയൻ ലോകത്താണ് ആർ ക്ക്നൈറ്റ്സിന്റെ കഥ നടക്കുന്നത്. പെയിന്റിംഗ് ലോകത്ത് സംഭവിക്കു ന്ന അസാധാരണമായ കാര്യങ്ങൾ യഥാർത്ഥത്തിൽ പെയിന്റിംഗിന്റെ ബാഹ്യമായ പ്രത്യാഘാതങ്ങളാ ണ്. അപ്പോൾ, അവർ കാണുന്നത് യഥാർത്ഥ യാഥാർത്ഥ്യമാണോ അതോ വെള്ളത്തിലെ ചന്ദ്രന്റെ പ്രതിഫലനം മാത്രമാണോ? ദ്വൈതതയില്ലായ്മ എന്ന ആശയം ഇത് പ്രകടമാക്കുന്നു:

ചായയും സെനും ഒരു രുചിയാണ്, ആ ജ്ഞാനം സാധാരണ ജീവിതത്തിൽ കാണപ്പെടുന്നു, ഒരിക്കലും വേർപെടുത്തിയിട്ടില്ല. കാര്യങ്ങൾ ശൂന്യമായതിനാൽ, എല്ലാം മാറാനുള്ള സാധ്യതയുണ്ടെന്ന് ഇതിനർത്ഥം. നമുക്ക് ലോകത്തെ മാറ്റാൻ കഴിയില്ല, പക്ഷേ ഈ കഥ മാറ്റുന്നത് താവോയിസത്തിന്റെയും സെന്നിന്റെയും തത്ത്വചിന്തയെ സമന്വയിപ്പിക്കുന്നു. ഈ ആനിമേഷനിലുള്ള ചില ചിഹ്നങ്ങൾ സിനിമയിൽ ഉപയോഗിച്ചിരിക്കുന്നു.

അതായത് വെള്ളത്തിലെ ചന്ദ്രൻ, ബോട്ട്, മറ്റ് തീരം, മല, ചായ തുടങ്ങിയവ.

അരാജകത്വം നിറഞ്ഞ ഒരു ഡിസ്റ്റോപ്പിയൻ ലോകത്താണ് ആർക്ക്നൈറ്റ്സിന്റെ കഥ നടക്കുന്നത്. പെയിന്റിംഗ് ലോകത്ത് സംഭവിക്കുന്ന അസാധാരണമായ കാര്യങ്ങൾ യഥാർത്ഥത്തിൽ പെയിന്റിംഗിന്റെ ബാഹ്യമായ പ്രത്യാഘാതങ്ങളാണ്. അപ്പോൾ, അവർ കാണുന്നത് യഥാർത്ഥ യാഥാർത്ഥ്യമാണോ അതോ വെള്ളത്തിലെ ചന്ദ്രന്റെ പ്രതിഫലനം മാത്രമാണോ? ദ്വൈതതയില്ലായ്മ എന്ന ആശയം ഇത് പ്രകടമാക്കുന്നു: ചായയും സെനും ഒരു രുചിയാണ്, ആ ജ്ഞാനം സാധാരണ ജീവിതത്തിൽ കാണപ്പെടുന്നു, ഒരിക്കലും വേർപെടുത്തിയിട്ടില്ല. കാര്യങ്ങൾ ശൂന്യമായതിനാൽ, എല്ലാം മാറാനുള്ള സാധ്യതയുണ്ടെന്ന് ഇതിനർത്ഥം. നമുക്ക് ലോകത്തെ മാറ്റാൻ കഴിയില്ല, പക്ഷേ നമുക്ക് മാറ്റാൻ കഴിയും




## Director - Sihan Lin

ചൈനയിൽ ജനിച്ച ഒരു സ്വതന്ത്ര ആനിമേഷൻ ഡയറക്ടറും വാൻകൂവർ ആസ്ഥാനമായുള്ള ചിത്രകാരനുമാണ് സിഹാൻ ലിൻ. അമൂർത്ത ബോധത്തിന്റെ ദൃശ്യവൽക്കരണവും കിഴക്കൻ മൂലകങ്ങളുടെ ആധുനിക ആവിഷ്കാരവും പര്യവേക്ഷണം ചെയ്യുന്ന, കൈകൊണ്ട് വരച്ച മാധ്യമങ്ങളുടെയും ടെക്സ്ചറിന്റെയും ഉപയോഗത്തിൽ അവൾ വൈദഗ്ധ്യം നേടിയിട്ടുണ്ട്. ഒട്ടാവ ഇന്റർനാഷണൽ ആനിമേഷൻ ഫെസ്റ്റിവൽ, അനിമെക്സ് ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ആനിമേഷൻ, 3X3 ഇല്ലസ്ട്രേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

## 7. NANGULVI (ECUADOR)

ഇൻടാഗ്-ഇക്വഡോർ താഴ്‌വരയിലെ ഖനനത്തിനെതിരെ പോരാടാൻ സഹായിക്കുന്ന മാന്ത്രിക കഥാപാത്രങ്ങളെ കണ്ടെത്താനുള്ള ഒരു യാത്രയിലാണ് ഒരു ആൻഡിയൻ കരടിയും കോട്ടോബിറ്റോ എന്ന ആഫ്രോ-ഇക്വഡോറിയൻ സംഗീതജ്ഞനും.

### Director - Segundo Fuerez

സ്റ്റോപ്പ്മോഷൻ, 2ഡി, മോഷൻ ഗ്രാഫിക്സ് ആനിമേഷൻ എന്നിവയിൽ വൈദഗ്ധ്യം നേടിയ ഒരു സമർപ്പിത ഫ്രീലാൻസ് ആനിമേറ്ററാണ് സെഗുണ്ടോ, പത്ത് വർഷത്തിലേറെയായി വ്യവസായത്തിൽ പ്രൊഫഷണലായി പ്രവർത്തിക്കുന്നു.

## 8. Over the Wall (Ghana)

### Director -David Saah.

ഒരു ബോൾ ഖനിയിൽ നിന്ന് പുറത്തുകടക്കണം, അത് ഖനിയിലൂടെ കടന്നുപോകുമ്പോൾ, അത് ഒരു ബോക്സിൽ വരുന്നു, അത് ഇഷ്ടപ്പെടാതിരിക്കാൻ തുടങ്ങുന്നു. ബോക്സിൽ നിന്ന് ഓടിപ്പോകുമ്പോൾ, പന്ത് ഒറ്റയ്ക്ക് മറികടക്കാൻ കഴിയാത്ത ഒരു തടസ്സം നേരിടുന്നു. പുറത്തുകടക്കാനുള്ള ഏക മാർഗം അത് ഇഷ്ടപ്പെടാത്ത ഒരു ബോക്സുമായി സഹകരിക്കുക




എന്നതാണ്

## 9. The step of the Breeze (Georgia)

**Direction: Nazibrola Barbare Qortua.**

കൗതുകമുള്ള ആൺകുട്ടിയുടെ ചുവടുകൾ ക്രമേണ ധൈര്യം നേടുകയും കാറ്റ് ഒരു ചുഴലിക്കാറ്റായി മാറുകയും ചെയ്യുന്നു.

## 10. The Square City (Hongkong)

**Director -Ruth Lam, On Wa Chow, Ka Luk Liu**

എല്ലാത്തരം നിയന്ത്രണങ്ങളുമുള്ള ഇടുങ്ങിയ അന്തരീക്ഷം ഹോങ്കോങ്ങിനെ ഒരു ചതുരാകൃതിയിലുള്ള നഗരമാക്കി മാറ്റുന്നു. ഒരുപക്ഷേ ജീവിതം ദാരിദ്ര്യവും അടിച്ചമർത്തലും ആയിരിക്കാം, യാഥാർത്ഥ്യം മാറ്റാൻ പ്രയാസമാണ്. എന്നിട്ടും, ആകാശത്ത് ഉയരത്തിൽ പറക്കുന്ന പക്ഷികളെക്കുറിച്ചുള്ള ഭാവന ബോങ്ങിന് നഷ്ടപ്പെട്ടിട്ടില്ല, മാത്രമല്ല അതിശയകരമായ കാര്യങ്ങൾക്കായുള്ള തന്റെ ആഗ്രഹം ഇപ്പോഴും നിലനിർത്തിയിട്ടുണ്ട്.

## 11. The Fisherman (Greece

**Director - Valasia Dodulu.**

അഴുക്കുചാലിനുള്ളിൽ മത്സ്യബന്ധനം നടത്തുന്ന ഒരു മത്സ്യത്തൊഴിലാളിയുടെ കഥ

## 12. Water (India)

ജന്മം കൊണ്ട് അസുരനായ നീർഭുഖി മനുഷ്യനെപ്പോലെ ജീവിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ നീർഭുഖി കാരണം തങ്ങളുടെ ഗ്രാമമായ ബാരെഷയർ ജലക്ഷാമത്താൽ ശപിക്കപ്പെട്ടെന്നും അവളെ പുറത്താക്കിയെന്നും ഗ്രാമവാസികൾ വിശ്വസിക്കുന്നു. അവരുമായി സൗഹൃദം സ്ഥാപിക്കാൻ അവൾ സങ്കടത്തോടെ ആഗ്രഹിക്കുമ്പോൾ, ഒരു ത്യാഗപരമായ ആചാരത്തിന്റെ ഭാഗമായി അവളുടെ കോലം കത്തിച്ചതിന് അവൾ സാക്ഷ്യം വഹിക്കുന്നു.അത്തരമൊരു ആചാരത്തിൽ, ഗ്രാമവാസികൾ വെള്ളത്തിനായി പ്രാർത്ഥിക്കുമ്പോൾ, ഇരുട്ടിൽ നിന്ന് ഒരു യക്ഷി പ്രത്യക്ഷപ്പെടുന്നു. അവൾ പുല്ലാങ്കുഴൽ വായിക്കുകയും അവളുടെ ഫെയറി മാസ്ക് അഴിഞ്ഞു വീഴുകയും വേഷംമാറിയ നീർഭുഖി വെളിപ്പെടുന്നതുവരെ കാടിനെ മുഴുവൻ തന്റെ ശ്രുതിമധുരമായ സംഗീതത്താൽ ആകർഷിക്കുകയും ചെയ്യുന്നു.

വേട്ടയാടപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്ത നീർഭുഖി വരണ്ടതും ഉപേക്ഷിക്കപ്പെട്ടതുമായ ഒരു കിണറ്റിൽ ഒളിക്കുന്നു, അവിടെ അവൾ കരയുന്നു. അവളുടെ കണ്ണുനീർ കിണറ്റിൽ ഒഴുകുന്നു, നദികളിൽ ഒഴുകുന്ന വെള്ളച്ചാട്ടങ്ങളിലേക്ക് ഒഴുകുന്നു.

അന്നുമുതൽ ഗ്രാമം ജലത്താൽ അനുഗ്രഹിക്കപ്പെട്ടിരുന്നു, അതേസമയം കിണറ്റിനുള്ളിൽ ഭൂതം കരയുന്നുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

**Director - Triparna Maiti**

സത്യജിത് റേ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പുതുതായി പാസായ ഒരു ചലച്ചിത്ര നിർമ്മാതാവാണ് ത്രിപർണ മൈതി (ബി 1993). ആനിമേഷനിലും ചിത്രീകരണത്തിലും താൽപ്പര്യമുണ്ട്. ഒരു ഫ്രീലാൻസ് വിഷ്വൽ ആർട്ടിസ്റ്റ് ആയതിനാൽ ഷോർട്ട് ഫിലിമുകളിലും ടിവിസി പരസ്യങ്ങളിലും രണ്ട് വർഷമായി സ്റ്റോറിബോർഡ് ആർട്ടിലും കലാസംവിധാനത്തിലും പരിചയമുണ്ട്.

## 13. Gilgamesh (Iran)

ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ഇതിഹാസവും സാഹിത്യകൃതിയുമാ

ണ് ഗിൽഗമെഷ്. ഇതിലെ ഏറ്റവും പഴയ ലിഖിത ഭാഗം ബിസി രണ്ടാം സഹസ്രാബ്ദത്തിലേതാണ്, എന്നാൽ അതിന്റെ ചരിത്രം ബിസി മൂവായിരം വർഷം പഴക്കമുള്ളതാണ്. ഗിൽഗമെഷ് സാഗ അമർത്യത തേടിയുള്ള മനുഷ്യന്റെ വിധിയെ ഏറ്റവും നന്നായി വിവരിക്കുന്നു.

അർദ്ധ-ദൈവിക-അർദ്ധ-മനുഷ്യ സ്വഭാവമുള്ള മെസൊപ്പൊട്ടേമിയയിലെ സുമേറിയക്കാരുടെ നാട്ടിലെ ഉറുക്കിലെ പ്രശസ്തനായ നായകനായ ഗിൽഗമെഷ്, ജീവിതകാലം മുഴുവൻ അമർത്യതയ്ക്കായി പരിശ്രമിക്കുകയും പലതവണ പരാജയപ്പെടുകയും ചെയ്യുന്നു, പക്ഷേ ഒടുവിൽ അവനെ അനശ്വരനാക്കുന്ന ഒരു ചെടി കണ്ടെത്തുന്നു.എന്നാൽ പാമ്പ് അവനിൽ നിന്ന് ചെടി മോഷ്ടിക്കുന്നു.

**Director - Hossein Moradizadeh**

1970 ൽ ജനിച്ചു. ചിത്രകാരൻ, ഫോട്ടോഗ്രാഫർ, സംവിധായകൻ, എന്നീ നിലകളിൽ പ്രഗത്ഭൻ. യൂണിവേഴ്സ്റ്റിറ്റി ഓഫ് റേഡിയോ ആൻഡ് ടെലിവിഷനിൽ നിന്ന് 1992 ൽ ആനിമേഷൻ സംവിധാനത്തിൽ ബിരുദം നേടി.

## 14. Ruined Arbor (Mohsen Namjoo)

**Director - Kasra Yazdani, Golrokh Hemmat**

തകർന്ന മേൽക്കൂരയിൽ പരവതാനി നെയ്യുന്ന പെൺകുട്ടിയെക്കുറിച്ചുള്ള ഒരു പഴയ ഇറാനിയൻ കവിതയെ അടിസ്ഥാനമാക്കിയുള്ളതാണ് സംഗീതം. ഇറാനിയൻ വംശജരുടെ വിവിധ പരവതാനികളിൽ നിന്ന് ചിത്രങ്ങൾ പകർത്തിയിട്ടുണ്ട്.

## 15. Spydog (Ireland)

**Director - Lisa Kearney**

ഐറിഷ് സമൂഹത്തിലെ സ്കാഡൻ ഫ്രൂഡിനെക്കുറിച്ചുള്ള ഒരു ആനിമേറ്റഡ് ഷോർട്ട് ആണ് സ്പൈഡോഗ്. മറ്റുള്ളവർക്ക് ദുരിതം തീർക്കുന്ന സ്പൈഡോഗ് എന്ന ചെറിയ, കള്ളനിലൂടെയാണ് കഥ പറയുന്നത്. ഈ നിരാശാജനകമായ വിഷയം മയപ്പെടുത്താൻ നർമ്മം ഉപയോഗിക്കുന്നു.

## 16. The Mist (Korea)

**Director -Ying Wu**

രാത്രിയിൽ ഒരു യുവതിയെ കാട്ടിൽ കാണാതായി. രാക്ഷസൻ നിങ്ങളെ പിന്നിൽ നിന്ന് പിന്തുടരുന്നതായി തോന്നുന്നു. ആ കൊച്ചുസ്ത്രീ ഭയന്ന് പലായനം തുടർന്നു. പെൺകുട്ടി പഴയ വീട് കണ്ടെത്തി ഒളിവിൽ പോയി. കാബിനറ്റിനുള്ളിൽ (കാബിനറ്റ്) കുട്ടി ഒളിച്ചു. രാക്ഷസൻ കുട്ടിയെ ക്രമേണ സമീപിക്കുകയും അവളെ കണ്ടെത്തുകയും ചെയ്യുന്നു. അവൻ ഒരു രാക്ഷസനായിരുന്നില്ല, മറിച്ച് ഒരു കുട്ടനായ നായ്ക്കുട്ടിയായിരുന്നു.ആ കൊച്ചു പെൺകുട്ടി ഒടുവിൽ ആശ്വാസത്തോടെ അവനെ തൊടാൻ ശ്രമിച്ചു.ഭംഗിയുള്ള നായ്ക്കുട്ടി ഭയന്നു വിറച്ച് കുട്ടിയെ കടിച്ചു. ഒടുവിൽ വീട് അപ്രത്യക്ഷമായി, കഥ കഴിഞ്ഞു.

## 17. GIRASOL (Venezuela)

ലോകത്തിലെ ആദ്യ സൂര്യകാന്തി പ്പൂവായ കാരണ്ടായിയെ പറ്റിയുള്ള കഥയാണ് 'Girasol. '

**Director -Maria Victoria Sanchez Lara**

മരിയ വിക്ടോറിയ സാഞ്ചസ് ജനിച്ചതും വളർന്നതും വെനസ്വേലയിലെ മറാകൈബോയിലാണ്, യൂറോപ്പിൽ താമസിക്കാനും പഠിക്കാനും അവൾക്ക് അവസരം ലഭിച്ചു, സ്പെയിനിലെ ബാഴ്സലോണയിലെ പോംപ്യൂ ഫാബ്ര സർവകലാശാലയിൽ മാസ്റ്റർ ഇൻ ആനിമേഷൻ പദവി നേടി. യൂറോപ്പിൽ എട്ട് വർഷത്തിന് ശേഷം, ആനിമേഷൻ പഠിപ്പിക്കാൻ അവൾ വെനസ്വേലയിലേക്ക് മടങ്ങുന്നു. പരമ്പരാഗത കഥകളോടും തദ്ദേശീയ കലകളോടും ആനിമേഷനോടും ഉള്ള



അവളുടെ ഇഷ്ടം, Wayuú സംസ്കാര ത്തിന്റെ സൗന്ദര്യാത്മകതയുമായി ഒരു Mapuche മിത്ത് രൂപപ്പെടുത്താൻ അവളെ പ്രേരിപ്പിച്ചു. അവളുടെ ആദ്യത്തെ പ്രൊഫഷണൽ ആഖ്യാന കൃതിയാണ് ഗിരാസോൾ

## 18. How to Save the Fireflies (Singapore)

ഓട്ടോപൈലറ്റ് ജീവിതശൈലി നയി ക്കുന്ന ആൻഡ്രിയ എന്ന സ്ത്രീയുടെ കഥയാണ് ചിത്രം പറയുന്നത്. അതേ ലൗകിക ദിനചര്യയിൽ നിന്ന് രക്ഷപ്പെ ടാൻ അവൾ കൊതിക്കുന്നു, പക്ഷേ അവളുടെ ചെറിയ പെട്ടിയിൽ താമസി ക്കുന്നത് വളരെ സുഖകരമാകുന്നതി നാൽ മാറ്റത്തെ അവൾ ഭയപ്പെടുന്നു. പെട്ടെന്ന്, ആൻഡ്രിയയെ ഒരു ഇതര ലോകത്തേക്ക് കൊണ്ടുപോകുന്ന അടയാളങ്ങൾ ലഭിക്കാൻ തുടങ്ങുന്നു, അവിടെ അവൾ ഒരു വ്യക്തിയെന്ന നിലയിൽ എങ്ങനെയായിരുന്നുവെ ന്നും സന്തോഷവും സ്വാതന്ത്ര്യവും തിരഞ്ഞെടുക്കുന്നത് എങ്ങനെയാ യിരിക്കുമെന്നും ഓർമ്മിപ്പിക്കുന്നു. ഒരുവന്റെ തീപ്പൊരിയെയും സ്വാതന്ത്ര്യ ത്തെയും പ്രതീകപ്പെടുത്താൻ ഈ സിനിമ ഫയർഫ്ലൈസ് എന്ന ആശയം ഉപയോഗിക്കുന്നു, ഈ സിനിമയിൽ, അഗ്നിജ്വാല അവൾക്ക് മാറാനുള്ള അടയാളങ്ങൾ നൽകാൻ ശ്രമിക്കുക യും അവളുടെ സ്വന്തം ദുരിതത്തിൽ നിന്ന് അവളെ നയിക്കുകയും ചെയ്യു ന്നു.

### Director - Zaldua Janne Yelona Llagas

ആളുകൾ പലപ്പോഴും അവരുടെ തിരക്കേറിയ ജീവിതത്തിലൂടെ കടന്നുപോകുന്നു, അറിയാതെ ഒരു ഓട്ടോപൈലറ്റ് ജീവിതശൈലി നയി ക്കുന്നു. പകരമായി, ഇത് അവരുടെ ദിനചര്യയിൽ കുടുങ്ങിയതായി തോ ന്നുകയും ജീവിതത്തിൽ അസന്തുഷ്ടി ഉണ്ടാക്കുകയും ചെയ്യുന്നു, അവർക്ക് മാറ്റാനുള്ള ശക്തിയുണ്ടെന്ന് അവർ മറക്കുന്നു.ഫയർഫ്ലൈസ് എങ്ങനെ സംരക്ഷിക്കാം, ഓട്ടോപൈലറ്റ് ജീവിത ശൈലി നയിക്കുന്ന ആൻഡ്രിയ എന്ന സ്ത്രീയെക്കുറിച്ചാണ്, അതേ ദിനചര്യ യിൽ നിന്ന് സ്വയം പുറത്തു കടക്കാൻ ആഗ്രഹിക്കുന്നു. എന്നിരുന്നാലും, അവൾ മാറ്റത്തെ ഭയപ്പെട്ടു, അവളുടെ ചെറിയ പെട്ടിയിൽ താമസിക്കാൻ സുഖമായി. ഒരുവന്റെ തീപ്പൊരിയെ യും സ്വാതന്ത്ര്യത്തെയും പ്രതീകപ്പെടു ത്താൻ ഫയർഫ്ലൈസ് എന്ന ആശയം സിനിമ ഉപയോഗിക്കുന്നു. വ്യക്തിപ രമായ അനുഭവത്തിൽ നിന്നും ഒരേ ധാരണ പങ്കിട്ട സുഹൃത്തുക്കളിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നുമാ ണ് പ്രചോദനം. കഥാപാത്രത്തിന്റെ അതേ വികാരങ്ങൾ അനുഭവിക്കുന്ന ആളുകളുമായി സഹാനുഭൂതി കാ ണിക്കാൻ ടീം പ്രതീക്ഷിക്കുന്നു, ഒപ്പം ജീവിതത്തിൽ അവരുടെ തീപ്പൊരി തിരികെ കൊണ്ടുവരാൻ അവരെ പ്ര ചോദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




## 19. Ek Doni Teeni

അങ്കിൾ ക്രോ സിസ്റ്റർ സ്പാരോയുടെ വീട്ടിൽ അഭയം പ്രാപിക്കുന്ന ദക്ഷി ണേന്ത്യയിൽ നിന്നുള്ള കൊങ്കണി നാടോടി കഥയുടെ പതിപ്പുകളിലൊ ന്ന്.

### Director - Srinivas Bhakta

വിഷ്വൽ കമ്മ്യൂണിക്കേഷനും ഗ്രാഫിക് ഡിസൈനും ആനിമേഷൻ

ഡിസൈനിൽ സ്പെഷ്യലൈസേഷനുമായി അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ ബിരുദം നേടിയ പ്രതിഭയാണ് ശ്രീനിവാസ് ഭക്ത. നിലവിൽ സിംഗപ്പൂരിലെ നന്യാങ് പോളിടെക്നിക്കിലെ സ്കൂൾ ഓഫ് ഇന്ററാക്ടീവ് & ഡിജിറ്റൽ മീഡിയയിൽ സീനിയർ ലക്ചററായി ഇദ്ദേഹം ജോലി ചെയ്യുന്നു. ആനിമേഷനും ഡിസൈനുമായി ബന്ധപ്പെട്ട വിഷയങ്ങളും പഠിപ്പിക്കുന്നതിനുപുറമെ, ആൻസി, ഹിരോഷിമ, അനിമ മുണ്ടി തുടങ്ങിയ അന്തർദേശീയ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ച നിരവധി ഹ്രസ്വ ആനിമേഷൻ ചിത്രങ്ങൾ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്.

സിംഗപ്പൂർ ഇന്റർനാഷണൽ ഫെസ്റ്റിവൽ സിൽവർ സ്ക്രീൻ അവാർഡുകളിൽ 'എലിഫന്റ്: ഓകെ' എന്ന ചിത്രം 'സ്പെഷ്യൽ ജൂറി പ്രൈസ്' ഉൾപ്പെടെ 3 അവാർഡുകൾ നേടിയിട്ടുണ്ട്.

## 20. Wetsitales: How the Moon and the stars came to be (Philippines)

ഒരു സ്ത്രീക്ക് അവളുടെ ഏറ്റവും മികച്ച ആഭരണങ്ങൾ നഷ്ടമായത് രാത്രി ആകാശത്ത് അത് കണ്ടെത്താനായി.

ഫിലിപ്പീൻസിൽ നിന്നുള്ള ഒരു ബുക്കിഡ്നോൺ നാടോടി കഥ.

**Director -Jade Dandan Evangelista.**

ജേഡ് ദണ്ഡൻ ഇവാഞ്ചലിസ്റ്റ

ജെയ്ഡ് ദണ്ഡൻ ഇവാഞ്ചലിസ്റ്റ അഥവാ വെറ്റ്സിപോൺ ചിത്രരചനയിലും ക്രിയേറ്റീനിലും ഇഷ്ടമുള്ള ഒരു സാധാരണ കുട്ടിയാണ്. ഈ കുട്ടി ഒരു ഡിജിറ്റൽ നേറ്റീവ് ആർട്ടിസ്റ്റാണ്, താരതമ്യേന പെൻസിൽ കഴിവുകൾ താരതമ്യേന വൈകിയാണ് ആരംഭിച്ചത്, പക്ഷേ ചിത്രങ്ങൾ രൂപപ്പെട്ടപ്പോൾ അവൾ ഒരിക്കലും നിർത്തിയില്ല. സംഗീതം, കോഡിംഗ്, കളിമൺ ശിൽപം, ഡ്രോയിംഗ്, വീഡിയോ, ആനിമേഷൻ എന്നിവയിൽ സ്വയം കഴിവ് തെളിയിച്ചു കൊണ്ടേയിരിക്കുന്നു.

## 21. Wetsitales: Apolibolinayen and the Sun.

**Director - Jade Dandan Evangelista.**

ആസൂത്രണം ചെയ്യാതെ സ്വർഗ




ത്തിലേക്കുള്ള ഒരു യാത്രയ്ക്ക് പോകുകയും തന്റെ ജീവിതത്തിലെ മനുഷ്യനായ ഇനി-ഇനിറ്റിനെ കണ്ടുമുട്ടുകയും ചെയ്ത ഒരു സുന്ദരിയായ കന്യകയാണ് അപ്പോളിബോളിനയെൻ. ടിംഗുവൻ ഗോത്രത്തിന്റെ സംസ്കാരവും പാരമ്പര്യവും ഇടകലർന്ന ഒരു സാഹസിക കഥയാണ് ഇത്. ഫിലിപ്പൈൻ നാടോടി കഥയെ അടിസ്ഥാനമാക്കി.

## 22. Wawel Dragon (UK)

തകർപ്പൻ സിനിമാറ്റിക് ലെൻസും അതിശയിപ്പിക്കുന്ന ആനിമേഷൻ പാവകളിയും ഉപയോഗിച്ച് ചരിത്രവും സംസ്കാരവും മാജിക്കും കൊണ്ട് സമ്പന്നമായ, ഒരു ക്ലാസിക് പോളിഷ് നാടോടിക്കഥയുടെ അവാർഡ് നേടിയ അഡാപ്റ്റേഷൻ!

**Director - Cameron Carr**

യൂണിവേഴ്സിറ്റി ആനിമേഷൻ ബിരുദം പൂർത്തിയാക്കിയ ഒരു അവാർഡ് നേടിയ ആനിമേറ്ററാണ് കാമറൂൺ കാർ. അദ്ദേഹം അടുത്തിടെ ജെയ്ൻ ഓസ്റ്റൻ ഹൗസ് മ്യൂസിയത്തിൽ ഒരു കലാകാരനായി ജോലി ചെയ്തിട്ടുണ്ട്. നിലവിൽ എംഎ ഡയറക്ടിംഗ് ആനിമേഷനായി എൻഎഫ്ടിഎസിൽ പഠിക്കുന്ന ഒരു ഓട്ടിസ്റ്റിക് കലാകാരനാണ് കാമറൂൺ കാർ.

"പാൻഡെമിക് കാരണം സ്റ്റുഡിയോകൾ അടച്ചു, നിരവധി വിദ്യാർത്ഥികളെ ഒന്നുകിൽ തരംതാഴ്ത്താനോ അവരുടെ യഥാർത്ഥ ആശയങ്ങൾ മാറ്റാനോ അല്ലെങ്കിൽ ചില സന്ദർഭങ്ങളിൽ പരാജയപ്പെടാനോ ഇടയാക്കി. എന്റെ കിടപ്പുമുറിയിൽ ഒരു ആനിമേഷൻ സ്റ്റുഡിയോ നിർമ്മിച്ചുകൊണ്ട് ഞാൻ മറ്റൊരു പാത പിന്തുടരാൻ തീരുമാനിച്ചു!"- എന്ന് കാമറൂൺ കാർ ഈ സിനിമയുടെ സംപ്രേഷണാനന്തരം പ്രസ്താവിക്കുകയുണ്ടായി.

## 23. Outlaw Song (HUNGARY)

കവർ സോംഗ് സൃഷ്ടിക്കുമ്പോൾ, മുസ്സികാസ് സംഘത്തിന്റെ യഥാർത്ഥ 'ബെറ്റിയാർനോട്ട' (ഇംഗ്ലീഷ്: ഔട്ട്ലോ സോംഗ്) ഈ സിനിമയിൽ വളരെ ബഹുമാനത്തോടെ കൈകാര്യം ചെയ്തിട്ടുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിലെ നിയമവിരുദ്ധരുടെ ലോകത്തേക്ക് നമ്മെ തിരികെ കൊണ്ടുപോകുന്ന - ഗാനത്തിന്റെ പ്രസക്തി - യഥാർത്ഥത്തിൽ ശാശ്വതമാണെന്ന് അറിയിക്കാനാണ് കവർ സോങ്ങും വീഡിയോ ക്ലിപ്പും. അടിച്ചമർത്തപ്പെടുന്നവരും അടിച്ചമർത്തപ്പെട്ടവരും നിലനിൽക്കുന്നിടത്തോളം കാലം, അത് വർഷത്തിന്റെ വ്യത്യാസമില്ലാതെ എല്ലാ കാലത്തും വ്യവസ്ഥയുടെ ഒരു കണ്ണാടി പിടിക്കുന്നു.

**Director -Daniel Csordas.**

കോമിക് ബുക്ക് ആർട്ടിസ്റ്റ്, ചിത്രകാരൻ, സ്റ്റോറിബോർഡ് ആർട്ടിസ്റ്റ് എന്നീ നിലകളിൽ പ്രമുഖൻ. ഇദ്ദേഹം ഹംഗറിയിലെ ബുഡാപെസ്റ്റിൽ താമസിക്കുന്നു. പരസ്യ ഏജൻസികൾ, പുസ്തക പ്രസാധകർ, ആനിമേഷൻ സിനിമാ നിർമ്മാതാക്കൾ എന്നിവരുൾപ്പെടെ നിരവധി ക്ലയന്റുകൾക്കൊപ്പം അദ്ദേഹം ഒരു ഫ്രീലാൻസർ ആയി പ്രവർത്തിക്കുന്നു. തന്റെ ആത്മകഥാപരമായ കോമിക് ബ്ലോഗിന് അഞ്ച് തവണ ഹംഗേറിയൻ കോമിക്സ് അസോസിയേഷന്റെ സമ്മാനം നേടി. ഇപ്പോൾ അദ്ദേഹം ബീസ്റ്റി ബോയ്സ് കോമിക് ജീവചരിത്രത്തിലും തിരഞ്ഞെടുത്ത ഹംഗേറിയൻ കവിതകളുടെ ഒരു കോമിക് പുസ്തകത്തിലും പ്രവർത്തിക്കുന്നു. ഒരു സൈഡ് പ്രോജക്ട് എന്ന നിലയിൽ അദ്ദേഹത്തിന് ഒരു സ്വപ്ന ഡയറി ഉണ്ട്, ഇൻസ്റ്റാഗ്രാമിൽ തന്റെ സ്വപ്നങ്ങൾ വരച്ചു. ബുഡാപെസ്റ്റ് മെട്രോപൊളിറ്റൻ യൂണിവേഴ്സിറ്റിയിൽ കോമിക് ബുക്ക് ആർട്ട് പഠിപ്പിക്കുന്നു.




# ധബാരിക്യൂരുവി പെണ്മയുടെ അതിജീവനം

**രാജേഷ് എം ആർ**

ഇരുളഭാഷയിൽ ചിത്രീകരിച്ച പ്രിയനന്ദനൻ സംവിധാനം ചിത്രം 'ധബാരി ക്യൂരുവി' ഗോത്രവിഭാഗത്തിൽനിന്നുള്ള കലാകാരെ മാത്രം അഭിനേതാക്കളായി ഉൾപ്പെടുത്തികൊണ്ട് പുറത്തുവന്ന ഇന്ത്യയിലെ ആദ്യ ചലച്ചിത്രമാണ്. 2022 ൽ ഗോവയിൽ നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലും കേരളത്തിലെ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിലും ഈ ചിത്രം പ്രദർശിപ്പിച്ചിരുന്നു.ഗോത്രസമൂഹം നേരിടുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ സംസാരിക്കുന്ന 'ധബാരി ക്യൂരുവി'യിൽ തന്റെ സ്വാതന്ത്ര്യത്തിനായി ശബ്ദമുയർത്തുന്ന പെൺകുട്ടിയായ പാപ്പാത്തിയാണ് മുഖ്യകഥാപാത്രം. നിഷ്കളങ്കത ചോരാത്ത, എന്നാൽ വളരെ ശക്തയായ ആ കഥാപാത്രമുൾപ്പെടെ സിനിമയിലെ നിരവധി കഥാപാത്രങ്ങൾ സമകാലിക കേരളത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.ഇരുളർക്കിടയിൽ സംസാരിക്കുന്ന ഇരുള ഭാഷ തമിഴിനോടും മലയാളത്തോടും ബന്ധമുള്ള ഒരു ദ്രാവിഡ ഭാഷയാണ്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയുടെ ഏഴു

ശതമാനം ആദിവാസികളാണ്. അതായത് കേരള ജനസംഖ്യയുടെ 1.18 ശതമാനം.പാലക്കാട്ടു ജില്ലയിലെ അട്ടപ്പാടിയിലും വാളയാറിലുമാണ് ഇരുളരെ കൂടുതലായി കാണപ്പെടുന്നത്. 2011 ലെ സെൻസസ് പ്രകാരം 23731 പേരാണ് ഇരുള സമുദായത്തിലുള്ളത്.കൃഷി ഉപജീവനമാർഗമായി സ്വീകരിച്ച ഇവർ വിദ്യാഭ്യാസപരമായി പിന്നോക്കമാണെങ്കിലും പുതിയ തലമുറയെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നുണ്ട്.

ചിത്രത്തിൽ അഭിനയിച്ചവർ സിനിമയുമായി വിദൂരബന്ധം പോലും ഇല്ലാത്തവരാണെന്നും പലരും ഇതുവരെ ഒരു സിനിമ പോലും കണ്ടിട്ടില്ലെന്നും പ്രിയനന്ദനൻ പറയുന്നു. മേള വേദിയിൽ പ്രിയനന്ദനൻ  മാതൃഭൂമി ഡോട്ട് കോമിനോട് സിനിമയുടെ 'ധബാരി ക്യൂരുവി'യുടെ ചിത്രീകരണത്തെകുറിച്ച് വിശദമാക്കുന്നത് ഇങ്ങനെയാണ്.

"അട്ടപ്പാടിയിലാണ് സിനിമ ചിത്രീകരിച്ചത്. അഭിനേതാക്കൾ എല്ലാവരും ഇരുള ഗോത്രസമൂഹത്തിൽനിന്നുള്ളവരാണ്. സിനിമയിൽ കഥാപാത്രങ്ങൾ അവരുടെ പ്രശ്നങ്ങൾ പറയുന്നത് അവരുടെതന്നെ ഭാഷയായ ഇരുളഭാഷയിലാണ്. ഈ സിനിമക്ക് വേണ്ടി കഥാപാത്രങ്ങളെ തിരയുമ്പോൾ എത്രമാത്രം കലാകാരന്മാരാണ് ഗോത്രസമൂഹങ്ങളിലുള്ളതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള കാര്യമാണ്. അധ്വാനിക്കുന്നവരാണവർ. സാധാരണക്കാർ. വലിയ താളബോധമുള്ള ആളുകളാണ് അട്ടപ്പാടിയിലേത്. ഒരുപാട് കഴിവുകളുള്ളവരാണവർ. ജീവിതത്തിൽ ഒരിക്കൽപോലും സിനിമ കണ്ടിട്ടില്ലാത്തവർ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. അഭിനേതാക്കളിൽ തൊഴിലുറപ്പ് പണിക്ക് പോകുന്ന, കൂലിപ്പണി ചെയ്യുന്ന സ്ത്രീകളുണ്ട്. അവരെല്ലാം കലാപരമായും കഴിവുകൾ ഉള്ളവരാണ്. അതാണ് സ്ക്രീനിൽ കണ്ടത്. കാസ്റ്റിങ് ഡയറക്ടർ അബുവിന്റെ സഹായത്തോടെയാണ് അഭിനേതാക്കളെ തിരഞ്ഞെടുത്തത്. പിന്നീട് അവർക്ക് അഞ്ചു ദിവസത്തെ പരിശീലന ക്ലാസ്സും നൽകിയാണ് അവരെ ക്യാമറയ്ക്ക് മുന്നിലെത്തിച്ചത്."

നിസ്സഹായതകളിൽനിന്നും ഉടലെടുക്കുന്ന ഏത് പോരാട്ടത്തിനും നാടോ ഊരോ, ചെറുതോ വലുതോ എന്ന വ്യത്യാസങ്ങളിലില്ല. ശരീരത്തിന്മേലുള്ള സ്വാതന്ത്ര്യവും പെൺകുട്ടികളുടെ



**അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ സ്ഥിതി അതീവ ദയനീയമാണ്. ക്ഷരാർത്ഥത്തിൽ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ ഗുരുതരമായ പോഷണവൈകല്യവും കാണാൻ കഴിയുമെന്ന് നിരവധി പഠനങ്ങൾവ്യക്തമാക്കിയിട്ടുണ്ട്. മിക്ക സ്ത്രീകളും ഒന്നിലധികം തവണ ഗർഭം അലസിപോയവരാണ്. കാലം തികയാത്ത പ്രസവം, തൂക്കം കുറഞ്ഞ നവജാത ശിശുക്കൾതുടങ്ങിയ കാരണങ്ങൾമൂലമാണ് ശിശുമരണം കൂടുതലായി സംഭവിക്കുന്നത്.**

അവകാശങ്ങളുമെല്ലാം പറയുന്ന ചിത്രമാണ് പ്രിയനന്ദനന്റെ 'ധബാരി ക്യൂരുവി'. ഭാഷയും ഊരും സംസ്കാരവുമെല്ലാം ചിത്രത്തിന് നൽകുന്നത് പ്രത്യേക സൗന്ദര്യം തന്നെയാണ്. തന്റെ സ്വാതന്ത്ര്യത്തിനായി ശബ്ദമുയർത്തി സംസാരിക്കുന്ന  പാപ്പാത്തി ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്തു കൊണ്ട്  മുന്നോട്ടു പോകുന്നവളാണ്. കൂട്ടുകാരിയായ റാമി മാത്രമാണ് അവളുടെ സ്വപ്നങ്ങൾക്ക് പിന്തുണയുമായെത്തുന്നത്. ഇരുവരും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ് സിനിമ മുന്നോട്ടു നീങ്ങുന്നത്.

ഗോത്രഭാഷയിൽ ധബാരി ക്യൂരുവിയെന്നാൽ അച്ഛനാരെന്ന് അറിയാത്ത പക്ഷിയെന്നാണ് അർത്ഥം. ഗോത്രവർഗക്കാർക്കിടയിലെ മിത്തിലെ പക്ഷിയാണിത്. അവിവാഹിതരായ അമ്മമാരും സ്ത്രീകളുമുള്ള അട്ടപ്പാടിയിലെ ഗോത്രവർഗ്ഗക്കാരുടെ ആചാരങ്ങളുടെ പശ്ചാത്തലത്തിലാണ് മൂന്ന് പെൺകുട്ടികളുടെ കഥ പറയുന്നത്. ദാരിദ്ര്യം, നിരക്ഷരത, അരക്ഷിത സാമൂഹിക സാഹചര്യം തുടങ്ങിയ വയാൽ അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിലെ ഗോത്ര സമൂഹത്തിൽ അവിവാഹിത അമ്മമാരുടെ എണ്ണം കൂടുകയാണ്. 2010ലെ വനിതാ കമ്മിഷൻ സർവേ പ്രകാരം അട്ടപ്പാടിയിൽ മാത്രം 14നും 20നുമിടയിലുള്ള അവിവാഹിത അമ്മമാരുടെ എണ്ണം 2000ൽ അധികമാണ്.

അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ സ്ഥിതി അതീവ ദയനീയമാണ്. ക്ഷരാർത്ഥത്തിൽ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിൽ ഗുരുതരമായ പോഷണവൈകല്യവും കാണാൻ കഴിയുമെന്ന് നിരവധി പഠനങ്ങൾവ്യക്തമാക്കിയിട്ടുണ്ട്. മിക്ക സ്ത്രീകളും ഒന്നിലധികം തവണ ഗർഭം അലസിപോയവരാണ്. കാലം തികയാത്ത പ്രസവം, തൂക്കം കുറഞ്ഞ നവജാത ശിശുക്കൾതുടങ്ങിയ കാരണങ്ങൾമൂലമാണ് ശിശുമരണം കൂടുതലായി സംഭവിക്കുന്നത്. നവജാത ശിശുക്കളിൽ മിക്കവരുടേയും തൂക്കം 600 മുതൽ 800 ഗ്രാം വരെ മാത്രമാണുള്ളത്. ഗർഭിണികൾഎതാണ്ടെല്ലാവരും വിളർച്ച ബാധിച്ചവരായതുക്കൊണ്ട് ഗർഭകാലത്തുതന്നെ ഗർഭസ്ഥ ശിശുക്കൾവളർച്ച മുരടിപ്പിനെ നേരിടേണ്ടിവരുന്നു.[ ലൂക്ക.കോ.ഇൻ ,2014, അട്ടപ്പാടി ഉയർത്തുന്ന ചോദ്യങ്ങൾ ] ഗർഭിണിയാകുന്നതോടുകൂടി അവളുടെ വിദ്യാഭ്യാസം മുടങ്ങുകയും ജീവിതം നിരവധി പ്രതിസന്ധികളിലേക്ക് അകപ്പെടുകയും ചെയ്യുന്നു. അട്ടപ്പാടിയിൽ ഇത്തരത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന യാതനകൾ അതിതീവ്രമാണ്.

അട്ടപ്പാടിയിൽ പ്രസവവേദന വന്ന യുവതിയെ ആംബുലൻസിൽ




കയറ്റാൻ മൂന്നര കിലോമീറ്ററോളം ദൂരം തുണിയിൽ കെട്ടി ചുമന്നതായി കുറച്ചു നാൾ മുമ്പ് മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു.അട്ടപ്പാടിയിലുള്ളവർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം യാത്ര സൗകര്യങ്ങൾ തന്നെയാണ്. കാടിന്റെ നടുവിലാണ് അവർ വീട് വയ്ക്കുക. മെയിൻ റോഡിലേക്ക് എത്തുക എന്നത് വളരെ ദുഷകരമാണ്. ചില വഴികളിലൂടെ സഞ്ചരിക്കുമ്പോൾ തുണി കെട്ടി തന്നെ പോകണം. ഇതൊക്കെ ഈ സിനിമയിൽ ചിത്രീകരിക്കപ്പെടുന്നുണ്ട്.വികസനം എന്ന് വിളിക്കുമ്പോൾ കാടിന്റെ മക്കളെ കൊണ്ടുവന്ന് നഗരത്തിൽ താമസിപ്പിക്കുകയല്ല, അത്

**വികസനം എന്ന് വിളിക്കുമ്പോൾ കാടിന്റെ മക്കളെ കൊണ്ടുവന്ന് നഗരത്തിൽ താമസിപ്പിക്കുകയല്ല, അത് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റാണ്.**

നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റാണ്. നമ്മുടെ ശീലങ്ങൾ വച്ച് കോൺഗ്രീറ്റ് കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ട് അവിടെ അവരോട് താമസിക്കാൻ പറയുന്നതല്ല ശരിയായ രീതി. അവർ ഏത് രീതിക്കാണ് താമസിക്കുന്നത് ആ രീതിയിൽ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക എന്നുള്ളതാണ്.ആദിവാസിസംസ്കാരത്തെ അറിയാതെ, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാതെ പോകുന്നു എന്നത് തന്നെയാണ് യഥാർത്ഥ പ്രശ്നങ്ങൾക്ക് കാരണം.വികസനം എന്നു പറയുന്നത് സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്ക് പുരോഗതിയുണ്ടായോ സ്ത്രീകൾക്ക് പുരോഗതിയുണ്ടായോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം.

കൗമാരത്തിലേ വിവാഹിതരാകാൻ നിർബന്ധിക്കപ്പെടുന്ന ഗോത്രവിഭാഗത്തിലെ പെൺകുട്ടികളുടെ അവസ്ഥയെക്കുറിച്ചാണ് സിനിമ സംസാരിക്കുന്നത്. ഊരിനകത്തുനിന്നും പുറത്തുനിന്നുമുള്ളവരാൽ ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീസമൂഹത്തെയും കഥാപാത്രങ്ങൾ പ്രതിനിധീകരിക്കുന്നു. പാപ്പാത്തിയിലൂടെയാണ് സിനിമ സഞ്ചരിക്കുന്നതെങ്കിലും ഗോത്ര ജനതയുടെ ജീവിതം, ആരോഗ്യം, വിദ്യാഭ്യാസം, ആചാരം, ആഘോഷം, കാഴ്ചപ്പാടുകൾ എന്നിവയെല്ലാം 'ധബാരി ക്യുരുവി'യിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്.ഗോത്ര സമൂഹത്തിലെ കലാകാരന്മാരെ മാത്രം ഉൾപ്പെടുത്തി ഒരു സിനിമ വരുന്നത് ചരിത്രത്തിൽ ഇതാദ്യമായാണ്. 104 മിനിറ്റുള്ള ചിത്രത്തിലെ ഗാനങ്ങൾ, പശ്ചാത്തല സംഗീതം, ദൃശ്യഭംഗി എല്ലാം എടുത്തു പറയേണ്ടവയാണ്.

പാപ്പാത്തി തന്റെ ഗർഭത്തെ വൈദ്യരുടെ സഹായത്തോടെ കളയാൻ ശ്രമിക്കുകയും അവസാനം ആചാരാനുഷ്ഠാനങ്ങളോടെ പ്രക്രിയകളാൽ അത് പോകുകയും ചെയ്യുന്നു.വിദ്യാഭ്യാസം നേടി പുതിയൊരു ജീവിതം തേടുവാനാണ് പാപ്പാത്തി ഇവിടെ ശ്രമിക്കുന്നത്. അവസാന ദൃശ്യത്തിൽ പാറമലയുടെ മേലെ നിൽക്കുന്ന പാപ്പാത്തിയിലൂടെ അവളുടെ ഉയരാനുള്ള ആഗ്രഹത്തെയാണ് സിനിമ കാണിക്കുന്നത്. സ്വന്തം സ്വപ്നത്തിന്റെ ചിറകിൽ സ്വയം ആകാശം തേടുന്നവരുമായ ഗോത്ര ജീവിത പെണ്മയുടെ വ്യത്യസ്തങ്ങളായ ജീവിത കാഴ്ചകളാണ് ധബാരി ക്യുരുവിയിൽ കാണുന്നത്. ഇത്തരത്തിൽ അരക്ഷിത ഗോത്ര സമൂഹ ജീവിതത്തിന്റെ ഇരയായ പെൺകുട്ടിയും, അതിജീവിച്ച പെൺകുട്ടിയും അഭിമുഖമായി നിൽക്കുന്ന ധബാരിക്യുരുവിയിൽ പെണ്മയുടെ അതിജീവന സന്ദേശമാണ് കാണുന്നത്.




# പൂരം സംവിധായകന്റെ കല

**രാകേഷ്നാഥ്**


ഒരു സിനിമ സംവിധാനം ചെയ്ത പ്പോൾത്തന്നെ 'പൂരം' ഒരു കാല ഘട്ടത്തിന്റെ, തന്റെ തന്നെ ജീവിതരേ ഖയായ ഒരു കലാസംസ്കൃതിയുടെ അനുഭവരചനയുടെ ആവിഷ്കാരമാ യി മാറ്റുകയായിരുന്നു നെടുമുടിവേ ണു. ഒരർത്ഥത്തിൽ ജീവചരിത്രത്തി ൽനിന്നും ഒരധ്യായം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ഒന്നു കൂടി യായിരുന്നു പൂരം സിനിമയുടെ ഇതിവൃത്തഭൂമിക. ആ കാലഘട്ടവും ആ കാലജീവിതവും നെടുമുടിവേണു അത്രത്തോളം സ്വാധീനിച്ചിരിക്കണം. നാടകജീവിതത്തിന്റേതായ അനുഭവ ലോകമാണ് 'പൂരം' പ്രദിപാതിച്ചത്. നെടുമുടി വേണുവിന്റെ കലാസഞ്ചാ രത്തിൽ നാടകകല മാത്രമായിരുന്നില്ല ഉണ്ടായിരുന്നതും എന്നതും ഓർക്കേ ണ്ടതാണ്.

'പൂരം' എന്നസിനിമയുടെ തലക്കെ ട്ടിൽത്തന്നെ കലയുടേയും ജീവിത ത്തിന്റേയും സംസ്കാരത്തിന്റേയും, പൊലിമയുള്ള ഒരു സംഗമവാക്കി ന്റെ എല്ലാ അർത്ഥങ്ങളും കാണാം. 'പൂര'ത്തിൽ എല്ലാമുണ്ട്. ഏകാന്തത യുണ്ട്, കൂട്ടായ്മയുണ്ട്, വാണിജ്യമുണ്ട്, കലയുണ്ട്, ഭക്ഷണമുണ്ട്, കാഴ്ചയുണ്ട്, അനുഷ്ഠാനങ്ങളുണ്ട്, സംഗീതമുണ്ട് - തുടങ്ങി ജീവിതത്തിന്റെ സമസ്തഭാ വങ്ങളുമുണ്ട് അതിൽ. പൂരം എന്ന സിനിമയുടെ പിന്നിൽ പ്രവർത്തിച്ചവ രുടെ ലിസ്റ്റ് തന്നെ പരിശോധിച്ചാൽ നാം അത്ഭുതപ്പെട്ടുപോകും. അത്ര ത്തോളം കലാസമ്പന്നമായ ഒന്ന്.

## പൂരം -സിനിമ

പൂജ/സ്വിച്ച് ഓൺ - മാണിമാധവ ചാക്യാർ,കലാസംവിധാനം - പി. കൃഷ്ണ മൂർത്തി, ഗാനരചന - കാവാലം നാ രായണപ്പണിക്കർ,സംഗീതം - എം.ജി. രാധാകൃഷ്ണൻ,പശ്ചാത്തലസംഗീതം - ജോൺസൺ,ഛായാഗ്രഹണം - ഷാജി.എൻ.കരുൺ, സണ്ണി ജോസഫ്, സഹായി - എം.ജെ. രാധാകൃഷ്ണൻ,നി ർമ്മാണം - ഡേവിഡ് കാച്ചപ്പിള്ളി,അ വതരണം - ഗുഡ്നൈറ്റ് മോഹൻ,എ ഡിറ്റിംഗ് - രവി,ചമയം - പൂജപ്പുര രാമു,നൃത്തം - നട്ടുവർ പരമശിവം,ശ ബ്ദലേഖനം - ദേവദാസ്,പരസ്യകല - ഗായത്രി,താരങ്ങൾ - വിഷ്ണു, തിലകൻ, മുരളി, ശ്രീനിവാസൻ, സോമൻ, ടി.ജി. രവി, ജഗദീഷ്, ശിവജി, പൂജപ്പുര രവി, ഒടുവിൽ, ബോബി, ജഗന്നാഥൻ, കൃ ഷ്ണൻകുട്ടിനായർ, ശങ്കരാടി, എം.എസ്. തൃപ്പൂണിത്തുറ, കൊട്ടറ ഗോപാലകൃ ഷ്ണൻ, കൈതപ്രം, ഇന്നസെന്റ്, പവിത്ര ൻ തുടങ്ങിയ ഒരു വലിയ നിര തന്നെ ചിത്രത്തിന്റെ അണിയറയിൽത്തന്നെ സഹകരിച്ചതായി കാണാം.

നാടകഗ്രൂപ്പും സംഗീതനാടകട്രൂ പ്പുകളുമൊക്കെ വളരെ സജീവമാ യിരുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോയിട്ടുള്ള നടൻ കൂടിയാണ് നെടുമുടിവേണു. അപ്പോൾ അഭിനയ ജീവിതത്തിനു പിന്നിലുള്ള അണി യറക്കഥകളും പച്ചയായ ജീവിതാവി ഷ്കാരങ്ങളും, നെടുമുടിവേണുവിനെ സ്വാധീനിച്ചിരിക്കണം. ഈ സ്വാധീന ങ്ങൾ തന്നെയാവണം 'പൂരം' എന്ന സിനിമയുടെ 'കഥ'യിലേക്ക് നെടു മുടിവേണു പ്രവേശിക്കാൻ കാരണം. കഥയും തിരക്കഥയും എഴുതിയിരി ക്കുന്നതും നെടുമുടി വേണുതന്നെ യാണ്. ഈ ചിത്രത്തിന്റെ തിരക്കഥയി




ൽത്തന്നെ നാടക കലാകാരൻമാരുടെ ജീവിതരീതിയും ജീവിതത്തിന്റെ ചലനരീതികളും ഒക്കെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

തിരക്കഥയിൽ മാത്രമല്ല ചിത്രം ഫോക്കസ് ചെയ്യുന്നത് സംഭാഷണത്തിലുമാണ്. വളരെ സാധാരണത്വവും, പുലർത്തുന്ന സംഭാഷണങ്ങൾ ആണ് സിനിമയിലുള്ളത്. രാത്രിയിൽ നാടകം അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ എല്ലാം അച്ചടിഭാഷ സംസാരിക്കുമ്പോൾ, പകലിലാവട്ടെ സാധാരണ മനുഷ്യരുടേതായ നാടൻ ഭാഷകളിലേക്ക് കടക്കുന്നു. ഈ രണ്ട് വ്യത്യസ്തതകൾ വ്യക്തമാക്കി ചിത്രത്തിൽ ബോധമാക്കിത്തരുന്നുണ്ട് സംവിധായകൻ. ഓരോ വ്യക്തികളും, ഓരോ കഥാപാത്രങ്ങളും, ഓരോ നടൻമാരും, എത്രയെത്ര വ്യത്യസ്തധാരകളിൽപ്പെട്ടതാണെന്നും പല പല സീനുകളിലായി സംവിധായകൻ വെളിപ്പെടുത്തിത്തരുന്നുണ്ട്. നായകനും നായികയും ചിത്രത്തിൽ സാധാരണക്കാരാണ്. ഉപകഥാപാത്രങ്ങളുടെ സഹായിയായിട്ടാണ് നായകന്റെ കഥാപാത്രവും ജോലിയും. കഥാനായികയാവട്ടെ നാടകട്രൂപ്പു തമ്പടിച്ച സ്ഥലത്തിനടുത്തുള്ള ഒരു പാൽക്കാരിയും. അത്തരത്തിൽ നായികാനായകൻമാരുടെ തൊഴിലിട പരിസരങ്ങളിൽ ആദ്യമധ്യാന്തം വ്യത്യസ്തത പുലർത്തിയ ചിത്രമായും പൂരത്തെ നോക്കിക്കാണാമെന്നു തോന്നുന്നു.

ജനകീയ കല എന്ന നിലയിൽ ബാലെകൾ, സാമൂഹ്യ - പുരാണ നാടകങ്ങൾ, ഇതൊക്കെ അവതരിപ്പിച്ചു ജീവിച്ചുപോന്ന നാടകസംഘങ്ങളുടേയും ബാലേട്രൂപ്പുകളുടേയുമൊക്കെ യഥാർത്ഥചിത്രം വെളിവാക്കുവാൻ 'പൂരം' സിനിമ ഉദ്യമിക്കുന്നു. ഈ ഉദ്യമത്തിൽ പൂർണമായും സംവിധായകൻ വിജയിക്കുകയും ചെയ്തിരിക്കുന്നു.

മറ്റു സവിശേഷമായ വാദങ്ങൾകൂടി ചേർക്കുന്നു.

1. നാടക കലാകാരൻമാർ അവരുടെ ജീവിതത്തിലെ അസ്വസ്ഥതകളും, ജീവിത പ്രശ്നങ്ങളും, പൂരത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നു.
2. സ്ത്രീ-പുരുഷ ബന്ധങ്ങളിലെ പതർച്ചകൾ, തുടർച്ചകൾ, അനുഭവങ്ങൾ ഇതെല്ലാം സാമൂഹിക ശാസ്ത്രഘടനക്കനുസൃതമായ ഒരു ഉൾക്കൊള്ളൽ ആണെന്ന് പൂരത്തിലെ കഥാപാത്രങ്ങൾ കൊണ്ടു തന്നെ തിരക്കഥാകൃത്തും സംവിധായകനുമായ നെടുമുടിവേണു വാദിക്കുന്നുണ്ട്.
3. ഘടനാപരമായും സാമ്പത്തികപരമായും ഒക്കെ നാടക സംഘങ്ങൾ, നാടക കമ്മിറ്റികൾ, നാടക ആസ്വാദനം ഇതൊക്കെ എങ്ങനെ മുന്നേറിയെന്ന് കൂടി ചിന്തിപ്പിക്കുന്ന ഒരു കലാ സംസ്കാര പഠനത്തിന് പൂരം സിനിമ ഇടമുണ്ടാക്കുന്നു. അതൊരു ചെറിയ കാര്യമല്ല.
4. ജീവിതോപാധി എന്ന നിലയിൽ നാടക സംഘത്തെ ചുറ്റിപ്പറ്റി ജീവിക്കുന്ന മറ്റു തൊഴിലിടങ്ങൾ (മാമുക്കോയയുടെ പാചകക്കാരന്റെ വേഷം ഉദാഹരണം) കൂടി വിശകലനത്തിന് വിധേയമാക്കുന്നു.
5. നാടക സംസ്കാരം നിലനിർത്താൻ പാടുപെടുന്ന സംഘാടകരുടെ ബുദ്ധിമുട്ടുകൾ നേരിട്ട് അനാവരണം ചെയ്യുന്നുണ്ട്. (ഉദാഹരണം തിലകൻ അവതരിപ്പിക്കുന്ന നാടക ട്രൂപ്പ് മുതലാളി എന്ന കഥാപാത്രം)
6. തലമുറകളുടെ മാറ്റങ്ങളും ഭൂതഭാവി വർത്തമാനകാലങ്ങളും നാടകസംഘങ്ങൾക്കു വന്ന മാറ്റവും സിനിമയിൽ നന്നായി അപഗ്രഥിക്കുന്നുണ്ട്.
7. പ്രസാദപൂർണവുമായ ഗ്രാമീണ നൻമകൾ ചിത്രത്തിന്റെ പ്രതീക്ഷയും ശുഭാപ്തി വിശ്വാസവുമാണ്. അതിലുപരി നാട്ടുനൻമയുടെ സത്യം പോലെ വിശുദ്ധിയാർന്ന സ്നേഹവും, ഇവിടെ ഈ സിനിമയിൽ ആർജിതസ്വത്തായി മാറുന്നു.
8. പുഴ/തുണിയലക്ക്/സ്ത്രീ ശരീരങ്ങൾ/മദ്യപാനം/പരദൂഷണം/ഉദാരീകരണം/ഉപഭോഗ സംസ്കാരം/ ഇതെല്ലാം പൂരം ചിത്രത്തിന്റെ സംവാദം ചെയ്യപ്പെടുന്ന ഇനിയും ഗൗരവമായി ചെയ്യപ്പെടുന്ന, ഘടകങ്ങൾ ആണ്.
9. ജീവിതത്തിന്റെതായ ദാരിദ്ര്യം ചിത്ര

ത്തിലൂടെ മറുവഴിയിലൂടെ തുറന്നു കാണിക്കാൻ ഇഷ്ടപ്പെടുന്നു. ഏകാന്തതയുടേയും കൂടിച്ചേരലിന്റേയും എല്ലാ അവസ്ഥകളും പുതുമയോടെ പല കഥാപാത്രങ്ങളിലും, നെടുമുടിവേണു ഉൾക്കൊള്ളിച്ചിട്ടുണ്ട്.

10. നാടക കലാകാരൻമാർ ഒരു കാലഘട്ടത്തിൽ സാമൂഹ്യപരമായ കലാസംസ്കൃതിയുടെ ഭാഗമായി മാറിയെന്നൊക്കെ വായിച്ചെടുക്കുമ്പോൾ പോലും, നാടകകലാകാരൻമാർ നാടകത്തൊഴിലാളികൾ എന്ന രീതിയിൽ മാറ്റി വായിക്കാനും പ്രേരിപ്പിക്കത്തക്ക രാഷ്ട്രീയപരമായ യാഥാർത്ഥ്യം നെടുമുടിവേണു പൂരത്തിലൂടെ വാദിക്കുന്നു.
11. നവസാങ്കേതിക വിദ്യ നാടകങ്ങളെ ബന്ധപ്പെടുത്തുന്നതിന്റെ ആവശ്യകതയും, ആവശ്യമില്ലായ്മയും, നാടകസംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെയുണ്ടെന്നും, പൂരം ചിത്രം അവലംബിച്ച് ചിന്തിക്കേണ്ടതാണ്.
12. നാടകകലാകാരന്മാരിലുണ്ടായിരുന്ന പുരുഷ വീക്ഷണങ്ങൾ, സ്ത്രീ വീക്ഷണങ്ങൾ, പൊതു വീക്ഷണങ്ങൾ ഇവ തുറന്നു പറഞ്ഞ്/ആവിഷ്കരിക്കുവാനും സംവിധായകൻ മടി കാണിച്ചിട്ടില്ല. ഒരു പക്ഷേ അതിലൊരു വിവാദ രീതിയോ, വിഷയ പ്രാമുഖ്യമോ വരാതിരിക്കുന്നതിന്റെ ഒരു കാരണം അത് പറഞ്ഞ രീതി ഹാസ്യകഥാഖ്യാനം എന്ന മട്ടിലാണ്.
13. അമ്പലത്തിൽ തൊഴാൻ വരുന്ന നാടകനടികൾ പൂജാരികൾ ആരാ എന്നു ചോദിക്കുമ്പോൾ നെഴ്സുമാരായി അടുത്ത ആശുപത്രിയിൽ വന്നവരാണെന്നു പറയുന്നു. എന്നാൽ മുതലാളിയെ ഇന്നസെന്റിന്റെ കഥാപാത്രം അമ്പലത്തിൽ വരുമ്പോൾ പൂജാരിയോട്, ആ പോകുന്ന നടിമാരെ മൂന്നുമാസത്തിന് വാടകക്ക് എടുത്തിരിക്കുകയാ എന്നു പറയുന്നുണ്ട്. സ്ത്രീകളെ/നടികളെ/പ്രൊഡ്യൂസേഴ്സ് കാണുന്ന രീതി അഥവാ അത്തരം ചട്ടക്കൂടുകളിൽ നിന്നുള്ള ഒരു തരം സംസ്കാരവായന ഈ രംഗത്തു നിന്നു കാണാം.
14. നെടുമുടിവേണു അവതരിപ്പിക്കുന്ന കഥാപാത്രം രാത്രിയിൽ കലാകാരൻമാരോടൊപ്പം മദ്യപിച്ച് വർത്തമാനം പറഞ്ഞിരിക്കുന്ന രംഗം. അമിത മദ്യപാനിയായ



**നാടകഗ്രൂപ്പും സംഗീത നാടകട്രൂപ്പുകളുമൊക്കെ വളരെ സജീവമായിരുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോയിട്ടുള്ള നടൻ കൂടിയാണ് നെടുമുടിവേണു. അപ്പോൾ അഭിനയ ജീവിതത്തിനു പിന്നിലുള്ള അണിയറക്കഥകളും പച്ചയായ ജീവിതാവിഷ്കാരങ്ങളും, നെടുമുടിവേണുവിനെ സ്വാധീനിച്ചിരിക്കണം. ഈ സ്വാധീനങ്ങൾ തന്നെയാവണം 'പൂരം' എന്ന സിനിമയുടെ 'കഥ'യിലേക്ക് നെടുമുടിവേണു പ്രവേശിക്കാൻ കാരണം.**

അയാൾ സ്ത്രീയെ/അവസരം ചോദിച്ച സ്ത്രീകളെപ്പറ്റി ലൈംഗികവസ്തു എന്ന രീതിയിൽ നോക്കിക്കാണുകയും സംഘം മുഴുവൻ അത് കേട്ട് ചിരിക്കുകയും ചെയ്യുന്നു.

15. തിലകൻ നെടുമുടിവേണുവിന്റെ കഥാപാത്രത്തെ ട്രൂപ്പിൽ നിന്നും പുറത്തിറക്കേണ്ട ഒരു സാഹചര്യം കൂടി പരിശോധിക്കാവുന്നതാണ്.
16. കഥാവ്യവഹാരം, കഥാഖ്യാനം എന്നീ നിലകളിലെല്ലാം സംവിധായകൻ പുലർത്തിയിരിക്കുന്ന, അവിതർക്കിതമായ ഒരനുരഞ്ജനം 'പൂരം' സിനിമയിലുണ്ട്. 'പൂരം' സിനിമയിലുള്ള ജീവിതരാഷ്ട്രീയത്തെ പുറത്ത് കാണിക്കാതെ അകം കാഴ്ചകൾ എന്ന നിലയിലാണ് നെടുമുടിവേണു കാണിച്ചിട്ടുള്ളത്. ബാഹ്യരൂപത്തിൽ 'പൂരം' ഒരു എന്റർടെയിൻമെന്റ് ഫോർമാറ്റാണ് പിന്തുടരുന്നത്. അരവിന്ദന്റെ തമ്പ്, ഹരിഹരന്റെ വളർത്തുമൃഗങ്ങൾ, ലോഹിതദാസിന്റെ ജോക്കർ, കമലിന്റെ നടൻ, കെ.ജി. ജോർജിന്റെ യവനിക, ഇതെല്ലാം കഥയിലൂടെ മറ്റ് കലാരൂപത്തിന്റെ കഥകൂടി പറയുന്ന സിനിമകളാണ്. എന്നാൽ അവയിലൊക്കെയും ദർശനത്തെ ബാഹ്യമായി കാണിക്കുന്നുണ്ട്. പൂരത്തിൽ അത്തരത്തിലുള്ള ബാഹ്യപ്രസരണം കാണുകയില്ല. സംവിധായകനായ നെടുമുടിവേണുവിന്റെ മന:ശാസ്ത്രം അത്തരത്തിലാണ് ഉപയുക്തമായിരിക്കുന്നത്.
17. നടിമാർ ദുഷ്യന്തനായി അവതരിപ്പിക്കുന്ന നെടുമുടിവേണുവിന്റെ നായകനോട്, നാടകം വരുമ്പോൾ ബഹുമാനം തരാം അല്ലെങ്കിൽ ഇരുന്നേടത്ത് ഇരുന്നാൽ മതിയെന്ന് കളിയാക്കുന്നുണ്ട്. പുരുഷാഹങ്കാരത്തിന്റെ പ്രതിരൂപമായ നെടുമുടിവേണുവിന്റെ കഥാപാത്രം ഒരൊറ്റസീനിൽ, നടിമാരോടും, മുടിവെട്ടാൻ വന്ന ബാർബറിനോടും, ഒടുവിൽ തന്റെ മുന്നിലൂടെ നടന്നു പോവുന്ന തുണിയലക്കുകാരനോടും, ദേഷ്യപ്പെടുകയും പരിഹസിക്കുകയും ചെയ്യുന്നതുകാണാം. ജാംബവാന്റെ കാലത്തുള്ളതാ എന്നു പറയുന്നിടത്ത് നാടകമുതലാളിയെയും ചെറുതാക്കുന്ന സംസാരം കടന്നു വരുന്നു. പുരുഷവീക്ഷണം/സൂപ്പർതാരം/നായക കഥാപാത്രം ചെയ്തു വരുന്നവരുടെ മന:ശാസ്ത്രം ഈ കഥാപാത്രത്തിൽ കടന്നുവരുന്നതായി കാണാം. ശക്തമായ പരിഹാസവും അഹങ്കാരബോധവും സാമ്പ്രദായികമായ സാമൂഹ്യാവസ്ഥപോലെ അയാളിൽ/നടനിൽ പടരുന്നത് 'പൂര'ത്തിന്റെ കഥാപാത്ര ഘടനയിൽ ഏറെ വ്യത്യസ്തത പുലർത്തി വരുന്നതായി കാണാം. മറ്റൊരുദാഹരണം. പശുവുമായി പാൽക്കാരി പുല്ലു തീറ്റിക്കാനായി പുഴക്കരയിലൂടെ നടന്നു പോവുമ്പോൾ ബാക്കി നാടകട്രൂപ്പിലെ പുരുഷൻമാർ പുഴയിൽ കുളിക്കുന്നരംഗം. കുളിക്കുമ്പോഴുള്ള പുരുഷൻമാരുടെയെല്ലാം കമന്റുകൾ, സംഭാഷണങ്ങൾ, ഹാസ്യം ഇതെല്ലാം നിരീക്ഷിക്കേണ്ടതാണ്.

മറ്റൊന്ന് നാടകട്രൂപ്പിലെ ഓണർക്ക് നാടകകലാകാരൻമാരെ പോറ്റി വളർത്തുന്നതിലുള്ള ബുദ്ധിമുട്ടുകളും മറ്റും, തുറന്ന് കാണിച്ചിട്ടുണ്ട്. മദ്യപിച്ചു ലക്കുകെട്ട കഥാപാത്രമായി നെടുമുടിവേണുവിന്റെ ദുഷ്യന്തൻ നാടകം കളിക്കാനായി ഒരുങ്ങുന്നതും അഭിനയിക്കാനാവാതെ വീഴുന്നതുമായ രംഗം. ഓണറായ തിലകന്റെ മുഖഭാവങ്ങളിലൂടെ ഇത്തരം ബുദ്ധിമുട്ടുകൾ നന്നായി പ്രതിഫലിച്ചിരിക്കുന്നു. വേഷം കെട്ടിവന്ന് സഹായിയോട് കഥാപാത്രം/നെടുമുടി വേണു ചോദിക്കുന്ന ചോദ്യമുണ്ട്. 'ഇതെന്താ എന്റെ വേഷം' അത്രത്തോളം ബോധം പോയ അവസ്ഥ സംവിധായകൻ കൗതുകം പോലെ കാണിക്കുന്നു. മദ്യപാനം കലാകാരൻമാരെ ബാധിക്കുന്നതെങ്ങനെയെന്ന് ഈ നാടകപശ്ചാത്തലത്തിലൂടെ സംവിധായകൻ പറഞ്ഞു വെക്കുന്നു. മദ്യവും സർഗാത്മകതയും തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി നിരവധി പഠനങ്ങൾ മലയാളത്തിൽത്തന്നെ പുറത്തിറങ്ങിയിട്ടുണ്ട്. അതുകൊണ്ടു തന്നെ, സിനിമയിൽ അത്തരം വിഷയങ്ങൾ കലയും മദ്യവും തമ്മിൽ ബന്ധപ്പെടുത്തി ചർച്ച ചെയ്യപ്പെട്ട, ഉദാഹരണം വളരെ കുറവാണ്. രഞ്ജിത് സംവിധാനം ചെയ്ത സ്പിരിറ്റ് (2012), ഐ.വി. ശശിയുടെ അക്ഷരങ്ങൾ (1984), ഹരിഹരന്റെ പ്രേംപൂജാരി (1998), പരിണയം (1994) തുടങ്ങിയ വിരലിലെണ്ണാവുന്ന സിനിമകൾ മാത്രം. പൂരം (1989) ആ ഒരു പാറ്റേണിൽ വിഷയം ചർച്ചചെയ്യപ്പെടുന്നില്ല എന്നു മാത്രം. എന്നാലത് ഉള്ളടക്ക ഭദ്രതയെ തരംതാഴ്ത്തുന്നുമില്ല. നെടുമുടിവേണു അഭിനയിക്കുന്ന കഥാപാത്രം തന്നെ മദ്യപാന ശീലം കൂടിയായതുകൊണ്ടാണ് നാടകത്തിൽ നിന്നും പുറത്താകുന്നത്. ഉപജീവനമാർഗ്ഗം ഇല്ലാതെ പോകുന്നുണ്ട് ഈ കഥാപാത്രത്തിന്. ഇതുപോലെ നൂറുകണക്കിന് കലാകാരൻമാർ മദ്യപാനശീലം കലയിൽ നിന്ന് പുറത്തായിട്ടുണ്ട് എന്ന് നമ്മുടെ കലാലോകം പരിശോധിച്ചാൽത്തന്നെ മനസിലാകും.

18. 'പൂരം' സിനിമയിലൂടെ തൊഴിലാളി പ്രശ്നങ്ങൾ, കലാകാരൻമാരുടെ സാമ്പത്തിക പ്രശ്നങ്ങൾ, ജീവിത സംസ്കാരം ഇതെല്ലാം



**കാവാലം, എം.ജി. രാധാകൃഷ്ണൻ, കാവാലം ശ്രീകുമാർ, ഷാജി.എൻ.കരുൺ, ദേവദാസ്, തുടങ്ങിയവരെല്ലാം വർഷങ്ങൾക്കുശേഷം തയ്യാറായ 'പൂരം' സിനിമയിലും പ്രവർത്തിച്ചു എന്നതാണ് മറ്റൊരു പ്രത്യേകത.**

കൂടി ചർച്ച ചെയ്യപ്പെടുന്നുണ്ട്. വ്യവസ്ഥാപിതമായ വാർപ്പുമാതൃകയിലുള്ള മലയാളികളുടെ സ്വഭാവങ്ങളും പെരുമാറ്റങ്ങളും ഈ സിനിമയിലെ കഥാപാത്രങ്ങൾക്കിടയിൽ കാണാൻ സാധിക്കില്ല. തുറന്ന ജീവിതത്തിന്റെ തുറന്ന ദൃശ്യശ്രാവ്യ കലകൾ തന്നെയാണ് ഇതിൽ ആവിഷ്കരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ സാധാരണക്കാരായ നടീനടൻമാർ ചീത്തവിളി/അശ്ലീലപദം/പോലും അങ്ങോട്ടുമിങ്ങോട്ടും പറയുന്നതായി കാണാം. മറ്റൊരാളെ കാണിക്കാനുള്ള നാടകമല്ല യഥാർത്ഥ നാടകം എന്നൊരു വിശ്വാസം ഈ സിനിമയിലെ കഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നു.

19. നാടകട്രൂപ്പുകളിലെ നടീനടൻമാരൊടൊപ്പം തന്നെ മറ്റു വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ കൂടി ഈ സിനിമയിൽ ഉപകഥാപാത്രങ്ങളായി കടന്നുവരുന്നുണ്ട്. നാടകം അവതരിപ്പിക്കാനായി പോകുന്ന ഓരോ സ്ഥലത്തേയും, ആളുകളുമായി ഇത്തരം വിഭാഗത്തിലെ തൊഴിലാളികൾ ബന്ധം സ്ഥാപിക്കുന്നതും, അവിടെ മറ്റ് മുതലെടുപ്പുകൾ നടത്തുന്നതെങ്ങനെയെന്നും, ചൂഷണം ചെയ്യപ്പെടുന്നതും, ചെയ്യുന്നതും എങ്ങനെയെന്നുമൊക്കെ സംവിധായകൻ നെടുമുടിവേണു സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുണ്ട്.

20. (മുരളി അഭിനയിക്കുന്ന കഥാപാത്രവും സംഘവും നെടുമുടിവേണുവിന്റെ കഥാപാത്രത്തെ വെള്ളമടിപ്പിക്കുന്ന രാത്രിയിലെ രംഗം ഉദാഹരണം.

21. ഇന്നസെന്റിന്റെ മുതലാളി കഥാപാത്രം പന്തൽ കെട്ടുമ്പോൾ ഓലയെടുത്തു കൊടുക്കുന്ന രംഗം മറ്റൊരുദാഹരണം.

22. ശ്രീനിവാസന്റെ കഥാപാത്രം ട്രൂപ്പിന് പുറത്തു നിന്നു വന്ന ട്രൂപ്പിൽ കയറി രാത്രി നാടകസംഘത്തോടൊപ്പം മദ്യപിച്ച് കലാപരിപാടികൾ അവതരിപ്പിക്കുന്നത്).

23. തൊഴിലാളികളുടെ ജോലിസ്ഥലങ്ങളിലെ ജീവിതം, സ്വഭാവശുദ്ധി, ശീലങ്ങൾ, ദു:ശീലങ്ങൾ, പ്രേമബന്ധങ്ങൾ, വരുമാനം, സംഘർഷങ്ങൾ, തുടങ്ങി ജീവിതത്തിലെ ശമ്പളം വരെ നീണ്ടുനിൽക്കുന്ന ഘടകങ്ങൾ എല്ലാം, അവസരസമത്വം എന്ന രീതിയിൽത്തന്നെ 'പൂരം' സിനിമയിലൂടെ സംവിധായകൻ ആവിഷ്കരിക്കുന്നുണ്ട്. അത് കൂടുതലായി വിശദീകരണത്തിന് വിധേയമാക്കുന്നില്ല എന്നു സാരം. ലിംഗവിവേചനം, ജാതിവിവേചനം, അടിമത്തപരമായ ബന്ധങ്ങളുടെ വിവേചനം, ഭക്ഷ്യ-പോഷകാഹാര-പ്രശ്നങ്ങൾ, സ്ത്രീ-പുരുഷ ബന്ധങ്ങളിലെ പ്രശ്നങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യപരിരക്ഷകൾ, ഇതെല്ലാം പൊതുയുക്തിസഹതയുടെ ഭാഗമായിട്ടാണ് നെടുമുടി വേണു പൂരത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ചിത്രത്തിന്റെ തിരക്കഥയും നെടുമുടിവേണു തന്നെയാണ് നിർവഹിച്ചിട്ടുള്ളത്.

ഇത്തരത്തിൽ നിരവധി സവിശേഷതകൾ 'പൂര'ത്തിന് അവകാശപ്പെടാവുന്നതാണ്. അതിലുപരി ഛായാഗ്രഹണത്തിൽത്തന്നെ 360 ഡിഗ്രിയിൽ ഒരു ഷോട്ടോടു കൂടിയാണ് സിനിമ അവസാനിക്കുന്നത്. നാടകവേദിയും തമ്പും എല്ലാം അഴിച്ചുപോയതിനു ശേഷം അവശിഷ്ടങ്ങൾ കാണിക്കു

ന്നു. അതോടൊപ്പം ക്യാമറ ഭാരതപ്പുഴയിലേക്ക് നീളുന്നു. നായകൻ ഒറ്റയ്ക്കാക്കിയ നായികയില് ആണ് ആ ക്യാമറാദൃശ്യം അവസാനിക്കുന്നത്. സണ്ണി ജോസഫാണ് ഛായാഗ്രഹണം. സണ്ണി ജോസഫിന്റെ ഛായാഗ്രഹണ ജീവിതത്തിലെ മികച്ച ഷോട്ടുകളിലൊന്നാണിത്. ദേവദാസിന്റെ ശബ്ദലേഖനത്തിലും വ്യത്യസ്തതകൾ പുലർത്തിയിട്ടുണ്ട്. രാത്രികാല ശബ്ദവീചികൾ പ്രത്യേകിച്ചും വളരെ ചാരുതയോടെ ആവിഷ്കരിച്ചിട്ടുണ്ട്. നാടകം അവതരിപ്പിക്കുന്ന രാത്രിയിലെ ശബ്ദം, അതുകഴിഞ്ഞ് നായകൻ പുല്ലാങ്കുഴൽ വായിക്കുമ്പോഴുള്ള രാത്രിയിലെ ശബ്ദം, നായിക ഉറങ്ങുന്നതും നാടകം കാണാനായി രാത്രിയിലിറങ്ങുമ്പോഴുള്ള രാത്രിയുടെ ശബ്ദവും ശ്രദ്ധിക്കേണ്ടതാണ്. രാത്രിയിൽത്തന്നെ പലപല ശബ്ദങ്ങൾ കൂടിച്ചേരുന്ന അനുഭവം ‘പൂര’ത്തിൽ ഉണ്ട്. ദേവദാസാണ് മുഖ്യ ശബ്ദലേഖകൻ. നെടുമുടിവേണുവിന്റെ ആദ്യ സിനിമയിലെ (തമ്പ്) ശബ്ദ ലേഖകനും ദേവദാസായിരുന്നു. ആദ്യ സിനിമയായ ‘തമ്പി’ൽ പ്രവർത്തിച്ച ഒട്ടുമിക്ക കലാകാരൻമാരെല്ലാം ‘പൂര’ത്തിലും, സഹകരിച്ചിട്ടുണ്ട്. കാവാലം, എം.ജി. രാധാകൃഷ്ണൻ, കാവാലം ശ്രീകുമാർ, ഷാജി.എൻ. കരുൺ, ദേവദാസ്, തുടങ്ങിയവരെല്ലാം വർഷങ്ങൾക്കുശേഷം തയ്യാറായ ‘പൂരം’ സിനിമയിലും പ്രവർത്തിച്ചു എന്നതാണ് മറ്റൊരു പ്രത്യേകത. സംഗീതത്തിന്റെ ആവിഷ്കാര കാര്യത്തിലും നെടുമുടിവേണു പൂരത്തിൽ തനതായ സംഗീത രൂപങ്ങൾ തന്നെ ഉപയോഗിച്ചു. ഇതിവൃത്തമായ ബാലെ, നാടകം, തുടങ്ങിയവയിൽ ഉപയോഗിക്കുന്ന തരം പാട്ടുകൾ തന്നെയാണ് ഉപയോഗിച്ചത്. ‘ചിന്താമണി’ എന്ന കീർത്തന സ്വഭാവത്തിലുള്ള എം.ജി. ശ്രീകുമാർ പാടിയ പാട്ടും, കണ്ണീർക്കിളി ചിലച്ചു എന്ന അരുന്ധതി ആലപിച്ച പാട്ടുമാണ് വ്യത്യസ്തമായി നിൽക്കുന്ന രണ്ട് ഗാനങ്ങൾ. ബാക്കി ഗാനങ്ങളെല്ലാം സിനിമയ്ക്കുള്ളിലെ അവതരിപ്പിക്കപ്പെടുന്ന നാടകത്തിനുള്ളിലെ പാട്ടുകൾ തന്നെയാണ്. ക്ലാസിക്കൽ സംഗീതത്തിലധിഷ്ഠിതമായ ചിട്ടയോടെ ഒരുക്കിയതാണെങ്കിലും, ജനകീയമായ ഒരു നിർമ്മാണരീതി ആ പാട്ടുകളുടെ കോമ്പോസിഷനിൽ കാണാം. ഏത് സാധാരണക്കാരനും എളുപ്പം പാടാവുന്ന രീതിയിലുള്ള ഒരു ചിട്ട പാട്ടിലുണ്ട്. കാവാലം നാരായണപ്പണിക്കർ -എം.ജി. രാധാകൃഷ്ണൻ കൂട്ടുകെട്ടിൽ ക്ലാസിക്കൽ/കർണ്ണാടിക് സംഗീത ചിട്ടവട്ടങ്ങൾ ഉപയോഗിക്കുമ്പോൾ പോലും പലപ്പോഴും, നാടൻ പാട്ടിന്റെതായ ഒരു ചേരുവ കൂടിചേർത്തു കാണാറുണ്ട്. സംവിധായകനായ നെടുമുടിവേണുവിൽ സംഗീതത്തെക്കുറിച്ചും, ഇത്തരമൊരു വിഷയത്തെക്കുറിച്ചും, വലിയ അഗാധപാണ്ഡിത്യം ഉണ്ടായിരുന്നു എന്നുകൂടി ഈ ചിത്രം തെളിയിക്കുന്നു.



**ശ്രീനിവാസൻ സംവിധാനമോ തിരക്കഥയോ എഴുതിയ ചിത്രങ്ങളിൽ പലപ്പോഴും ശ്രീനിവാസൻ അഭിനയിക്കുന്ന കഥാപാത്രം പലപ്പോഴും, വീരത്വം ഇല്ലാത്ത ഒരു സ്വഭാവ/അനുഭവരീതി സ്വീകരിച്ചു കാണാറുണ്ട്. മലയാളത്തിൽ മറ്റാരും ആ ഒരു രീതി സ്വീകരിച്ചു കാണാറില്ല എന്നും തോന്നിയിട്ടുണ്ട്. ശ്രീനിവാസനുശേഷം സംവിധായകനായ നെടുമുടിവേണുവിന്റെ പൂരത്തിലാണ് ആ ഒരു കഥാപാത്രരീതി കണ്ടത്.**

## പൂരം എന്ന പ്രതിനിധാനം

സർഗാത്മകമായി ചില വെല്ലുവിളികൾ ‘പൂരം’ പേരിലുണ്ട്. ‘ഉത്സവങ്ങൾ‘ എന്നർത്ഥത്തിൽ. അത്തരത്തിലുള്ള ഒരു തൃശൂർപൂരം നെടുമുടിവേണുവിന്റെ - ‘പൂര’ത്തിൽ കാണുന്നില്ലായിരിക്കും. പക്ഷേ പൂരം ഇവിടെ ആ ഒരു അലങ്കാരപരിപ്രേക്ഷ്യത്തിലല്ല ഉള്ളത്. മറിച്ച്, വൈയക്തികമായ, മനുഷ്യ ജീവിതത്തിനുള്ളിലെ ആവിർഭാവം എന്ന നിലക്കാണ് ‘പൂരം’ എന്ന ശീർഷകത്തെ സംവിധായകൻ നെടുമുടിവേണു ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ‘പൂരം’ ഇവിടെ ജീവിതോപാധിയാക്കിയ കലാകൂട്ടായ്മയുടെ ആഖ്യാന പശ്ചാത്തലമാകുന്നുണ്ട്. നാടകം, നാടകം ടിക്കറ്റ് വെച്ചു നടക്കുന്ന രീതി, ആസ്വാദകർ, കാണികൾ, നാട്ടുകാർ, കലാകാരൻമാർ, ഇത്രയുമാണ് പൂരത്തിലെ ക്രിയാത്മകമായ, ബഹുസ്വരമായ, ആഖ്യാനസ്വരൂപങ്ങൾ. മറ്റൊന്ന് ആഖ്യാനത്തിലുപയോഗിച്ച അയഞ്ഞ തരം ഘടനയാണ്. പൂരത്തിന്റേതായ ബഹുസ്വരമായ ആഖ്യാന ജീവിതത്തിൽ ഈയൊരു അയഞ്ഞ ഘടന പൂരം സിനിമയിലും ഒരു മന:സ്ഥിതി രൂപമാറ്റമായി സംവിധായകനായ നെടുമുടി വേണു ഉപയോഗിച്ചിട്ടുണ്ട്.

ശ്രീനിവാസൻ സംവിധാനമോ തിരക്കഥയോ എഴുതിയ ചിത്രങ്ങളിൽ പലപ്പോഴും ശ്രീനിവാസൻ അഭിനയിക്കുന്ന കഥാപാത്രം പലപ്പോഴും, വീരത്വം ഇല്ലാത്ത ഒരു സ്വഭാവ/അനുഭവരീതി സ്വീകരിച്ചു കാണാറുണ്ട്. മലയാളത്തിൽ മറ്റാരും ആ ഒരു രീതി സ്വീകരിച്ചു കാണാറില്ല എന്നും തോന്നിയിട്ടുണ്ട്. ശ്രീനിവാസനുശേഷം സംവിധായകനായ നെടുമുടിവേണുവിന്റെ പൂരത്തിലാണ് ആ ഒരു കഥാപാത്രരീതി കണ്ടത്.

ചിത്രത്തിൽ പരിഹാസപാത്രമായ കഥാപാത്രമാണ് നെടുമുടിവേണുവിന്റെ ആശാൻ കഥാപാത്രം അവതരിപ്പിച്ചിട്ടുള്ളത്. നായകസ്വരൂപങ്ങളിൽ തിരക്കഥാകൃത്തുക്കളായ ശ്രീനിവാസനും, നെടുമുടിവേണുവും ഒരു പരിധിയിൽ കവിഞ്ഞ് വിശ്വസിക്കുന്നില്ല എന്നു തോന്നാം. വടക്കുനോക്കിയന്ത്രത്തിൽ ദിനേശൻ നായകനാണെങ്കിലും നായകബോധത്തെ പുരുഷലോകം സ്വീകരിക്കുന്നില്ല. ‘പൂര’ത്തിലെ അപ്പു എന്ന ചെറുപ്പക്കാരന്റെ നായകബോധവും മറ്റൊന്നല്ല. പ്രായോഗിക പ്രണയതലങ്ങളിൽ അപ്പു ഒളിച്ചോടിപ്പോവുകയാണ്. നാടകത്തിലെ ദുഷ്യന്തനെപ്പോലെ തന്നെ, അതുമല്ലെങ്കിൽ നാടകം




അഭിനയിച്ചു കഴിഞ്ഞ ഒരു നടനെപ്പോലെ. എന്നാൽ പൂരത്തിന്റെ ക്രാഫ്റ്റിൽ നെടുമുടിവേണു ഒരു പരീക്ഷണം ചെയ്തിട്ടുണ്ട്. സിനിമയിലുടനീളം ഇല്ലാത്ത ഘടനാപരമായ സമീപനം ചിത്രത്തിന്റെ പരിസമാപ്തിയിൽ കാണിച്ചിട്ടുണ്ട്. ആഖ്യാനാന്ത്യങ്ങളിൽ പൂരത്തിൽ അതുവരെയുണ്ടായിരുന്ന ബഹുമുഖത്വത്തെ ഉപേക്ഷിക്കുന്നു. പകരം ആഖ്യാനാന്ത്യങ്ങളിൽ (Narrative closure) ജനപ്രിയത/കാമം/നായകത്വം/തുടങ്ങിയ വിശ്വാസ ദർശനം കാണിക്കുന്നു. 'ആർട്ട്'സിനിമയെന്ന് മുദ്രകുത്തപ്പെട്ട മലയാള സിനിമകളിലുള്ള ഒരു പൊതു രൂപഭാവം 'പൂരം' എന്ന സിനിമയിൽ ലവലേശമില്ല. പാട്ട്, നൃത്തം, സംഘടനം, തമാശ, തുടങ്ങിയ മുഖ്യധാര ഫോർമുലകൾ 'പൂര'ത്തിൽ കടന്നുവന്നിട്ടുണ്ട്. മുഖ്യധാരാ ഫോർമുലകളുടെ യുക്തിയിൽ 'പൂരം' ഒരു സ്വാധീനവും ചെലുത്തുന്നുമില്ല എന്നു കാണാം.

വീക്ഷണത്തിലും നിലപാടുകളിലും, പ്രമേയത്തിലുമെല്ലാം ഒരുതരം, ആത്മതത്ത്വത്തിന്റെ ബാഹ്യവ്യവഹാരങ്ങൾ എന്ന നിലക്കാണ് നെടുമുടിവേണുവിലെ സംവിധായകൻ 'പൂരം' എന്ന സിനിമസൃഷ്ടിയെ സമീപിച്ചിരിക്കുന്നത്. പൂരം സിനിമയിൽ/സിനിമയ്ക്കുള്ളിൽ ജനാധിപത്യ മര്യാദകൾ കാണാം. ഒരു പക്ഷേ സിനിമയിലെ കേന്ദ്ര കഥാപാത്രം എന്ന നിലപാടിനെ മാറ്റുകയും പകരം സംഘം/സമൂഹം/ആൾക്കൂട്ടം എന്ന ബിംബത്തെ സ്ഥാപിക്കുന്നുമുണ്ട്.. അയാൾ ആ ഒരു പൊതുമണ്ഡലം കൂടി പൂരം സിനിമയിൽ നാം ചേർത്തു വായിക്കേണ്ടതുണ്ട്. അരവിന്ദന്റെ ഒരിടത്ത്, 'പൂരം' ഉൾപ്പെടുന്നെങ്കിലും, അവിടെ 'ഗ്രാമം' എന്ന ഘടകമാണ് പ്രധാനം. ഇവിടെനെടുമുടി വേണുവിന്റെ ചിത്രത്തിൽ 'പൂരം' ഗ്രാമത്തെ വീക്ഷിക്കുന്നു. അവതരിപ്പിക്കപ്പെടുന്നു.

പൂരം സിനിമയിലുള്ള മറ്റൊരു പ്രധാന ഘടകം, സാമൂഹ്യപരമായ, കലകളലുള്ള പ്രത്യേകിച്ചും നാടക സംഘങ്ങൾക്ക് സജീവമായ കാല ഘട്ടത്തെ പ്രവർത്തനങ്ങളെയെല്ലാം സാധൂകരിക്കുന്നു എന്നതാണ്. കേരളത്തിന്റെതായ നാടകാസ്വാദനത്തിന്റേതായ/ ഉത്സവപ്പറമ്പുകളിലുണ്ടായ/ നാടകട്രൂപ്പുകളുടെ വളർച്ചയും തളർച്ചയും 'പൂരം' സിനിമയിൽ നന്നായി പ്രതിഫലിക്കുന്നു. പ്രചാരവും അപചയവും ഒരേയളവിൽ 'പൂരം' സിനിമയിൽ സംബന്ധിക്കുന്നു എന്നു സാരം. വീക്ഷണങ്ങളിൽ പലപ്പോഴും അതിൽ നിന്നും വ്യതിചലിച്ചിട്ടുള്ള സംവിധാനരീതി പല സീനുകളിലും കാണാമെങ്കിലും മൊത്തത്തിലുള്ള ശൈലീവത്കരണം എന്നു പറയുന്നത് ടെക്നോളജി ബാധിക്കാത്ത നാടകാവതരണത്തിന്റെ പൊതുസമ്മതിയും, വളർച്ചയും, 'പൂരം' സിനിമയിൽ പ്രവേശിക്കപ്പെടുന്നുണ്ട്. എന്നാലതൊരു മാതൃകാപരമായ വ്യവഹാരം എന്ന നിലക്ക് കടന്നുവരുന്നുമില്ല. 'പുഴ' പോലെ ഒഴുകിപ്പോവുകയാണ് ഈ അനുഭവഭാഷണം എന്നും പറയാം. പൊതുജീവിത സാഹചര്യത്തിലും നാടകസംഘങ്ങളിലൂടെ, നാടകകലയിലൂടെ, ജീവിതം ഉളവാക്കിയ മനുഷ്യരെല്ലാം (പ്രൊഫഷണലുകളും അമേച്വറുകളും എല്ലാം ഉൾപ്പെട്ട) ഇവിടെ കലാവ്യവസായത്തിന്റെ വളർച്ചയുടെ പ്രതിനിധികളാവുകയാണ്. ലഹരിയുടേയും വിശപ്പിന്റേയും അതിജീവനത്തിന്റേയുമിടയിലൂടെ നാടകസംഘം അസ്തിത്വം തേടുന്നുണ്ട്. അരവിന്ദന്റെ തമ്പ് (1978) സിനിമയിൽ സർക്കസ് ആണ് രംഗമെങ്കിൽ പൂരം (1989) ത്തിലാകട്ടെ അത് നാടകട്രൂപ്പുകളാണ്. പൂരം സിനിമയുടെ പരിസമാപ്തിയിൽ, നാടകസംഘം ബസിൽ യാത്രയാവുമ്പോൾ നായകൻ അപ്പു ഓടിക്കയറി വണ്ടി അപ്രത്യക്ഷമാവുകയാണ്. അരവിന്ദന്റെ തമ്പിലും, നെടുമുടിവേണു അവതരിപ്പിക്കുന്ന ചെറുപ്പക്കാരൻ സർക്കസ് വണ്ടിക്കാരോടൊപ്പം ലോറിയിൽ കയറി അപ്രത്യക്ഷമാവുന്നു. രണ്ട് ചിത്രങ്ങളിലുള്ള ദൃശ്യാഖ്യാന അനുഭവം നെടുമുടി വേണുവിലെ കലയും മന:ശാസ്ത്രവും തമ്മിലുള്ള ആഖ്യാനഗാത്രത്തിലെ ഒത്തുചേരലിൽ നിന്നും ഉടലെടുത്തതു തന്നെയാണ്. രണ്ട് സിനിമയിലും, മന:ശാസ്ത്രപരമായ ഒരു സംവിധായക കർതൃത്വം ആസ്വാദകനിൽ പടർന്നു പിടിക്കുകയും ഒരുതരം നവതരംഗം

സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

## മുതലാളിത്തം

മുതലാളിത്തം എന്ന നിയന്ത്രണസ്വരൂപം പൂരത്തിൽ ആവർത്തിക്കപ്പെടുന്ന ഒന്നായി കാണാം. കഥാപാത്രങ്ങളായ അഭിനേതാക്കൾ എല്ലാം 'തിലകൻ' എന്ന ട്രൂപ്പുമുതലാളിയുടെ ആജ്ഞാനുസാരികളായി മിക്ക രംഗങ്ങളിലും പെരുമാറുന്നതായി കാണാം. തിയറ്റർ മുതലാളി എന്ന നിലയിൽ മുരളി ടിക്കറ്റ് പിരിക്കാൻ വരുന്നത്, മദ്യപാനസംഘം ഒത്തു ചേർന്ന് നടപ്പാക്കുന്നത്, ഇങ്ങനെയെല്ലാം അത് നീണ്ടു പോകുന്നു. നായികയെ ഉപേക്ഷിച്ച് നാടകൻ ഓടിക്കയറുന്നതും മുതലാളിയുടെ കീഴിൽ അഭയം പാർക്കാൻ തന്നെയാണ്. ട്രൂപ്പിൽ നിന്നിറക്കിവിട്ട നെടുമുടിയുടെ കഥാപാത്രവും പോകുന്നതും പോകേണ്ടതും മറ്റൊരു നാടക മുതലാളിയെത്തേടി ത്തന്നെയാണ്. ഗ്രാമത്തിലെ നാടകം ബുക്ക് ചെയ്ത മാനേജറായി വരുന്ന ഇന്നസെന്റിന്റെ കഥാപാത്രത്തിലും ഈയൊരു മുതലാളിത്തം പ്രകാശിക്കുന്നത് കാണാം. നായികയുടെ പിതാവായ ടി.ജി. രവി അഭിനയിച്ച കഥാപാത്രം മകളോട് പെരുമാറുന്ന രീതിയിലും, പണം കൊടുക്കുന്ന മുതലാളിയുടെ ഉല്പന്നയുക്തി പ്രതിഫലിക്കുന്നതു കാണാം. ഭാര്യ/ അമ്മ എന്നത് രോഗിയായി കട്ടിലിൽ കിടന്ന് മകളെ (മാതു അവതരിപ്പിച്ച കഥാപാത്രം) ഉപദേശിക്കുന്ന രാത്രിയിലെ രംഗം തന്നെ ഉദാഹരണം. പിന്നീട് നാടകട്രൂപ്പിനെതിരെ നാട്ടിലെ രാഷ്ട്രീയക്കാരെക്കൂട്ടി കൂട്ടുപിടിച്ച് സംഘർഷമുണ്ടാക്കുന്ന രംഗത്തിലും സോമൻ അവതരിപ്പിക്കുന്ന കഥാപാത്രഭാഷയിലും, സ്വത്വത്തിലുമെല്ലാം, മുതലാളിത്തത്തിന്റെ വൈവിധ്യവത്കരണ ശൈലി കടന്നു വരുന്നുണ്ട്. 'പൂരം' സിനിമയിൽ രാഷ്ട്രീയ വായന എന്ന അളവുകോൽ വെച്ച് നോക്കുകയാണെങ്കിൽ ഈയൊരു മുതലാളിത്തപ്രകാശനം പൂരത്തിൽ ധാരാളമായി സംഭവിക്കുന്നതായി കാണാൻ കഴിയും.

പ്രണയം, രോഗം, ഭക്ഷണം, പട്ടിണി, വസ്ത്രം, പ്രശസ്തി, ഇതെല്ലാം മുതലാളിത്തത്തെ ന്യായീകരിക്കുന്ന മുന്നേറ്റങ്ങൾ തന്നെയാണെന്ന് 'പൂരം' സിനിമ അടയാളപ്പെടുത്തുന്നു.

**മുതലാളി വിഷയങ്ങളിലുള്ള മാതൃകകൾ ചർച്ച ചെയ്ത മുഖ്യധാരാ മലയാള സിനിമകളിലെല്ലാം (ഐ.വി.ശശിയുടെ മിക്ക ചിത്രങ്ങളും, പി.എൻ. മേനോൻ, മണിരത്നം, പി.ജി. വിശ്വംഭരൻ, ശശികുമാർ, എന്നിവരുടെ ചില ചിത്രങ്ങൾ) വാർപ്പു മാതൃകകളുടെ നിർമ്മാണമാണുള്ളത്. നെടുമുടിവേണുവിലെ 'പൂര'ത്തിൽ അതൊന്നും ഇല്ല. അത്രം ബൃഹദ് കാഴ്ചകളെ സംവിധായകൻ ഒഴിവാക്കുന്നുണ്ട്. അവിടെ മുഖ്യധാരാ കച്ചവട സിനിമയുടെ ശൈലിയെ പിന്തുടരുന്നില്ല എന്നു സാരം.**

24. നാടകം/കല/എന്നത്, പ്രദർശന വ്യവസായത്തിൽ അവതരിപ്പിക്കപ്പെടുന്ന സ്ഥിതി ഉണ്ടാവുന്നു.
25. സാമ്പ്രദായികമായ ഒരു സാമൂഹികപ്രക്രിയ എന്ന നിലയിലാണെങ്കിലും, നാഗരിക സംസ്കൃതിയുടെ ഹാനികരമായ വ്യക്തിഹത്യ അത് ലക്ഷ്യമാക്കുന്നു.
26. നാട്ടുനൻമകളെ, ഗ്രാമീണതയെ, അത് തുടച്ചുമാറ്റുന്നു.
27. ഉത്തരവാദിത്വം എന്നതിനെ രൂപവത്കരണം ചെയ്ത്, മുതലാളിത്ത താത്പര്യങ്ങളുടെ താത്പര്യമാക്കി മാറ്റുന്നു.
28. ജീവിതത്തിലെ വ്യവഹാരങ്ങളെല്ലാം, സ്വത്വാധിഷ്ഠിത പ്രശ്നമായി മാറുന്നു. സാമൂഹികരൂപം എന്നതിന്റെ പ്രസക്തി തന്നെ ഇല്ലാതാകുന്നു. (സാമൂഹ്യരൂപം ബസിനുള്ളിലെ ട്രൂപ്പുമുതലാളിയുടെ ലോകമായി മാറുന്നു എന്നു സാരം)
29. സ്ത്രീയുടെ/പുരുഷന്റെ/പ്രബുദ്ധത ഒരു നദീശരീരത്തിൽ ഉപേക്ഷിക്കപ്പെടുന്നതോ ഒരു മോതിരമിട്ട് ഓർക്കാനായി മാത്രം വിധിക്കപ്പെടുന്നതോ, ഒന്നായ അപഭ്രംശ കൽപ്പനയായി മാത്രം മാറ്റുന്നു. (ഈ അപഭ്രംശം എന്നത് മുഖ്യധാരാ സിനിമയുടെ ആവർത്തിക്കപ്പെടുന്ന കച്ചവട രൂപകം എന്ന നിലക്കാണ്.)
30. 'പൂരം' സിനിമയിൽ, വ്യാവഹാരികപരമായ ഒരു രാഷ്ട്രീയ പ്രയോഗത്തിനുപോലും സാധ്യത കൽപ്പിക്കാതെ ദുർബലപ്പെടുത്തുന്നതായി തോന്നാം. സാമാന്യബോധം എന്ന നിലക്ക്, ഒരു നായിക/ നായകൻ/മാതൃക സംവിധായകൻ അവസാന ഭാഗത്ത് കൊണ്ടുവന്നത് എന്തിനാണ് എന്നും ചോദിക്കേണ്ടിയിരിക്കുന്നു. തൊഴിലാളി - മുതലാളി വിഷയങ്ങളിലുള്ള മാതൃകകൾ ചർച്ച ചെയ്ത മുഖ്യധാരാ മലയാള സിനിമകളിലെല്ലാം (ഐ.വി.ശശിയുടെ മിക്ക ചിത്രങ്ങളും, പി.എൻ. മേനോൻ, മണിരത്നം, പി.ജി. വിശ്വംഭരൻ, ശശികുമാർ, എന്നിവരുടെ ചില ചിത്രങ്ങൾ) വാർപ്പു മാതൃകകളുടെ നിർമ്മാണമാണുള്ളത്. നെടുമുടിവേണുവിലെ 'പൂര'ത്തിൽ അതൊന്നും ഇല്ല. അത്രം ബൃഹദ് കാഴ്ചകളെ സംവിധായകൻ ഒഴിവാക്കുന്നുണ്ട്. അവിടെ മുഖ്യധാരാ കച്ചവട സിനിമയുടെ ശൈലിയെ പിന്തുടരുന്നില്ല എന്നു സാരം.
31. തൊഴിലിടം എന്ന രീതിയിൽ നാടകകലാകാരൻമാരുടെ ജീവിതത്തെയും അതിന്റെ തന്നെ പരിസരങ്ങളേയും എല്ലാം തന്നെ ഉപഭോഗസൂചകമായ സ്വഭാവരീതികളായി നെടുമുടിവേണു ആവിഷ്കരിക്കുന്നു. അത് സിനിമയിലുടനീളം പ്രതിനിധാനം ചെയ്തിട്ടുമുണ്ട്. ആശയത്തിലും കഥാരൂപീകരണത്തിലും ആവിഷ്കാരരീതികളിലെല്ലാം തന്നെ അത്തരം പ്രതിനിധാനപരതയെ ഭാവാത്മകമായ രീതിയിൽ നിലനിർത്തുവാനും സംവിധായകനായ നെടുമുടിവേണുവിന് സാധിച്ചിട്ടുണ്ട്.

ചില പ്രധാന വിഷയങ്ങൾകൂടി പൂരത്തിൽ ത്വരകങ്ങളായി നിൽക്കുന്നതും കാണാൻ കഴിയും.

- പുരുഷ കേന്ദ്രിതബോധങ്ങൾ
- സ്ത്രീ ശരീര വർണ്ണന
- സദാചാരബോധം
- ഉപഭോഗം/ഉൽപ്പന്നം/മൂലധനം/ വിപണി
- അസംഘടിത/തൊഴിലാളി/ശക്തി
- വിഭക്തസ്വത്വം/വീക്ഷണം
- കലാസംസ്കാരം ശക്തിപ്പെടുത്തുന്നു/രീതികൾ
- കലയുടെ പൊതുമണ്ഡലം



# 'അപരാജിതോ' സിനിമക്കുള്ളിലെ സിനിമ

**അനിക്ദത്ത സംവിധാനം ചെയ്ത 'അപരാജിതോ ദ അൺഡിഫീറ്റഡ്' എന്ന ബംഗാളി ചിത്രത്തിന്റെ ആസ്വാദനം**

**ജോൺ തോമസ്**

ഇറ്റാലിയൻ നവറിയലിസത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണ് ഇൻഡ്യൻ സിനിമയിലെ എക്കാലത്തെയും ഒന്നാമനായ 'സത്യജിത് റായ് തന്റെ പ്രഥമചിത്രമായ പഥേർ പദോബാലി' രൂപപ്പെടുത്തിയത്.

പൊതുവേ എല്ലാവരും സത്യജിത് റായുടെ 'മാഗ്നം ഓപ്പസിനെ' പഥേർ പാഞ്ചാലി എന്നാണ് പ്രയോഗിക്കുന്നത്. എന്നാൽ 2022 ൽ ബംഗാളി സിനിമയിൽ രൂപപ്പെട്ട 'അപരാജിതോ ദ അൺഡിഫീറ്റഡ്' എന്ന വിഖ്യാതചിത്രത്തിൽ വ്യക്തമായി തന്നെ 'പഥേർ പാഞ്ചാലി' എന്ന നാം പൊതുവേ വിളിക്കുന്ന ക്ലാസിക് ചിത്രത്തിന്റെ പേര് യഥാർത്ഥത്തിൽ 'പഥേർ പദോബാലി' എന്നാണ് പ്രയോഗിക്കേണ്ടതെന്നു വ്യക്തമായി മനസ്സിലാക്കുന്നു.

ഒന്നരലക്ഷം രൂപയിലാണ് പരമാവധി ചിലവ് കുറച്ചു സത്യജിത്റേ തന്റെ ക്ലാസിക് ചിത്രം പൂർത്തീകരിച്ചത്. അമേച്വർ അഭിനേതാക്കളെയും പുതുമുഖങ്ങളെയും കണ്ടെത്തിയാണ് തന്റെ സിനിമയ്ക്ക് വേണ്ട കഥാപാത്രങ്ങളെ സൃഷ്ടിച്ചത്.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ഉണ്ടായ ചലച്ചിത്രങ്ങൾക്കിടയിൽ ആഗോള പ്രശസ്തി നേടിയ ആദ്യചിത്രമാണ് 'പഥേർ പദോബാലി'. 1955 ലാണ് ഈ ചിത്രം റിലീസ് ചെയ്തത്. അതേ വർഷം തന്നെ കാൻഫെസ്റ്റിവലിൽ ഈ ചിത്രത്തെ 'ബെസ്റ്റ് ഹ്യൂമൻ ഡോക്യമെന്ററി' യായി തിരഞ്ഞെടുത്തു.

ബിഭുതിഭൂഷണൻ ബന്ദോപാദ്ധ്യയുടെ ക്ലാസിക് നോവലിനെ ഉപജീവിച്ച് സത്യജിത് റേ തയ്യാറാക്കിയ തിരക്കഥയിൽ നിന്നാണ 'പഥേർ പദോബാലി' സാക്ഷാത്കരിച്ചത്. പശ്ചിമബംഗാൾ ഗവൺമെന്റിൽ നിന്നു ലഭിച്ച സാമ്പത്തിക സഹായം കൊണ്ടാണ് ചിത്രം പൂർത്തീകരിച്ചത്.

1894 സെപ്റ്റംബർ 12-നാണ് ബിഭുതി ഭൂഷൺ ബന്ദോപാദ്ധ്യായ ജനിച്ചത്. 1950 നവംബർ 1 നായിരുന്നു അദ്ദേഹത്തിന്റെ മരണം. നിരവധി നോവലുകൾ, ചെറുകഥകൾ, ഗാനങ്ങൾ എന്നിവ രചിച്ച ഈ എഴുത്തുകാരന്റെ മുഖ്യ രചനകളാണ് പഥേർ പദോബാലി അപരാജിതോ, ചന്ദർപഹാർ, ആര്യാങ്ക് ഹിരേമാണിക്, 'ആദർശ് ഹിന്ദു ഹോട്ടൽ ജെലോ' തുടങ്ങിയ രചനകൾ. എന്നാൽ ബിഭുതിഭൂഷൺ ബന്ദോപാദ്ധ്യയ്ക്ക് യശസ്സ് നേടിക്കൊടുത്തത് 'പഥേർ പദോബാലി'' എന്ന രചനയാണ്.

'പഥേർ പദോബാലി'' ആസ്വ



ദിക്കുന്ന അതേ അനുഭൂതിയോട് കൂടി എന്നല്ല; അതിനെക്കാൾ ആവേശത്തോടുകൂടി തന്നെ 'അപരാജിതോ'യും ഏതൊരു സിനിമ പ്രേമിക്കും ആസ്വദിക്കാൻ കഴിയും. 'പഥേർ പദോബാലി' എന്ന സിനിമയെക്കുറിച്ച് ചലച്ചിത്ര പ്രേമികളോട് ഒന്നും വിശദീകരിക്കേണ്ടതില്ല. സിനിമയെ സ്നേഹിക്കുന്നവർക്ക് ഒരു തരത്തിലും അവഗണിക്കാൻ കഴിയാത്ത സിനിമയാണെന്നു മാത്രമല്ല ലോകസിനിമയുടെ ചരിത്രത്തിൽ തന്നെ ഒരു നാഴികക്കല്ലാണ് 'പഥേർ പദോബാലി'

തന്റെ സ്വപ്നപദ്ധതിയുടെ പൂർത്തീകരണത്തിനായി ഇറങ്ങിത്തിരിച്ച സത്യജിത് റായ്ക്ക് നേരിടേണ്ടിവന്ന സാമ്പത്തിക ക്ലേശം ചെറുതായിരുന്നില്ല. അദ്ദേഹത്തിന്റെ വിവാഹം കഴിഞ്ഞിട്ട് ഏതാനും മാസങ്ങൾ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ഭാര്യ ബിമല തന്റെ ആഭരണപ്പെട്ടി അദ്ദേഹത്തിന് മുമ്പിൽ വെച്ചിട്ട് പറഞ്ഞു. 'ഇത് വിൽക്കുകയോ പണയം വെക്കുകയോ ചെയ്തിട്ട് സിനിമ എടുക്കുക'!. സാധാരണഗതിയിൽ ഒരു നവവധുവും ചെയ്യാൻ തയ്യാറാകാത്തതാണ് ബിമല ചെയ്തത്. ഭാര്യയുടെ സ്നേഹപൂർണ്ണമായ നിർബന്ധത്തിന് അദ്ദേഹം വഴങ്ങിയില്ല. സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മറ്റ് മാർഗ്ഗങ്ങൾ ആരായുകയാണുണ്ടായത്. ഇതിനെ തുടർന്നാണ്

**1950 കളിലെ ഇൻഡ്യൻ സാഹചര്യത്തിൽ തന്റെ സങ്കല്പത്തിനിണങ്ങുന്ന ഒരു ചിത്രം ഉണ്ടാക്കുക എളുപ്പമായിരുന്നില്ല. എന്നാൽ സത്യജിത്‌റോയുടെ ഇച്ഛാശക്തിയും, കൃത്യമായ ആസൂത്രണവും കൊണ്ടാണ് ഈ ലക്ഷ്യം പൂർണ്ണമായത്. തന്റെ ചിത്രത്തിന്റെ നിർമ്മാണത്തിനിടയിൽ അദ്ദേഹം നേരിട്ട പ്രശ്നങ്ങളെയും പ്രതിസന്ധികളെയും വിജയകരമായി തരണം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചു.**

ബംഗാൾ മുഖ്യമന്ത്രി ബിമൽറോയിയെ സന്ധിക്കാനുള്ള അവസരം ഒത്തുവന്നത്.

മുഖ്യമന്ത്രി തന്റെ ഓഫീസിൽ ഫയൽ നോക്കുന്നതിനിടയിലാണ് സത്യജിത് റായ് തന്റെ ചിത്രത്തിന്റെ കഥ വായിക്കുന്നത്. കഥ കേട്ട ശേഷം അദ്ദേഹം തന്റേതായ ചില നിർദ്ദേശങ്ങൾ നൽകി. ദുർഗ്ഗയുടെ മരണശേഷം കൊടിയ ദാരിദ്ര്യത്തിൽ അകപ്പെട്ട കുടുംബത്തെ കൂട്ടി ബനാറസ്സിലേക്ക് പോകാനുള്ള തീരുമാനം മാറ്റുക ശോകാകുലമായ ഈ ക്ലൈമാക്സ് വേണ്ട പകരം, ഹരിഹറിന് ബംഗാൾ ഗവൺമെന്റ് ഒരു ലോൺ അനുവദിക്കുന്നു. ആ പണം ഉപയോഗിച്ച് അവർക്ക് മെച്ചപ്പെട്ട ഒരു ജീവിതം പടുത്തുയർത്താനാകും.

മുഖ്യമന്ത്രിയുടെ നിർദ്ദേശം കേട്ട് റായ് വല്ലാതെ അസ്വസ്ഥനായി. അങ്ങനെ നമ്മുടെ ഇഷ്ടത്തിനു കഥയിൽ മാറ്റം വരുത്താനാവില്ലെന്നു പറയുമ്പോൾ എന്തുകൊണ്ട് മാറ്റം വരുത്തിക്കൂടാ എന്നു ചോദിക്കുന്നു. ഇത് ബിഭൂതിഭൂഷന്റെ പ്രശസ്തമായ നോവലാണെന്നു പറയുമ്പോൾ, എങ്കിൽ അദ്ദേഹത്തോട് പറഞ്ഞിട്ട് മാറ്റി കൂടെ... അതിലെന്താണ് പ്രശ്നം എന്നായി മുഖ്യമന്ത്രി. അദ്ദേഹം അഞ്ചു വർഷങ്ങൾക്കുമുമ്പേ മരിച്ചു എന്നു പറയുമ്പോഴാണ് മുഖ്യമന്ത്രിക്ക് കാര്യം ബോദ്ധ്യമായത്. അങ്ങനെയാണെങ്കിൽ സാംസ്കാരിക വകുപ്പിൽ നിന്നു സിനിമയ്ക്കു ഫണ്ട് അനുവദിക്കാൻ ബുദ്ധിമുട്ടാണെന്നു മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ അപ്രതീക്ഷിതമായി 'പഥേർ പദോബാലി' എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ച് അന്വേഷണമായി. 'പാതയിലെ ഗാനം' എന്നാണ്


അർത്ഥമെന്നു വിശദീകരിക്കുമ്പോൾ അങ്ങനെയാണെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്നു നിർദ്ദേശം ഉയർന്നു. അങ്ങനെ റോഡുപണിയുടെ വകുപ്പിൽ നിന്നനുവദിച്ചുകിട്ടിയ തുക ഉപയോഗിച്ചാണ് സിനിമ പൂർത്തീകരിച്ചത്.

1950 കളിലെ ഇൻഡ്യൻ സാഹചര്യത്തിൽ തന്റെ സങ്കലപ്പത്തിനിണങ്ങുന്ന ഒരു ചിത്രം ഉണ്ടാക്കുക എളുപ്പമായിരുന്നില്ല. എന്നാൽ സത്യജിത്റോയുടെ ഇച്ചാശക്തിയും, കൃത്യമായ ആസൂത്രണവും കൊണ്ടാണ് ഈ ലക്ഷ്യം പൂർണ്ണമായത്. തന്റെ ചിത്രത്തിന്റെ നിർമ്മാണത്തിനിടയിൽ അദ്ദേഹം നേരിട്ട പ്രശ്നങ്ങളെയും പ്രതിസന്ധികളെയും വിജയകരമായി തരണം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചു.

'പഥേർ പദോബാലി' എന്ന ക്ലാസിക് സിനിമയുടെ നിർമ്മാണം കഴിഞ്ഞ് 67 വർഷങ്ങൾക്കുശേഷം അതിനെ അതിജീവിച്ചുകൊണ്ട് മറ്റൊരു ക്ലാസിക് സിനിമ ഉണ്ടാകുന്നത് ഒരുത്ഭുതമാണ്. ഈ അത്ഭുതമാണ് 'അപരാജിതോ ദ അൺഡിഫീറ്റഡ്' എന്ന കാവ്യസുന്ദരമായ സിനിമയിലൂടെ ബംഗാൾ ഭാഷയിൽ സംഭവിച്ചത്.

പഥേർ പദോബാലിയിൽ  കാണുന്ന ദൃശ്യവിസ്മയങ്ങൽ 67 വർഷങ്ങൾക്കു ശേഷം വീണ്ടും ഒരുക്കുക എന്നത് നിസ്സാരമല്ല. ഞാങ്ങണപുല്ലുകൾ പൂത്തുനിൽക്കുന്നതിനിടയിലൂടെ കുട്ടികൾ ഒളിച്ചുകളിക്കുന്ന രംഗം, അതിനിടയിൽ അവർ വിശ്രമിക്കുന്നതിനിടയിൽ ദൂരെ നിന്നും തീവണ്ടിയുടെ ഇരുമ്പൽ കേട്ട് ഓടിയെത്തി ട്രെയിൻ പാഞ്ഞുപോകുന്നത് കാണുന്നത്;

മധുരപലഹാരം വിൽക്കുന്ന കച്ചവടക്കാരന്റെ പിന്നാലെ പോകുന്ന ദുർഗ്ഗയും അപുവും അവരെ പിന്തുടരുന്ന നായും, മഴയുടെ ആരംഭം കുറിച്ചുകൊണ്ട് കുളക്കരയിൽ ഇരിക്കുന്ന ആളിന്റെ കഷണ്ടിത്തലയിലേക്ക് ആദ്യതുള്ളി മഴ വീണു പൊട്ടിച്ചിതറുന്ന രംഗം എന്നിങ്ങനെ സത്യജിത് റായ് അനശ്വരമാക്കിയ രംഗങ്ങൾ അതേപടി പുനസൃഷ്ടിക്കുന്നത് വലിയ വെല്ലുവിളിയാണ്. എന്നാൽ യഥാർത്ഥ ചിത്രത്തിലെ രംഗങ്ങളിൽ നിന്നു ഒട്ടും മിഴിവ് നഷ്ടപ്പെടാതെ തന്നെ അതിനെയെല്ലാം പുനസൃഷ്ടിക്കന്നതിൽ 'അപരാജിതോ' യുടെ




സംവിധായകൻ വിജിയിച്ചിട്ടുണ്ട്.

സത്യജിത് റായ് കൂടി നേതൃത്വം നൽകി ആരംഭിച്ച കൽക്കത്ത ഫിലിംസൊസൈറ്റിയുടെ നേതൃത്വത്തിലാണ് സിനിമ നിർമ്മാണത്തിനുള്ള ഒരുക്കങ്ങൾ നടന്നത്. ബിഭൂതിഭൂഷൺ ബന്ദോപാദ്ധ്യായയുടെ'പഥേർ പദോബാലി'  എന്ന നോവലിന് ഇല്ലസ്ട്രേഷൻ.തയ്യാറാക്കുന്നതിനാണ് മൂലകൃതി സത്യജിത് റായിയെ ഏൽപ്പിക്കുന്നത്. എന്നാൽ നോവൽ വായിച്ചു കഴിയുന്നതോടെ അതിനുള്ളിൽ ഒളിഞ്ഞ് കിടക്കുന്ന സിനിമയെ അദ്ദേഹം സ്വപ്നം കണ്ട് തുടങ്ങി.

നോവലിലെ ഓരോ ദൃശ്യങ്ങളും അദ്ദേഹം സൂക്ഷമായി ചിത്രങ്ങളായി പകർത്തി.

ഇൻഡ്യൻ സംവിധായകരിൽ ആദ്യമായി ഒരു സിനിമയുടെ സ്റ്റോറി ബോർഡ് തയ്യാറാക്കുന്നത് സത്യജിത് റായാണ്.

അദ്ദേഹം ജോലി ചെയ്യുന്ന പരസ്യ കമ്പനിയിൽ നിന്നും 6 മാസത്തേക്ക് സത്യജിത് റായിയെ ലണ്ടനിലേക്ക് അയക്കുന്നുണ്ട്. ഇതദ്ദേഹത്തിൽ ഉണ്ടാക്കിയ മാറ്റം അത്ഭുതകരമായിരുന്നു. 6 മാസത്തെ ലണ്ടൻ വാസ

**'പഥേർ പദോബാലി' എന്ന ക്ലാസിക് സിനിമയുടെ നിർമ്മാണം കഴിഞ്ഞ് 67 വർഷങ്ങൾക്കുശേഷം അതിനെ അതിജീവിച്ചു കൊണ്ട് മറ്റൊരു ക്ലാസിക് സിനിമ ഉണ്ടാകുന്നത് ഒരുത്ഭുതമാണ്. ഈ അത്ഭുതമാണ് 'അപരാജിതോ ദ അൺഡിഫീറ്റഡ്' എന്ന കാവ്യസുന്ദരമായ സിനിമയിലൂടെ ബംഗാൾ ഭാഷയിൽ സംഭവിച്ചത്.**

ത്തിനിടയിൽ 99 ൽ അധികം ക്ലാസിക് സിനിമകൾ കണ്ട് തീർത്തതായി പറയുന്നുണ്ട് അദ്ദേഹത്തോടൊപ്പം ഭാര്യയും ഉണ്ടായിരുന്നു. ലണ്ടൻ വാസത്തിൽ നിന്നുണ്ടായ അനുഭവപരിചയം തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു വലിയ മുത

ൽക്കൂട്ടായിരുന്നു. അദ്ദേഹം കണ്ട ചിത്രങ്ങളിൽ ഏറെ സ്വാധീനിച്ചത് 'ബൈസൈക്കിൾ തീവ്സ് ' ആയിരുന്നു. തന്റെ സങ്കല്പത്തിലുള്ള സിനിമയുടെ പൂർണ്ണതയാണ് ആ ചിത്രത്തിൽ അദ്ദേഹം ദർശിച്ചത്.

പഥേർ പദോബാലിയുടെ അണിയറയിൽ പ്രവർത്തിച്ചവരാരും തന്നെ മുൻ അനുഭവങ്ങളുള്ളവരായിരുന്നില്ല. അഭിനേതാക്കളും സാങ്കേതികവിദഗ്ദരും അധികം പേരും ആദ്യമായി ഒന്നിക്കുന്നത് ഈ സിനിമയിലൂടെയാണ്. ഒരുപക്ഷേ ഈ സിനിമയുടെ വിജയത്തിനുകാരണവും പൂർവ്വാനുഭവങ്ങളുടെ ഭാരം ചുമക്കാത്തവരുടെ സൃഷ്ടി ആയതു് തന്നെയാകും.

സത്യജിത് റായിയെ കൽക്കത്ത റോഡിയോ അഭിമുഖം നടത്തുന്ന വിധത്തിലാണ് അപരാജിതോ ആരംഭിക്കുന്നത്. ഇൻഡ്യൻ സിനിമയെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയ റായിയെ സമഗ്രമായ വിധത്തിൽ തന്നെ അഭിമുഖക്കാർ വിശകലനം ചെയ്യുന്നുണ്ട്. അഭിനേതാക്കളെ കണ്ടെത്തിയതും, ടെക്നിക്കൽ പങ്കാളികളെ തേടിപ്പിടിച്ചതും, സിനിമ ഷൂട്ടിംഗിനിടയിൽ ചിത്രീകരണത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ നിന്നും തന്റെ ഭാര്യയുടെ ബുദ്ധിപരമായ ഇടപെടലുകളും കൃത്യമായി ഇതിൽ അടയാളപ്പെടുത്തുന്നുണ്ട്.

സത്യജിത് റായുടെ വീടിന്റെ താഴെയുള്ള തെരുവിൽ ബയോസ്കോപ്പു കാണാൻ ഒത്തുകൂടുന്ന കുട്ടികൾക്കിടയിൽ നിന്നാണ് പ്രോബിൻ ബാനർജി എന്ന കുട്ടിയെ അപുവായി കണ്ടെത്തുന്നത്. ആ കുട്ടിയെ ആദ്യം ശ്രദ്ധിച്ചതും, റായോട് അവനെക്കുറിച്ച് പറയുന്നതും അദ്ദേഹത്തിന്റെ ഭാര്യ ബിമലയാണ്. അതുപോലെ മിഠായിവാലയ്ക്ക് പിന്നാലെ പോകുന്ന ദുർഗ്ഗയും, അപുവും നായും അടങ്ങുന്ന രംഗത്തെ ചിത്രീകരിക്കുന്ന സന്ദർഭത്തിൽ നേരിട്ട പ്രതിസന്ധി പരിഹരിക്കുന്നതും ബിമലയുടെ ബുദ്ധിപരമായ ഇടപെടൽ മൂലമാണ്.

മിഠായിവാലയ്ക്ക് പിന്നാലെ പോകുന്ന അപുവിനെയും ദുർഗ്ഗയേയും പിന്തുടരുന്ന നായ ഒരു സുപ്രധാന കഥാപാത്രമാണ്. കുളത്തിന്റെ കരയിലുള്ള ഗ്രാമപാതയിലൂടെ വരിയായി നീങ്ങുന്ന ഇവരുടെ വെള്ളത്തിലുള്ള നിഴലിനെയാണ് പ്രേക്ഷകർ സിനിമയിൽ കാണുന്നത്. കുട്ടികളെ പിന്തുടരുവാൻ ആദ്യമൊന്നും നായ

**'പഥേർ പദോബാലി ' റിലീസായപ്പോഴുള്ള അനുഭവങ്ങൾ സൂക്ഷ്മമായി അപരാജിതോ ചിത്രീകരിക്കുന്നുണ്ട് ബംഗാളി നിരുപകരും, ചലച്ചിത്ര ആസ്വാദകരും വളരെ തണുത്ത മട്ടിലാണ് സിനിമയെ കണ്ടത്. ജനങ്ങൾ സിനിമ കാണാൻ പോകുന്നത് ദു:ഖം മറക്കാനും, കുറച്ചുനേരം സമാധാനമായി ആഹ്ലാദിക്കാനുമാണ്. എന്നാൽ ഈ സിനിമ കണ്ട് കഴിയുമ്പോൾ നമ്മൾ കൂടുതൽ ശോകത്തിലേക്കാണ് പോകുന്നത്.**

തയ്യാറാകുന്നില്ല. അപ്പോൾ ബിമലയാണ് നായയ്ക്ക് ഇഷ്ടമുള്ള എന്തെങ്കിലും ഭക്ഷണം കുട്ടികളുടെ കയ്യിൽ കൊടുക്കാൻ നിർദ്ദേശിക്കുന്നത്. എന്തെങ്കിലും മധുരപലഹാരം കുട്ടികളെ ഏൽപ്പിക്കാൻ റേ പറയുമ്പോൾ ഭാര്യ ബിമല അതിനെ തിരുത്തി. നായ മധുരപലഹാരം കഴിക്കില്ല. പട്ടിക്കു ഇഷ്ടപ്പെടുന്ന ബിസ്ക്കറ്റോ മറ്റോ കുട്ടികളെ ഏൽപ്പിക്കുക. അതനുസരിച്ച് പട്ടിക്ക് പ്രിയപ്പെട്ട വസ്തു കുട്ടികളെ ഏൽപ്പിക്കുമ്പോൾ നായ കൃത്യമായി അവരെ പിന്തുടരുന്നു. സത്യജിത് റേ ഉദ്ദേശിച്ച നിലയിൽ തന്നെ ആ രംഗം ചിത്രീകരിക്കാൻ കഴിയുന്നു. പഥേർ പദോബാലി കാണുന്ന ഏതു പ്രേക്ഷകരനെയും അത്ഭുതപ്പെടുത്തുന്ന ഒരു രംഗമാണത്.

'പഥേർ പദോബാലി ' റിലീസായപ്പോഴുള്ള അനുഭവങ്ങൾ സൂക്ഷ്മമായി അപരാജിതോ ചിത്രീകരിക്കുന്നുണ്ട് ബംഗാളി നിരുപകരും, ചലച്ചിത്ര ആസ്വാദകരും വളരെ തണുത്ത മട്ടിലാണ് സിനിമയെ കണ്ടത്. ജനങ്ങൾ സിനിമ കാണാൻ പോകുന്നത് ദു:ഖം മറക്കാനും, കുറച്ചുനേരം സമാധാനമായി ആഹ്ലാദിക്കാനുമാണ്. എന്നാൽ ഈ സിനിമ കണ്ട് കഴിയുമ്പോൾ നമ്മൾ കൂടുതൽ ശോകത്തിലേക്കാണ് പോകുന്നത്. റായിയുടെ മുമ്പിൽ വെച്ച് നല്ല ചിത്രം എന്നു പ്രശംസിക്കുന്നവർ നടന്നുനീങ്ങുമ്പോൾ പറയുന്നത് വെറുതെ സമയം പാഴാക്കി എന്ന വിമർശനമാണ്. വിദേശികളുടെ മുമ്പിൽ ഇൻഡ്യയുടെ ദാരിദ്ര്യത്തെ തുറന്നുകാണിക്കുകയാണ് ഈ സിനിമ ചെയ്യുന്നതെന്ന് പൊതുവിമർശനമാണ് അദ്ദേഹം നേരിട്ടത്. ചുരുക്കത്തിൽ ബംഗാളിൽ നന്നും പ്രശംസനീയമായ ഒരു വാക്കും കേൾക്കാൻ കഴിഞ്ഞില്ല. എന്നാൽ വിദേശികൾക്ക് ഈ സിനിമയുടെ മഹത്വം പൂർണ്ണമായും മനസ്സിലായി. ഇൻഡ്യൻ സിനിമയുടെ മാന്ത്രികമായ സൗന്ദര്യമാണ് 'പഥേർ പദോബാലി'യിലുള്ളതെന്നു പ്രശംസിച്ച വിദേശികളുടെ മുമ്പിൽ അതിനെ ഏറ്റ് പിടിക്കാൻ ശ്രമിച്ചവരുണ്ടായിരുന്നു. വെറുതെ ഈ സിനിമ കാണാൻ സമയം പാഴാക്കി എന്നു വിമർശിച്ചമാന്യൻ പിന്നീട് 'ഞങ്ങൾക്കറിയാമായിരുന്നു ഇതൊരു മഹത്തായ സിനിമയാണെന്ന്' പറയാൻ ഒരു മടിയും കാണിച്ചില്ല.

ബംഗാൾ മുഖ്യമന്ത്രി ബിമൽ റോയ്യോടൊപ്പം സിനിമ കണ്ട പ്രധാന മന്ത്രി ജവഹർലാൽ നെഹ്റു, തുറന്ന മനസ്സോടെയാണ് ചിത്രത്തെ പ്രശംസിച്ചത്. മുഖ്യമന്ത്രിയോട് പ്രധാനമന്ത്രി പറയുന്നു.

'താങ്കൾ മികച്ച ഒരു സിനിമക്കാണ് സാമ്പത്തിക സഹായം നൽകിയത് 'എന്നായിരുന്നു സത്യജിത് റായിയോട് നെഹ്റു പറഞ്ഞത്;

'മികച്ച കാര്യം നിങ്ങൾ ചെയ്തിരിക്കുന്നു. ചെറുപ്പക്കാരാ..... നിങ്ങളെ കുറിച്ച് എനിക്ക് അഭിമാനമുണ്ട്....!' ഈ ചിത്രം കണ്ടത് അത്ഭുതകമായ അനുഭവമായിരുന്നു' എന്നു തുറന്നു പറയാൻ നെഹ്റു മടിക്കുന്നില്ല.

ഈ ചിത്രം പൂർത്തീകരിച്ച് റിലീസ് ചെയ്തപ്പോൾ സത്യജിത് റായിക്കുണ്ടയ വലിയ സങ്കടം ഇതിലെ മുത്തശ്ശിയായ നാനി ബാലദേബിക്കു ചിത്രം കാണാൻ ഭാഗ്യമുണ്ടാകാത്തതിലാണ്. ചിത്രം റിലീസ് ചെയ്യും മുമ്പേ അവർ അന്തരിച്ചു. അതദ്ദേഹം തന്റെ ഭാര്യയോട് തുറന്നുപറുന്നുണ്ട്.

സിനിമയിൽ മുത്തശ്ശി മരിച്ച ശേഷം ജഡം ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്ന സന്ദർഭത്തിൽ ഡമ്മിയാണ് ജഡത്തിന്റെ സ്ഥാനത്തുപയോഗിക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ഇതറിയുന്ന നാനിബാലദേബി, അതിൽ താൻ തന്നെ അഭിനയിക്കും എന്നു വാശിപിടിച്ചു. കുറെ നേരം കണ്ണടച്ച് ശ്വാസം പിടിച്ചു കിടക്കേണ്ടിവരും എന്നു പറഞ്ഞപ്പോൾ ഒരു

മടിയുമില്ലാതെ അവർ അങ്ങനെ ചെയ്തുകൊള്ളാം എന്നു പറയുന്നു. ഒടുവിൽ മഞ്ചത്തിൽ അവരെ കിടത്തി ചേർത്ത് കെട്ടുന്നു. ആ രംഗം ഷൂട്ട് ചെയ്തു തീരുന്നതുവരെ അവർ കണ്ണു തുറക്കാതെ ഒരു മൃതദേഹം പോലെ കിടക്കുകയായിരുന്നു.

സംവിധായകരും കൂട്ടരും അവരെ വിളിക്കുമ്പോൾ ഉറക്കത്തിൽ നിന്നെന്നപോലെ അവർ ഞെട്ടിയുണർന്നു.

എന്തോ കണ്ണുതുറക്കാത്തെന്നു ചോദിക്കുമ്പോൾ അവർ പറയുന്നു.

'കട്ട് 'പറയുന്നത് കേട്ടില്ല എന്നു.

ഇത്രമാത്രം സമർപ്പണബോധത്തിലാണ് വയോധികയായ അവർ ഓരോ ഷോട്ടിലും അഭിനയിച്ചത്. ഷൂട്ടിംഗ് പൂർത്തീകരിക്കുന്നതുവരെ രണ്ട് മണിക്കൂറിലധികമാണ് അവർ മഞ്ചത്തോട് ചേർത്ത് കെട്ടി വെച്ച നിലയിൽ അനക്കമറ്റ് കിടന്നത്. ഷൂട്ടിംഗ് ഉള്ള ദിവസം ഇരുപത് രൂപയാണ് അവർ പ്രതിഫലമായി ആവശ്യപ്പെട്ടത്. ഒരു കാലത്ത് ജാത്രസംഘത്തിൽ തിരക്കുള്ള നടിയായിരുന്ന അവരെ ആരും തിരിഞ്ഞുനോക്കാനില്ലാത്ത കാലത്താണ് സത്യജിത് റായ് തന്റെ സിനിമയിലേക്കു കണ്ടെത്തിയത്. ഈ ചിത്രത്തിലെ മൂത്തശ്ശിവേഷത്തിലൂടെ അവർ അനശ്വരത നേടി. സൂചിയിൽ നൂൽകോർക്കാനുള്ള മുത്തശ്ശിയുടെ പരിശ്രമം ആരും അത്രവേഗം മറക്കില്ല.

ദുർഗ്ഗയെ വഷളാക്കുന്നത് മൂത്തശ്ശിയാണെന്നാണ് സർവ്വമംഗളയുടെ പരാതി. അതിൽ കുറച്ച് വാസ്തവമുണ്ട്. അടുത്തപുരയിടത്തിൽ നിന്നും മോഷ്ടിച്ചുകൊണ്ടുവരുന്ന ഫലങ്ങളും കായ്കനികളും കൊണ്ട് കൊടുക്കുന്നത് മൂത്തശ്ശിക്കാണ്. മൂത്തശ്ശിയുമായി ദുർഗ്ഗക്കുള്ള ബന്ധം വലുതാണ്. അവർ പറയുന്ന കഥകൾ കേട്ടാണ് ദുർഗ്ഗ വളരുന്നത്. പ്രേതകഥകളാണ് അവർ പറഞ്ഞുകൊടുക്കുന്നതത്രയും. മുഖർജിയുടെ ഭാര്യ ഇടക്കിടെവന്നു സർവ്വമംഗളയുമായി വഴക്കിടുന്നുണ്ട്, മകളെ മര്യാദക്ക് വളർത്തണമെന്നു വായാടിയായ ആ സ്ത്രീ പറയുമ്പോൾ അവരോട് ഒന്നും പറയാൻ സർവ്വമംഗളക്ക് കഴിയുന്നില്ല. ഇടക്കിടെ തന്റെ ഭാണ്ഡവുമായി മൂത്തശ്ശി വീട് വിട്ട് പോകാറുണ്ടെങ്കിലും കുറെ കഴിയുമ്പോൾ തനിയെ മടങ്ങിയെത്തുകയാണ് പതിവ്. അപുവിന്റെ ജനനം അറിഞ്ഞുമടങ്ങി എത്തുന്നത് വർദ്ധിച്ച ഉത്സാഹത്തിലാണ്. കഴിയുമ്പോൾ




**'മികച്ച കാര്യം നിങ്ങൾ ചെയ്തിരിക്കുന്നു. ചെറുപ്പക്കാരാ..... നിങ്ങളെ കുറിച്ച് എനിക്ക് അഭിമാനമുണ്ട്....!' ഈ ചിത്രം കണ്ടത് അത്ഭുതകമായ അനുഭവമായിരുന്നു' എന്നു തുറന്നു പറയാൻ നെഹ്റു മടിക്കുന്നില്ല.**

നിസഹായതയുടെ നടുവിൽ പെട്ടുഴലുന്നവരാണ് ഈ സിനിമയിലെ മനുഷ്യരിലധികവും.

മകൾക്ക് രണ്ട് നേരത്തെ ഭക്ഷണവും, ഉടുക്കാൻ വസ്ത്രവും നല്ല ഒരു വരനെയും ലഭിച്ചാൽ മതി എന്നു മാത്രമാണ് സർവ്വമംഗള ആഗ്രഹിക്കുന്നത്. പണം പലിശക്കു നൽക്കുന്ന മുഖർജിയുടെ ഭാര്യ, ദർഗ്ഗ ഒരു പേരയ്ക്ക എടുത്തതിന്റെ പേരിൽ ബഹളം ഉണ്ടാക്കുന്നതിലാണ് സങ്കടം പറയുന്നത്.

ബംഗാളിലെ സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങളെയും ഗ്രാമീണ ജീവിതത്തെയുമാണ് ബിഭൂതിഭൂഷണൻ തന്റെ നോവലിൽ അവതരിപ്പിക്കുന്നത്. അതിന്റെ ആത്മാവ് ഉൾക്കൊണ്ട് തന്നെയാണ് സത്യജിത് റായ് തന്റെ സിനിമയും ഒരുക്കിയത്.

പഥേർ പദോബാലിക്ക് സംഗീതം നൽകിയത് സിത്താർ വിദഗ്ദനായ രവിശങ്കറാണ്. തികച്ചും ഗ്രാമീണമായ




സംഗീതമാണ് ഇതിനുവേണ്ടി ഒരുക്കിയത്. സംഗീതബോധമുള്ള സത്യജിത് റായിക്ക് തന്റെ സിനിമക്കാവശ്യമായ സംഗീതം എന്തെന്നു വ്യക്തമായ ധാരണ ഉണ്ടായിരുന്നു. കേവലം 11 മണിക്കൂർകൊണ്ടാണ് ഇതിനുവേണ്ട ,സംഗീതം അദ്ദേഹം ഒരുക്കിയത്. അനിവാര്യമായ ഇടങ്ങളിൽ മാത്രമാണ് സംഗീതം ചേർത്തിട്ടുള്ളത്. പരമാവധി നിശ്ശബ്ദതയുടെ സംഗീതമാണ് റായ് ചിത്രത്തിൽ ഉപയോഗിച്ചതും വെറും 10 ദിവസം കൊണ്ടാണ്.

ഒരു ക്ലാസിക്കിന്റെ പിറവി സംഭവിക്കുന്നതിന് ഒട്ടേറെ പ്രതിസന്ധികളുണ്ടെന്നും, അതു വിജയകരമായി പൂർത്തീകരിച്ചുകഴിഞ്ഞാൽ ആ കഷ്ടപാടുകളിൽ മാധുര്യമുണ്ടെന്നും 'അപരാജിതോ' വ്യക്തമാക്കുന്നു.

ന്യൂയോർക്കിൽ 'പഥേർ പദോബാലി 'ക്കു വലിയ അംഗീകാരമാണ് ലഭിച്ചത്. ഇതിന്റെ ഛായാഗ്രഹണത്തിനു പലിയ പ്രശംസ ലഭിച്ചു. ഇത് പ്രദർശിപ്പിച്ച വിദേശ തിയ്യേറ്ററുകളിലെങ്ങും ലോംഗ് സ്റ്റാൻഡിംഗ് ഒവേഷനിലൂടെയാണ് സത്യജിത് റായിക്കും കൂട്ടർക്കും ആദരവ് നൽകിയത്.

'പഥേർ പദോബാലി'യിലെ മഴ രംഗം ആരംഭിക്കുന്നത്, ഒരു കഷണ്ടിതലയിൽ വീണു ചിതറുന്ന ഒരു മഴത്തുള്ളിയിലൂടെയാണ്. ഈ രംഗം ചിത്രീകരിക്കുന്നതിനായി ഒരു കഷണ്ടിത്തല തേടുന്ന 'റേ' താൻ കണ്ട ഒരാളെക്കുറിച്ചു പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ പേരറിയില്ല. ആരാണ് റായിയുടെ മനസ്സിലുള്ളതെന്നറിയാൻ അവർ കഷണ്ടിത്തലയുള്ള വരെ

**ബംഗാളിലെ സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങളെയും ഗ്രാമീണ ജീവിതത്തെയുമാണ് ബിഭൂതിഭൂഷണൻ തന്റെ നോവലിൽ അവതരിപ്പിക്കുന്നത്. അതിന്റെ ആത്മാവ് ഉൾക്കൊണ്ട് തന്നെയാണ് സത്യജിത് റായ് തന്റെ സിനിമയും ഒരുക്കിയത്.**

തേടാൻ തുടങ്ങി. എന്നാൽ റേ ഉടൻ തന്നെ പേപ്പറിൽ അയാളുടെ ചിത്രം വരച്ചുകാണിക്കുമ്പോൾ അവർക്കു ആളിനെ പിടികിട്ടി. ആ ഗ്രാമത്തിലെ അലക്കുകാരനാണയാൾ. ഉടൻ തന്നെ അവർ ആളിനെ സെറ്റിലേക്കു കൂട്ടികൊണ്ടുവന്നു. അയാളുടെ തലയും സിനിമയിലെ മുഖ്യകഥാപാത്രമായി മാറി.

കുളത്തിനരുകിലിരിക്കുന്ന കഷണ്ടിത്തലയിൽ വീണുപൊട്ടിച്ചിതറുന്ന മഴ പിന്നീട് വലിയ പേമാരിയായി ആഞ്ഞടിക്കുന്നു. ഗ്രാമത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന, ദുർഗ്ഗയുടെ മരണത്തിലേക്കെത്തുന്ന സംഹാരശക്തിയിലേക്കാണ് ആ മഴത്തുള്ളി വികസിക്കുന്നത്. മഴയിൽ മുങ്ങുന്ന ദുർഗ്ഗയും അപുവും രണ്ട് രീതിയിലാണ് അതിനെ സ്വീകരിക്കുന്നത്. ഇരുവരുടെയും ഭാവവ്യത്യാസങ്ങൾ സംവിധായകൻ എടുത്തുകാണിക്കുന്നുണ്ട്. ദുർഗ്ഗ മഴയെ തന്നിലേക്കാവാഹിക്കുമ്പോൾ അപു ഭയാശങ്കകളോടെ, തണുത്ത് വിറച്ചുകൊണ്ടാണ് മഴയെ ഏറ്റുവാങ്ങുന്നത്. അപുവിനു ഭയമാണ് മഴ പ്രധാനം ചെയ്യുന്നതെങ്കിൽ ആസുരമായ ശക്തിവിശേഷത്തോടെ ആഞ്ഞടിക്കുന്ന മഴയെ മരണാസക്തിയോടെ തന്നിലേക്കു ഏറ്റുവാങ്ങുകയാണ് ദുർഗ്ഗ.

മരണത്തിന്റെ നിഗൂഢമായ നിഴലുകളെ സംവിധായകൻ ഈ രംഗത്ത് വിന്യസിച്ചിട്ടുള്ളതായി കാണാം. ദുർഗ്ഗയുടെ ദുരന്തം ഇവിടെ ഒരു അനിവാര്യതയാണ്. ഈ ചിത്രത്തിന്റെ പൂർണ്ണതയ്ക്കു ആ മരണം ഒഴിച്ചുകൂടാനാവാത്തതാണ്. ദുർഗ്ഗ പ്രകൃതിയാണ് അവൾ പ്രകൃതിയിൽ ലയിച്ചുചേരേണ്ടത് അനിവാര്യമാണ്.

ഒരു പക്ഷേ ദുർഗ്ഗയിലൂടെ വേണം ഈ ചിത്രത്തിന് പുതിയപാഠങ്ങൾ തയ്യാറാക്കേണ്ടത്. ദുർഗ്ഗയുടെ പ്രവൃത്തികൾക്ക് മുമ്പിൽ അമ്പരന്നു നിൽക്കുന്നവനാണ് അപു. അവൾ ചെയ്യുന്ന കാര്യങ്ങളൊന്നും അവന് ചെയ്യാൻ കഴിയില്ല. ഈ പ്രകൃതിയിലുള്ളതെല്ലാം അവളുടേതാണ്. വിശ്വപ്രകൃതിയുടെ പ്രതീകമാണ് ദുർഗ്ഗയിൽ തെളിയുന്നത്.

മോഷണത്തിന്റെ പേരിൽ മൂത്തശ്ശിയേയും ദുർഗ്ഗയെയും പഴിക്കുന്ന സർവ്വമംഗളയും ഒടുവിൽ മോഷ്ടിക്കുന്നുണ്ട്. ദാരിദ്ര്യമാണ് ഏത് മനുഷ്യനെയും മോഷണത്തിലേക്കും, നെറികേടുകളിലേക്കും നയിക്കുന്നതെന്ന സത്യം തിരിച്ചറിയാൻ സർവ്വമംഗളക്കു അധികം കാത്തിരിക്കണ്ടിവരുന്നില്ല.

അയൽക്കാരിയുടെ പുരയിടത്തിൽ വീണുകിടക്കുന്ന തേങ്ങ, സാരിക്കുള്ളിൽ ഒളിപ്പിച്ചുകൊണ്ടുവരുന്നതിന് അവർ മടിക്കുന്നില്ല.

'അപരാജിതോ ദ അൺഡിഫീറ്റഡി'ന്റെ സംവിധായകനായ അനിക്ദത്തയുടെ ചലച്ചിത്രാനുഭവങ്ങൾ ആരംഭിക്കുന്നത്, പരസ്യചിത്രങ്ങളിലൂടെയാണ്. പാശ്ചാത്യവീക്ഷണത്തിൽ കലയെ സമീപിക്കുന്ന അനിക്ദത്തയുടെ മഹത്തായ സൃഷ്ടിയാണ് 'അപരാജിതോ.'

ഈ ചിത്രത്തിന്റെ ഏറ്റവും വലിയ സവിശേഷത സത്യജിത് റേ മുൻ അനുഭവങ്ങളില്ലാത്ത അമേച്വർ ആർട്ടിസ്റ്റുകളിൽ നിന്നും സാധാരണ ഗ്രാമീണരിൽ നിന്നും തന്റെ കഥാപാത്രങ്ങളെ കണ്ടെത്തിയതുപോലെ സത്യജിത് റായിയുടെ ജീവനുള്ള കഥാപാത്രങ്ങളെ സ്വാംശീകരിക്കാൻ പോന്ന കഥാപാത്രങ്ങളെ 'അപരാജിതോ'യ്ക്കുവേണ്ടി അനിക് ദത്ത കണ്ടെത്തിയതിലാണ്.

'അപരാജിതോ ദ അൺഡിഫീറ്റഡ്' എന്ന ബയോഗ്രഫിക്കൽ സിനിമയുടെ ദൈർഘ്യം 138 മിനിറ്റാണ്. 2022 ൽ ഇറങ്ങിയ, ഇറങ്ങാനുള്ള ചിത്രങ്ങളിൽ എല്ലാ അർത്ഥത്തിലും മികച്ച സൃഷ്ടിയായിരിക്കും ഈ സിനിമ എന്ന കാര്യത്തിൽ സംശയമില്ല.

ഫ്രണ്ട്സ് കമ്മ്യൂണിക്കേഷൻസിന്റെ ബാനറിൽ ഫിർദൗസുൽ ഹസനും, പ്രോബേൽ ഹൽദറും ചേർന്നാണ് ഈ ചിത്രം നിർമ്മിച്ചിട്ടുള്ളത്. പഴമയുടെ അന്തരീക്ഷം നിലനിർത്തുന്നതിനും ഒരു ക്ലാസിക് അനുഭവം പകരുന്നതിനും ബ്ലാക് ആൻഡ് വൈറ്റിലുള്ള ചിത്രീകരണം ഏറെ സഹായിക്കുന്നുണ്ട്.

ഇൻഡ്യൻ സിനിമയിലെ എക്കാലത്തെയും മഹാനായ ചലച്ചിത്രകാരനായ സത്യജിത് റേയ്ക്കു നൽകാവുന്ന സമർപ്പണമാണ് 'അപരാജിതോ' അനശ്വരമായ പഥേർ പദോബാലി' ക്കുള്ള ഹൃദ്യമായ സ്മാരകം എന്നു തന്നെ ഇതിനെ വിശേഷിപ്പിക്കണം.


ജീത്തുകമൽ എന്ന നടൻ സത്യജിത് റേ എന്ന ഇതിഹാസപുരുഷനിലേക്ക് വിസ്മയകരമായ പരകായപ്രവേശമാണ് സാധിച്ചിട്ടുള്ളത്. റിച്ചാർഡ് ആറ്റൻ ബറോയുടെ ഗാന്ധിയെ സാക്ഷാത്കരിച്ച ബെൻകിംഗ്സിലിയെ പോലെ സത്യജിത്റേയിലേക്ക് രൂപാന്തരപ്പെടുന്നതിൽ ജീത്തുകമൽ പരിപൂർണ്ണമായി വിജയിച്ചു.

'അപരാജിതോ' യുടെ സാക്ഷാത്കാരത്തിലൂടെ 'പഥേർ പദോബാലി' കൂടുതൽ ബഹുമാനിക്കപ്പെടുന്നു. തന്റെ സിനിമയുടെ നിർമ്മാണത്തിനുവേണ്ടി സത്യജിത് റേ എത്രമാത്രം കഷ്ടപ്പാടുകളും സമർപ്പണവുമാണ് നിർവ്വഹിതെന്നു പ്രേക്ഷകർക്കു മനസ്സിലാക്കുന്നതിന് 'അപരാജിതോ' ഏറെ സഹായിക്കുന്നു.

ഒരു ഡ്യോക്യൂമെന്ററിതലത്തിലേക്ക് വഴുതിവീഴാനിടയുള്ള 'അപരാജിതോ പഥേർ പദോബാലി'യുടെ എല്ലാ മഹത്വവും ക്ലാസിക് സ്വഭാവത്തെയും പിൻപറ്റുന്ന മറ്റൊരു ക്ലാസിക് സൃഷ്ടിയാണ്.അദിനേതാക്കളുടെ സ്വഭാവിക ചലനങ്ങൾ ഛായാഗ്രഹണത്തന്റെയും എഡിറ്റിംഗിന്റെയും സിശേഷത, സംഗീതത്തിന്റെ മിതത്വം എന്നിങ്ങനെ സമസ്തഘടകങ്ങളും ചേരും പടി ചേരുന്നു. ലോക സിനിമയിലെ ഏക്കാലത്തെയും മാസ്റ്റർപീസായ'പഥേർ പദോബാലി' എന്ന ചിത്രത്തിന്റെ നിർമ്മാണതന്ത്രങ്ങളെ വെളിപ്പെടുത്തുന്ന പിന്നാമ്പുറ രഹസ്യങ്ങൾ തുറന്നുകാണിക്കുന്ന മറ്റൊരു മാസ്റ്റർ പീസാണ് 'അപരാജിതോ ദ അൺഡിഫീറ്റഡ്' .

ഇനിയും 'പഥേർ പദോബാലി' യുടെ ചരിത്രം തേടുന്നവർക്ക് അപരാജിതോയെ അവഗണിക്കാനാവില്ലെന്നുള്ളതാണ് ഇതിന്റെ മഹത്വം. അഥവാ സത്യജിത് റായിയെ പഠിക്കാൻ ശ്രമിക്കുന്ന ഏതൊരു ചലച്ചത്രവിദ്യാർത്ഥിക്കും, ആസ്വാദകനും, നിരൂപകനും 'അപരാജിതോ' അവഗണിക്കാനാവില്ല.

'പഥേർ പദോബാലി' ചരിത്രത്തെ പുതിയ പാഠക്രമത്തിലേക്ക് വഴിമാറ്റി എന്നതാണ് 'അപരാജിതോ ദ അൺഡിഫീറ്റഡ്' സിനിമയിലൂടെ അനിക് ദത്ത നിർവ്വഹിച്ച ദൗത്യം.






# ഗാന്ധിത്തണലിലെ നായകത്വം

**ബിനുരാജ്. ആർ.എസ്**

സിനിമയിൽ നായകനെ പ്രതിഷ്ഠിക്കുന്ന ഇടങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. നായകന്റെ(നായികയുടെയും) പ്രായം, കുടുംബപശ്ചാത്തലം, ദേശം, കാലം എന്നിവയൊക്കെ വ്യത്യസ്തമായിരിക്കുമ്പോഴും അവന്റെ പ്രവർത്തനമണ്ഡലം ചില പ്രത്യേകതകളുള്ളതായിരിക്കും. വ്യവസ്ഥകളെ ചോദ്യം ചെയ്യാനും, പ്രതികരിക്കാനും, അബലരെ പരിരക്ഷിക്കുന്നതിനും, എല്ലാത്തിനുമുപരി സ്വന്തം തീരുമാനങ്ങൾക്കനുസരിച്ച്/ ശരികൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും സാദ്ധ്യമായ ഒരു പ്രവർത്തന മേഖലയിലായിരിക്കും അയാളെ പ്രതിഷ്ഠിക്കുക. അയാളൊരു കളക്ടറാകാം, മന്ത്രിയാകാം, വക്കീലാകാം, വാടകഗുണ്ടയാകാം, ഡോക്ടറാകാം, തൊഴിലില്ലാത്ത വ്യക്തിയാകാം. പക്ഷേ, അയാളുടെ പദവി ക്രിയാത്മകതയ്ക്കും, സ്വതന്ത്രവീക്ഷണങ്ങൾക്കും, പ്രവൃത്തികൾക്കും ഉതകുന്നതായിരിക്കും. സ്വന്തയൊരു നിലപാടെടുക്കാൻ/ പക്ഷം ചേരാൻ കഴിയുന്ന തരത്തിൽ ശേഷിയുണ്ടാകും അയാളിരിക്കുന്ന സ്ഥാനത്തിന്. കളിഭാഷയിൽ പറഞ്ഞാൽ മേൽപ്പറഞ്ഞ ഏത് വിഭാഗത്തിൽപ്പെടുന്നയാളായാലും 'ഇറങ്ങിക്കളിക്കാൻ' കഴിയുന്നയാളാകും നായകൻ.

**ഇത്തരത്തിലുള്ള സവിശേഷതകളൊന്നുമില്ലാത്ത, പ്രവർത്തനസ്വാതന്ത്ര്യം തീരെ കുറഞ്ഞ സ്ഥാനത്തിരിക്കുന്ന രണ്ട് നായക കഥാപാത്രങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.**

ഇത്തരത്തിലുള്ള സവിശേഷതകളൊന്നുമില്ലാത്ത, പ്രവർത്തനസ്വാതന്ത്ര്യം തീരെ കുറഞ്ഞ സ്ഥാനത്തിരിക്കുന്ന രണ്ട് നായക കഥാപാത്രങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. 2022 ൽ പുറത്തിറങ്ങിയ നാരദൻ, ന്നാ താൻ കേസ് കൊട് എന്നീ സിനിമകളിൽ കടന്നുവരുന്ന ജഡ്ജിമാരാണ് ആ കഥാപാത്രങ്ങൾ. ഒരു ജഡ്ജി നിഷ്പക്ഷനായി നിലകൊള്ളേണ്ട സ്ഥാനത്തിരിക്കുന്നയാളാണ്. മറ്റ് നായകൻമാരെപ്പോലെ ചലന സ്വാതന്ത്ര്യമോ പ്രവർത്തന സ്വാതന്ത്ര്യമോ ആ സ്ഥാനത്തിരിക്കുന്നയാൾക്ക് ഇല്ല. ഒരു കുറ്റം(പ്രശ്നം), അത് നടന്നിടത്ത് വെച്ച് പരിഹരിക്കാനോ അതിന് കണക്ക് തീർക്കാനോ ആ കഥാപാത്രത്തിനാകില്ല. തെറ്റ് ചെയ്തവനും ചെയ്യപ്പെട്ടവനും കോടതി മുറിക്കുള്ളിലേക്കെത്തുമ്പോൾ മാത്രമാണ് അയാൾക്ക് പ്രസക്തിയുണ്ടാകുന്നത്. അപ്പോഴും തെറ്റ്, ശരി/ നീതി, അനീതി എന്നിങ്ങനെ സ്വയം വേർതിരിച്ച് തീരുമാനമെടുക്കാൻ അയാൾക്ക് കഴിയില്ല. തന്റെ മുന്നിൽ നിരത്തപ്പെടുന്ന തെളിവുകളുടെയും വാദങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രം ഒരു തീരുമാനമെടുക്കാനേ ആ സ്ഥാനത്തിന് കഴിയുന്നുള്ളൂ. അതിന് ശേഷവും, തന്റെ വിധി/ നിലപാട് നട




**സിനിമയിലെ പ്രതിനായകനായ ചന്ദ്രപ്രകാശിനെ ശിക്ഷിക്കുന്നതിൽ തെളിവുകളുടെ പിൻബലമിരിക്കെ തന്നെ തന്റെ വ്യക്തി താൽപര്യം കൂടി കലർത്തുന്നുണ്ട് ഈ കഥാപാത്രം(ന്യൂസ് ചാനലിലെ ചന്ദ്രപ്രകാശിന്റെ പ്രകടനങ്ങളെയും, കോടതിമുറിയിലെ പെരുമാറ്റത്തെയും വിമർശിക്കുന്നു; മര്യാദ പഠിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു). ഇത്തരത്തിൽ നായകസ്ഥാനത്തേക്ക് പരിഗണിക്കപ്പെടാൻ ചോതി എന്ന ന്യായാധിപൻ എന്തുകൊണ്ടും യോഗ്യത നേടുകയാണ്.**

പ്പിൽ വരുത്താൻ അയാൾക്ക് കഴിയില്ല; അതിനുള്ള നിർദ്ദേശം നൽകാൻ മാത്രം. ഇത്തരത്തിൽ, ചലനസ്വാതന്ത്ര്യം തീരെയില്ലാത്ത (മിക്കവാറും സിനിമകളിലും ജഡ്ജിമാർ ഇരുന്നിടത്ത് നിന്ന് എണീക്കാറു പോലുമില്ല) സ്ഥാനങ്ങളിലിരിക്കുന്നവരാണ് ഈ രണ്ട് സിനിമകളിലെയും നായക പദവിയിലുള്ളവർ.

ഇവിടെ മറ്റൊരു ചോദ്യത്തിന് പ്രസക്തിയുണ്ട്- ഈ രണ്ട് കഥാപാത്രങ്ങളും മേൽപ്പറഞ്ഞ സിനിമകളിലെ നായകരാണോ? ആദ്യമായി നാരദൻ എന്ന സിനിമയെടുക്കാം. ഇതിലെ കേന്ദ്രകഥാപാത്രമായ ചന്ദ്രപ്രകാശ് (ടൊവിനോ തോമസ്) സിനിമയുടെ തുടക്കം മുതലേ തന്നെ തന്റെ തിൻമ/സ്വാർത്ഥത വെളിവാക്കി പ്രതിനായക സ്ഥാനത്തേക്ക് വഴി മാറുന്നുണ്ട്. സിനിമയുടെ ആദ്യ മിനിറ്റുകളിൽ തന്നെ തന്റെ കാമുകിയെ അയാൾ നിർദ്ദയം ഉപേക്ഷിച്ചതായും, തുടർന്നുള്ള രംഗങ്ങളിൽ അയാളുടെ അച്ഛന്റെ സംഭാഷണത്തിൽ നിന്നും പണത്തിന് വേണ്ടിയാണ് അയാളാ ബന്ധം തുടങ്ങിയതെന്നും അത് ലഭിക്കാതെ വരുമെന്ന സാഹചര്യത്തിലാണ് അവളെ ഉപേക്ഷിച്ചതെന്നും മനസിലാകുന്നുണ്ട്. കേന്ദ്രകഥാപാത്രമായി തുടരുമ്പോഴും ചന്ദ്രപ്രകാശ് നായകനാകുന്നില്ല. നേരെ മറിച്ച് കൂടുതൽ കുറ്റകൃത്യങ്ങളിലേക്കാണ് അയാൾ കടക്കുന്നത്. നായകസ്ഥാനം ഏറ്റെടുക്കാൻ മറ്റൊരു കഥാപാത്രവും സിനിമയിൽ പിന്നെ ശേഷിക്കുന്നില്ല. സിനിമയുടെ രണ്ടാം പകുതിയിൽ രംഗപ്രവേശം ചെയ്യുന്ന കെ. പി. ചോതി എന്ന ന്യായാധിപൻ (ഇന്ദ്രൻസ്) ഒഴിഞ്ഞു കിടക്കുന്ന ഈ നായകസ്ഥാനത്തിലേക്കാണ് ഇരിപ്പുറപ്പിക്കുന്നത്. കോടതി രംഗത്തിൽ കാണിക്കുന്നതിന് മുന്നേ തന്നെ തന്റെ വീട്ടിലിരുന്ന് നാരദ ന്യൂസിന്റെ സ്റ്റോറി അനൗൺസ്മെന്റ് ശ്രദ്ധിക്കുന്നതായി ഈ കഥാപാത്രത്തെ മുന്നേ തന്നെ അവതരിപ്പിക്കുന്നുണ്ട്. (ഇതും മറ്റ് സിനിമകളിലെ ജഡ്ജി കഥാപാത്രങ്ങളിൽ നിന്ന് ഈ കഥാപാത്രത്തെ വ്യത്യസ്തനാക്കുന്നു). മാത്രമല്ല, സിനിമയിലെ പ്രതിനായകനായ ചന്ദ്രപ്രകാശിനെ ശിക്ഷിക്കുന്നതിൽ തെളിവുകളുടെ പിൻബലമിരിക്കെ തന്നെ തന്റെ വ്യക്തി താൽപര്യം കൂടി കലർത്തുന്നുണ്ട് ഈ കഥാപാത്രം( ന്യൂസ് ചാനലിലെ ചന്ദ്രപ്രകാശിന്റെ പ്രകടനങ്ങളെയും, കോടതിമുറിയിലെ പെരുമാറ്റത്തെയും വിമർശിക്കുന്നു; മര്യാദ പഠിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു). ഇത്തരത്തിൽ നായകസ്ഥാനത്തേക്ക് പരിഗണിക്കപ്പെടാൻ ചോതി എന്ന ന്യായാധിപൻ എന്തുകൊണ്ടും യോഗ്യത നേടുകയാണ്.

ഇനി ന്നാ താൻ കേസ് കൊട് എന്ന സിനിമയിലേക്ക് വരാം. ഇവിടെ കാര്യങ്ങൾ കുറച്ച് വ്യത്യസ്തമാണ്. നായകനായി പരിഗണിക്കാവുന്ന ഒരു കഥാപാത്രം സിനിമയിലുണ്ട്-

**നടത്തി നോക്കാവുന്നതാണ്. താരമൂല്യം കൂടുതലുണ്ടായിരുന്ന അഭിനേതാക്കളായ ശാരദ, മധു, തിലകൻ എന്നീ അഭിനേതാക്കൾ ന്യായാധിപന്റെ വേഷമിട്ട കാശ്മീരം(1994), ഷാർജ ടു ഷാർജ(2001), നരസിംഹം(2000) എന്നീ സിനിമകളെയും ഈ രണ്ട് സിനിമകളുമായി താരതമ്യപ്പെടുത്തി നോക്കാം.**

രാജീവൻ(കുഞ്ചാക്കോ ബോബൻ). എന്നാൽ സിനിമ തുടങ്ങി ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ നായക കഥാപാത്രത്തിന്റെ പ്രവർത്തന ശേഷി/ ചലനശേഷി നഷ്ടപ്പെടുന്നതായി കാണാം. സിനിമയുടെ ആദ്യ രംഗത്തിൽ തന്നെ പോലീസിന്റെ നോട്ടപ്പുള്ളിയാകുന്ന അയാൾ തൊട്ടടുത്ത് തന്നെ മോഷണക്കേസിൽ കുടുങ്ങി പിന്നെ സിനിമയിലുടനീളം സംശയദൃഷ്ടിയിൽ ചലന സ്വാതന്ത്ര്യം നഷ്ടപ്പെട്ട് കഴിയുകയാണ്. ചന്തിയിൽ നായ കടിച്ചത് കാരണമുണ്ടാകുന്ന വലിയ മുറിവ് അയാൾക്ക് നഷ്ടപ്പെട്ട ചലന, പ്രവർത്തന സ്വാതന്ത്ര്യങ്ങളുടെ പ്രകടിതരൂപമായി കണക്കാക്കാവുന്നതാണ്. ആ ഭാഗം മുതൽ (സിനിമ തുടങ്ങി അപ്പോൾ ഇരുപത് മിനിറ്റോളമേ ആകുന്നുള്ളൂ) സിനിമയുടെ കേന്ദ്ര സ്ഥാനത്ത് നിൽക്കുന്നത് (ഇരിക്കുന്നത്) ജഡ്ജിയുടെ കഥാപാത്രമാണ്(നടന്റെ പേര് പി. പി. കുഞ്ഞികൃഷ്ണൻ). നാരദനിലെ പോലെ ഇവിടെയും തെറ്റ് ചെയ്തവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ വ്യക്തിപരമായ താൽപര്യം പ്രകടിപ്പിക്കുന്നുണ്ട് ഈ ജഡ്ജിയും.

ഈ സിനിമയുടെ കാര്യത്തിൽ മറ്റൊരു വ്യാഖ്യാനത്തിന് കൂടി സാദ്ധ്യതയുണ്ട്. കുഞ്ചാക്കോ ബോബൻ അവതരിപ്പിക്കുന്ന രാജീവൻ എന്ന കഥാപാത്രം ഒരു കള്ളനാണ്. ആദ്യ രംഗത്ത് തന്നെ അത് കാണാവുന്നതാണ്. അയാളത് സമ്മതിക്കുന്നുമുണ്ട്. സിനിമ കണ്ട് തീരുമ്പോൾ ഏതൊരു പ്രേക്ഷകനും സതീശൻ മോഷ്ടിക്കാൻ വേണ്ടി മന:പൂർവ്വം എം.എൽ.എ.യുടെ വീട്ടുമതിൽ ചാടിയല്ലേ എന്ന സ്വാഭാവിക സംശയം ഉണ്ടാകും. അങ്ങനെ ചിന്തിക്കാൻ അയാളുടെ ഭൂതകാലം തന്നെ ധാരാളമാണ്. ഉത്സവപ്പറമ്പിൽ നിന്നും ഓടിച്ച് പിടിക്കുന്ന കള്ളനുമായും അയാൾക്ക് എന്തോ ശരിയല്ലാത്ത ഇടപാടുണ്ടെന്ന തോന്നൽ ബാക്കി നിൽക്കുന്നു. ഇതെല്ലാം ചേർത്ത് വെച്ച് നോക്കുമ്പോൾ രാജീവന്റേത് സത്യസന്ധമായ കേസല്ല. സ്വന്തം തെറ്റ് മറയ്ക്കാൻ അയാൾ മന്ത്രിയെ പ്രതിയാക്കിയതാവാം. സിനിമയുടെ ഒടുവിൽ, രാത്രി ബാഗുമായി വീട്ടിൽ നിന്നിറങ്ങുന്ന അയാളിൽ അപ്പോഴും ഒരു മോഷ്ടാവ് ബാക്കി നിൽക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ മന്ത്രിക്കെതിരേ അയാൾ നടത്തിയ ആരോപണത്തിൽ കഴമ്പുണ്ട്. മന്ത്രി നടത്തിയ അഴിമതികളെക്കുറിച്ചുള്ള വിവരണങ്ങൾ ചീഫ് എൻജിനിയർ അക്കമിട്ട് പറയുമ്പോൾ നമുക്കത് ബോദ്ധ്യമാകുന്നുണ്ട്. അപ്പോൾ മന്ത്രി ശിക്ഷിക്കപ്പെടേണ്ടവനാകുന്നു (പ്രതിനായകൻ). നായകൻ തന്റെ കള്ളത്തരം മറയ്ക്കാൻ പ്രതിനായകനെ ഉപയോഗിക്കുന്നതോടെ നായക കഥാപാത്രത്തിന്റെ സാധുത കൂടി അവിടെ നഷ്ടപ്പെടുന്നുണ്ട്. പിന്നെ പ്രതിനായകനെ ശിക്ഷിക്കാൻ മുന്നിട്ടിറങ്ങുന്ന (രാജീവൻ നൽകിയ കേസിന്റെ ബലത്തിനുമപ്പുറം പൊതുതാൽപര്യം പരിഗണിച്ച്) ജഡ്ജിയാണ് നായക സ്ഥാനത്തിലേക്കെത്തുന്നത്.



**ന്നാ താൻ കേസ് കൊട് എന്ന സിനിമയിൽ ലെജി സ്ലേറ്റീവിനോടും(മന്ത്രി) എക്സിക്യൂട്ടീവിനോടും(ചീഫ് എൻജിനിയർ) ആണെങ്കിൽ, നാരദനിൽ അത് അലിഖിത നാലാം ഘടകമായ പ്രസ്സിനോടാണ്. ജനാധിപത്യത്തിന്റെ മേൽക്കൂര തകർന്ന് വീഴാതിരിക്കാൻ മറ്റ് മൂന്ന് തൂണുകളോടും മല്ലടിക്കുന്ന/ കളത്തിലിറങ്ങി കളിക്കുന്ന ജുഡീഷ്യറി എന്ന നെടുംതൂണിനെയാണ് ഈ രണ്ട് ന്യായാധിപൻമാരും പ്രതിനിധീകരിക്കുന്നത്.**




ഇവിടെ മറ്റൊരു താരതമ്യം കൂടി നടത്തി നോക്കാവുന്നതാണ്. താരമൂല്യം കൂടുതലുണ്ടായിരുന്ന അഭിനേതാക്കളായ ശാരദ, മധു, തിലകൻ എന്നീ അഭിനേതാക്കൾ ന്യായാധിപന്റെ വേഷമിട്ട കാശ്മീരം(1994), ഷാർജ ടു ഷാർജ(2001), നരസിംഹം(2000) എന്നീ സിനിമകളെയും ഈ രണ്ട് സിനിമകളുമായി താരതമ്യപ്പെടുത്തി നോക്കാം. ഈ സിനിമകളിൽ പ്രധാന നടീനടൻമാർ ഈ വേഷത്തിൽ എത്തുന്നുണ്ടെങ്കിലും കഥാഗതിയിൽ പ്രകടമായ മാറ്റമോ, പ്രതിനായകനെ പരാജയപ്പെടുത്തുന്നതിൽ പ്രധാന പങ്കോ അവർ വഹിക്കുന്നില്ല. ഇവിടെ ചർച്ച ചെയ്ത് വന്ന സിനിമകളിലാണെങ്കിൽ പ്രസ്തുത കഥാപാത്രങ്ങൾ അത് പൂർണ്ണമായും നിർവ്വഹിക്കുന്നുണ്ട്. അതുകൊണ്ട് നാരദൻ, ന്നാ താൻ കേസ് കൊട് എന്നീ സിനിമകളിലെ ന്യായാധിപ കഥാപാത്രങ്ങളെ സവിശേഷ ചുറ്റുപാടിൽ പ്രതിഷ്ഠിക്കപ്പെട്ട നായക കഥാപാത്രങ്ങളായി തന്നെ കണ്ട് ആ കഥാപാത്രങ്ങളുടെ മറ്റ് സാദ്ധ്യതകളെപ്പറ്റി അന്വേഷിക്കാവുന്നതാണെന്ന് തോന്നുന്നു.

മുൻപ് പരാമർശിച്ചതു പോലെ "ഇറങ്ങിക്കളിക്കുന്ന" നായകൻമാരായി ഈ ന്യായാധിപൻമാരെ പരിഗണിക്കാമെങ്കിൽ, അവർ അവരുടെ സവിശേഷ സാഹചര്യത്തിൽ (നിഷ്പക്ഷരായി വീക്ഷിക്കേണ്ടവർ കളത്തിലിറങ്ങുന്നു) ആദ്യം ഓർമ്മപ്പെടുത്തുന്നത് എൻ. എസ്. മാധവന്റെ ഹിഗ്വിറ്റ എന്ന കഥയിലെ ഗീവർഗീസിനെയായിരിക്കും. അയാൾ ഒരു പള്ളീലച്ചനാണ്. ഈ രണ്ട് ന്യായാധിപൻമാരെയും പോലെ അയാൾക്കും പ്രവർത്തന സ്വാതന്ത്ര്യം കുറവാണ്. പള്ളിക്കകത്ത് വന്ന് കാണുന്നവരെ പരിഗണിക്കാൻ മാത്രമേ അയാൾക്ക് കഴിയൂ. എന്നാൽ ഗോൾവലയത്തിന് മുന്നിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഇറങ്ങിക്കളിക്കുന്ന ഹിഗ്വിറ്റയെ ഓർമ്മപ്പെടുത്തിക്കൊണ്ട് പ്രതിനായകനെ ശാരീരികമായി കീഴ്പ്പെടുത്തുന്ന ഗീവർഗീസച്ചനെ ഓർമ്മിപ്പിക്കുന്നുണ്ട് ഈ ന്യായാധിപൻമാർ. (നാരദനിലെ മുൻസിഫ്, മജിസ്ട്രേറ്റിന്റെ അധിക ചുമതലയുടെ പവറോടെ കോടതിമുറിയിലേക്ക് കടന്നുവരുമ്പോൾ ഒരു നായകന് കിട്ടേണ്ട ബാക്ക്ഗ്രൗണ്ട് സ്കോറാണ് നൽകിയിരിക്കുന്നത്. "ഗീവറീതേ, ഗീവറീതേ" എന്ന ആർപ്പുവിളി പോലെ).

എടുത്ത് പറയേണ്ട മറ്റൊരു സവിശേഷത ഈ രണ്ട് ന്യായാധിപൻമാരുടെയും ജാതി സ്വത്വമാണ്. രണ്ടുപേരുടെയും ദളിത്/ അവർണ്ണ സ്വത്വം പ്രകടമായിത്തന്നെ സിനിമകളിൽ കാണിച്ചിട്ടുണ്ട്. നാരദനിൽ കോടതിയിടവേളയിൽ കാറിലിരുന്ന് സ്പൂൺ കൊണ്ട് പാക്ക്ഡ് ഫുഡ്

കഴിക്കുന്ന സവർണ്ണ പ്രതിനായകനും അയാളുടെ സവർണ്ണ വക്കീലിനും സമാന്തരമായി വാട്ടിയ ഇലയിൽ പൊതിഞ്ഞ ആഹാരം കൈ കൊണ്ട് കുഴച്ച് കഴിക്കുന്ന ചോതിയെന്ന ന്യായാധിപനെ കാണിക്കുന്നുണ്ട്. ജഡ്ജിയാണെങ്കിൽ പോലും ചോതിയെന്ന ദളിതന് മുന്നിൽ അപേക്ഷിക്കാനുള്ള വൈമുഖ്യം ചന്ദ്രപ്രകാശിന്റെ വക്കീൽ തുറന്ന് പറയുന്നുണ്ട്. ന്നാ താൻ കേസ് കൊട് എന്ന സിനിമയിലും ഭാഷ കൊണ്ടും പെരുമാറ്റം കൊണ്ടും തന്റെ മുന്നിൽ നിൽക്കുന്ന വക്കീലിന്റെ പോലും വിമർശനങ്ങൾക്കും കളിയാക്കലിനും വിധേയനാകുന്നുണ്ട് ന്യായാധിപൻ. എല്ലാം കണ്ടും കേട്ടും "എന്റെ മുത്തപ്പാ" എന്ന് വിളിച്ച് പോകുന്നുണ്ട് അയാൾ. ഒരു ഘട്ടത്തിൽ തന്നെ ഇംഗ്ലീഷ് പറഞ്ഞ് പേടിപ്പിക്കല്ലേ എന്നും സൂചിപ്പിക്കുന്നുണ്ട്. ദളിത് സ്വത്വം പ്രകടമായി അയാൾക്ക് നൽകുന്നില്ലെങ്കിലും, സിനിമയുടെ അവസാന ഭാഗത്ത് വരുന്ന പുതിയ ന്യായാധിപന്റെ രീതികൾക്ക് വിരുദ്ധമായി സമൂഹത്തിന്റെ പൊതുബോധത്തിലൂന്നിയ ചില ദളിത്/ അവർണ്ണ സവിശേഷതകൾ ഈ ന്യായാധിപനിൽ ആരോപിച്ചിട്ടുള്ളതായി കാണാം. അങ്ങനെയാണെങ്കിൽ സമീപകാല മലയാള സിനിമയിൽ ദളിത് കഥാപാത്രങ്ങൾക്ക് നൽകി വരുന്ന സ്വീകാര്യത ഈ സിനിമകളിൽ സവിശേഷമായ രീതിയിൽ ആവിഷ്കരിച്ചിട്ടുള്ളതായി മനസിലാക്കാം. ദളിതരെ ഇരകളായും, അക്രമികളായും, അബലരായും ചിത്രീകരിക്കുന്ന പതിവിന് വിരുദ്ധമായി നീതി നടപ്പാക്കുന്ന, അതിഭാവുത്വമില്ലാത്ത നായകൻമാരായിട്ടാണ് ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

ജനാധിപത്യത്തിന് മൂന്ന് ഘടകങ്ങൾ(estates) ഉണ്ടെന്നാണല്ലോ രേഖപ്പെടുത്തിയിരിക്കുന്നത്. നിയമനിർമ്മാണ സഭ(legislative), കാര്യനിർവ്വഹണ വിഭാഗം(executive), നീതിപീഠം(judiciary) എന്നിവയാണവ. (ഇതിന് പുറമേ അലിഖിതമായ നാലാം ഘടകമായി മാധ്യമങ്ങളെ (press) കണക്കാക്കുന്നു). ഇവിടെ ചർച്ച ചെയ്യുന്ന സിനിമകൾ രണ്ടിലും മൂന്നാം എസ്റ്റേറ്റായ നീതിപീഠം മറ്റ് മൂന്ന് എസ്റ്റേറ്റുകളോടും നേർക്കുനേർ പോരാടുന്നത് കാണാം. ന്നാ താൻ കേസ് കൊട് എന്ന സിനിമയിൽ ലെജിസ്ലേറ്റീവിനോടും(മന്ത്രി) എക്സിക്യൂട്ടീവിനോടും(ചീഫ് എൻജിനിയർ) ആണെങ്കിൽ, നാരദനിൽ അത് അലിഖിത നാലാം ഘടകമായ പ്രസ്സിനോടാണ്. ജനാധിപത്യത്തിന്റെ മേൽക്കൂര തകർന്ന് വീഴാതിരിക്കാൻ മറ്റ് മൂന്ന് തൂണുകളോടും മല്ലടിക്കുന്ന/ കളത്തിലിറങ്ങി കളിക്കുന്ന ജുഡീഷ്യറി എന്ന നെടുംതൂണിനെയാണ് ഈ രണ്ട് ന്യായാധിപൻമാരും പ്രതിനിധീകരിക്കുന്നത്. നായകസ്ഥാനത്ത് ഈ ന്യായാധിപൻമാർ തന്നെ പ്രതിഷ്ഠിക്കപ്പെടുന്നതിനാലും, ഒരു നിശബ്ദ നിരീക്ഷകൻ മാത്രമാകാതെ നായകന്റേതിന് തുല്യമായ പ്രവർത്തന സ്വാതന്ത്ര്യം ഏറ്റെടുക്കുന്നതിനാലും ഈ രണ്ട് സിനിമകളിലെയും ന്യായാധിപൻമാരെ വ്യവസ്ഥയ്ക്കെതിരെ പ്രതികരിക്കുന്ന വ്യക്തികൾക്ക് തുല്യരായി കണക്കാക്കാം. അങ്ങനെ വരുമ്പോൾ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളെ വിമർശിക്കുന്ന അവർണ്ണ നായക പദവിയാണ് ഈ ന്യായാധിപൻമാർ കൈക്കൊള്ളുന്നതെന്ന് മനസിലാക്കാം.

ഇതൊക്കെയാണെങ്കിലും ഇത്തരത്തിലൊരു നായകത്വത്തിൽ പ്രശ്നവൽക്കരിക്കപ്പെടേണ്ട പല സംഗതികളുമുണ്ട്. നീതിപീഠം പക്ഷപാതങ്ങൾക്കതീതമായി പ്രവർത്തിക്കേണ്ടതാണെന്ന ആശയമാണ് നീതിപീഠത്തിന്റെ പ്രതീകമായ കണ്ണുമൂടിയ പ്രതിമ. നീതിപീഠത്തിലിരിക്കുന്നയാൾ പക്ഷഭേദം കാണിക്കാൻ തുടങ്ങിയാൽ, അത് ന്യായത്തിന്റെ ഭാഗത്തിന് വേണ്ടിയാണെങ്കിൽ പോലും, അതൊരു അപകടകരമായ മാറ്റമാണ്. ഇന്ന് നീതിയുടെ ഭാഗത്തേക്ക് ചാഞ്ഞ ന്യായാധിപന്റെ മനസ് നാളെ അനീതിയുടെ പക്ഷം പിടിച്ചേക്കാം. മാത്രമല്ല, ന്യായത്തിന്റെ ഭാഗം എന്ന് ഒരാൾ വിലയിരുത്തുന്ന ഭാഗത്ത് തന്നെയാവണമെന്നില്ല എപ്പോഴും ന്യായവും സത്യവും നിലകൊള്ളുന്നത്. തെറ്റും ശരിയും ഒരാൾ സ്വയം വേർതിരിച്ച് വിധി നടപ്പാക്കുന്നത് അധികാര കേന്ദ്രീകരണത്തിലേക്കാവും നയിക്കുക. അത് ന്യായാധിപനാകുമ്പോൾ പ്രത്യേകിച്ചും. അധികാര കേന്ദ്രീകരണം തീർച്ചയായും അധികാര ദുരുപയോഗത്തിലാവും കലാശിക്കുക.

പ്രശ്നവൽക്കരിക്കേണ്ട മറ്റൊരു സംഗതി ഈ സിനിമകളിലെ അവർണ്ണ നായകത്വത്തിന്റെ മറ്റൊരു വശമാണ്. അക്രമികളും ഇരകളുമൊക്കെയായി പൊതുവേ ചിത്രീകരിക്കപ്പെടുന്ന ദളിത് സ്വത്വത്തിന് ഈ സിനിമകളിൽ നൽകിയിരിക്കുന്ന സ്ഥാനത്തിന്റെ/പദവിയുടെ സുരക്ഷിതത്വം ചിന്തിക്കപ്പെടേണ്ട ആശയമാണ്. രണ്ട് സിനിമകളിലും അവർണ്ണ/ ദളിത് നായകൻമാർ (തൽക്കാലത്തേക്കെങ്കിലും) ആരാലും വിമർശിക്കപ്പെടാൻ കഴിയാത്ത സ്ഥാനങ്ങളിലാണ് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്. മുൻസിഫ് മാത്രമായ ചോതിയെ കൂടുതൽ കരുത്തനാക്കാൻ മജിസ്ട്രേറ്റിന്റെ അധിക പദവി കൂടി നൽകുന്നുണ്ട് നാരദനിൽ. ദളിതന് പ്രവർത്തന സ്വാതന്ത്ര്യവും നായകത്വവും ലഭിക്കുന്നത് അത്ര വേഗം ചോദ്യം ചെയ്യപ്പെടാത്ത അധികാര സ്ഥാനത്ത് മാത്രമാണോ എന്നൊരു ചോദ്യം ഇവിടെ ഉയർന്നു വരുന്നുണ്ട്. നാരദനിൽ ചന്ദ്രപ്രകാശിന്റെ സമയത്തിന് കേസ് വിളിക്കാൻ അപേക്ഷയുമായി സീനിയർ വക്കീൽ വിടുന്നത് സവർണ്ണനല്ലാത്ത ജൂനിയർ വക്കീലിനെയാണ്. ആദ്യം കേസ് വാദിക്കാനെത്തുന്നത് ആ ജൂനിയർ വക്കീലാണെങ്കിലും വിശദമായ വാദത്തിന്റെ ഘട്ടമെത്തുമ്പോഴേക്കും അയാൾക്ക് ശബ്ദം നഷ്ടപ്പെടുകയാണ്. സവർണ്ണനായ സീനിയർ വക്കീലാണ് പിന്നെ ജഡ്ജിയോട് നേർക്കുനേർ നിൽക്കുന്നത്. ന്യായാധിപന്റെ പദവിയെ/ കസേരയെ മാത്രമാണ് അയാൾ വകവെയ്ക്കുന്നത്. ന്നാ താൻ കേസ് കൊട് എന്ന സിനിമയിലും ഇതേ അവസ്ഥ തന്നെയാണ്. ന്യായാധിപന്റെ പല പരാമർശങ്ങളെയും നേരിട്ട് വിമർശിക്കാൻ പ്രധാന വക്കീൽ തയ്യാറാകുന്നുണ്ട്. "ഇയാൾക്ക് മേലെ വേറെ കോടതിയില്ലേ?" എന്ന ചോദ്യവും വക്കീൽ ചോദിക്കുന്നുണ്ട്. "അവിടെയും നീ തന്നെയല്ലേ വാദിക്കുന്നത്" എന്ന പരിഹാസപരമായ മറുചോദ്യം ചോദിക്കാൻ അപ്പോൾ ജഡ്ജിക്ക് കഴിയുന്നത് അയാളിരിക്കുന്ന സ്ഥാനത്തിന്റെ ബലത്തിലാണ്. ഇവിടെയെല്ലാം മേൽ ഉന്നയിച്ച ചോദ്യത്തിന്റെ പ്രസക്തി കൂടുതൽ ഉയർന്നു വരുന്നുണ്ട്. കോടതി മുറിക്കുള്ളിലെ ഗാന്ധിചിത്രത്തിന് താഴെയുള്ള കസേരയിൽ മാത്രമാണോ ദളിതന്/ അവർണ്ണന് നായകത്വം ലഭിക്കുന്നത്? വിദ്യാഭ്യാസം, പണം, ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവ നേടിയ ദളിതന് മാത്രമേ മറ്റ് പൗരൻമാരുമായി/ നായകൻമാരുമായി തുല്യത പങ്കിടാൻ കഴിയുകയുള്ളോ എന്ന ചോദ്യവും ബാക്കിയാകുന്നു.




# കുടിയേറ്റം പ്രശ്നവൽക്കരിക്കപ്പെടുമ്പോൾ

**ഹരിനാരായണൻ.എസ്**

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ലോകക്രമത്തെ ഏറ്റവുമധികം നേരിട്ട് ബാധിക്കുന്ന സുപ്രധാന രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക വിഷയമാണ് കുടിയേറ്റം. ആഗോളീകരണം വിവിധ രാജ്യങ്ങളിലെ ജനങ്ങളെ വിപണിക്കു വേണ്ടി ഒരു കുടക്കീഴിലേക്കെത്തിച്ചെങ്കിലും, ഒന്നാം ലോക രാജ്യങ്ങളും നാലാം ലോക രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക അസമത്വം ഓരോ ദിവസവും കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുകുകയാണ്. ഭേദപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടി വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്ന മനുഷ്യരുടെ കാഴ്ച തികച്ചും സ്വാഭാവികമായി മാറിയിരിക്കുന്നു. എൺപതുകളിലും, തൊണ്ണൂറുകളിലും കേരളം പോലൊരു ചെറിയ സംസ്ഥാനത്തിൻറെ സാമ്പത്തിക രംഗത്തെ പിടിച്ചു നിർത്തുന്നതിൽ, ഭാഗ്യാന്വേഷികളെന്ന് കളിയാക്കി പറയാറുള്ള പ്രവാസികളുടെ സംഭാവന തെല്ലും കുറച്ചു കാണാനാവില്ല. മികച്ച ജീവിതം തേടിയുള്ള കുടിയേറ്റത്തെക്കാൾ ഇന്നത്തെ ലോകത്ത് ചർച്ചയാവുന്നത് നിർബന്ധിത കുടിയേറ്റങ്ങളാണ്. സ്വന്തം രാജ്യത്ത് ജീവിക്കാനുള്ള അവസാന വഴിയും അടയുമ്പോൾ അഭയാർഥികളായി അതിർത്തികൾ താണ്ടുന്ന നിസ്സഹായരായ മനുഷ്യരുടെ ചിത്രങ്ങളാണ് പുതിയ കാലത്തിൻറെ യാഥാർത്ഥ്യങ്ങളെ അടയാളപ്പെടുത്തുന്നത്. യുദ്ധവും പട്ടിണിയും ആഭ്യന്തര സംഘർഷങ്ങളും നിരവധി രാജ്യങ്ങളിലെ സാധാരണക്കാരായ ജനങ്ങളെ അവരുടെ വേരുകളിൽ നിന്നും അടർത്തി മാറ്റുകയാണ്. ഈ സ്ഥിതിവിശേഷത്തെ സാഹിത്യവും ജനകീയ കലയെന്ന് അറിയപ്പെടുന്ന സിനിമയും സമീപിച്ച രീതികൾ വ്യത്യസ്തമാണ്. സാഹിത്യം ആഴത്തിൽ തന്നെ ഈ വിഷയത്തിൻറെ അന്തസ്സത്തയെ ഉൾക്കൊണ്ടപ്പോൾ, സിനിമ അതിൻറെ കച്ചവട സമവാക്യങ്ങളുടെ സൗകര്യാർത്ഥം മിക്കപ്പോഴും ഒത്തുതീർപ്പുകൾക്കു വഴങ്ങുകയുമായിരുന്നു. എന്നാൽ ചില ചിത്രങ്ങൾ അവയുടെ പരമ്പരാഗതമായ ചട്ടക്കൂടുകൾ പൊളിച്ചു കൊണ്ട് ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് സത്യസന്ധമായി ചൂഴ്ന്നു നോക്കുന്നുണ്ട്. അഭയാർഥി പ്രശ്നത്തെ ഗൗരവതരമായി അവതരിപ്പിച്ച 'ദീപൻ' ഫ്രഞ്ച് ചിത്രം ഈ വിഷയത്തെ ഏറ്റവും ആർജവത്തോടെ കൈകാര്യം ചെയ്ത ചുരുക്കം ചില സിനിമകളിലൊന്നാണ്.

സ്വന്തം രാജ്യത്തെ രാഷ്ട്രീയ പ്രശ്നങ്ങൾ കാരണം നാടുവിട്ട് പലായനം ചെയ്യേണ്ടി വരുന്ന വലിയൊരു ജനവിഭാഗത്തിന്


എത്തിപ്പെടുന്ന പുതിയ രാജ്യത്ത് രണ്ടാം കിട പൗരന്മാരായി ജീവിക്കേണ്ട സാഹചര്യമുണ്ടാവുകയാണ്.. ഖാലിദ് ഹോസെയ്നിയുടെ The Kite Runner എന്ന നോവൽ വരച്ചു കാട്ടുന്ന ജീവിത സത്യങ്ങൾ അധിനിവേശത്തിൻറെ ഭീകരചിത്രം വ്യക്തമാന്നുണ്ട്. അഫ്ഘാനിസ്ഥാനിലെ സോവിയറ്റ് അധിനിവേശവും തുടർന്ന് അമേരിക്കയുടെ സഹായത്തോടെ മതമൗലികവാദികൾ സൃഷ്ടിച്ച യാഥാസ്ഥിതിക ഭരണകൂടവും ആ രാജ്യത്തു നിന്നുള്ള കൂട്ടപ്പലായനങ്ങൾക്ക് കാരണമാവുകയായിരുന്നു. വേരറുത്തു മാറ്റപ്പെട്ട ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഒരു കാലത്തും തങ്ങളെ അഭയാർഥികളാക്കിയ രാഷ്ട്രീയക്കളിനിയമങ്ങൾ മനസ്സിലാവാറില്ല.

2015 ലെ കാൻസ് ചലച്ചിത്രോത്സവത്തിൽ ഏറ്റവുംമികച്ച ചിത്രത്തിനുള്ള ‘പാം ദിയോർ’ പുരസ്കാരം നേടിയ ‘ദീപൻ’, ഉന്നയിക്കുന്ന വിഷയത്തിൻറെ തീവ്രതയാൽ ലോകമെമ്പാടും ചലച്ചിത്ര പ്രേമികൾക്കിടയിൽ വലിയ ചർച്ചകൾക്കു വഴിവച്ചിരുന്നു. ഷാക്ക് ഓഡിയാർഡ് സംവിധാനം ചെയ്ത ‘ദീപൻ’ ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തെത്തുടർന്ന് പലായനം ചെയ്യേണ്ടി വരുന്ന ശിവദാസൻ, യാലിനി, ഇളയൽ എന്നിവരുടെ കഥയാണ് പറയുന്നത്. എൽ.ടി.ടി.ഇ പ്രവർത്തകനായിരുന്ന ശിവദാസൻ ദീപൻ എന്ന പേരിലുള്ള വ്യാജ പാസ്പോർട്ടിൽ ഫ്രാൻസിലെത്തുകയാണ്. ഭാര്യയും മകളുമെന്ന വ്യാജേന യാലിനിയും, ഇളയലും, അയാളോടൊപ്പമുണ്ട്. ഗതികേട് കൊണ്ട് സ്വീകരിക്കേണ്ടി വരുന്ന പുതിയ പേരിലുള്ള ജീവിതമാണ് ഫ്രാൻസിൽ അയാൾക്ക് ജീവിക്കേണ്ടി വരുന്നത്. ഏതു നിമിഷവും പോലീസ് പിടിയിലായെക്കാമെന്ന യാഥാർഥ്യം ഡെമോക്ലസിൻറെ വാൾ കണക്കെ തലയ്ക്ക് മുകളിൽ തൂങ്ങുമ്പോഴും, പ്രതീക്ഷകളുടെ ഒരു പുതിയ പുലരി വന്നണയുമെന്ന ശുഭാപ്തിവിശ്വാസത്തോടെ അവർ മൂവരും ജീവിതത്തെ നേരിടുകയാണ്. ലോകമെമ്പാടുമുള്ള അഭയാർഥികളുടെ വ്യഥയെയും ജീവിതാവസ്ഥകളേയും പ്രതിനിധാനം ചെയ്യാൻ ഈ ചിത്രത്തിന് കഴിയുന്നുണ്ട്. പൂർണ്ണമായും ഒറ്റപ്പെടുന്ന, ഏറ്റവും ഭയാനകമായ സാഹചര്യങ്ങളിലൂടെ കടന്നുപോവുന്ന മനുഷ്യർ, ഒരു കച്ചിത്തുരുമ്പ് കണക്കെ പ്രതീക്ഷയെ അള്ളിപ്പിടിച്ച് ജീവിക്കുന്ന അവസ്ഥാവിശേഷങ്ങളുണ്ട്. ‘ദീപൻ’ അത്തരം ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതത്തെ പുനരാഖ്യാനം ചെയ്യുകയാണ്.

അമേരിക്കയിലും യൂറോപ്പിലും കുടിയേറ്റ വിരുദ്ധ നിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന വലതുപക്ഷ രാഷ്ട്രീയശക്തികൾ വമ്പിച്ച ജനപിന്തുണയാണ് തങ്ങളുടെ രാജ്യങ്ങളിൽ നേടിയെടുക്കുന്നത്. സാമ്പത്തിക-സാമൂഹിക കാഴ്ചപ്പാടുകളിലെ അപര്യാപ്തത ഇത്തരം

രാഷ്ട്രീയപ്പാർട്ടികൾ മറികടക്കുന്നത് അഭയാർഥികൾക്കെതിരായ തീവ്രവികാരം തദ്ദേശീയരിൽ ഉണർത്തിക്കൊണ്ടും, കുടിയേറി വന്നവർ തങ്ങളുടെ രാജ്യത്തിൻറെ വിഭവങ്ങൾ കവരുന്നതായി ചിത്രീകരിച്ചു

**2015 ലെ കാൻസ് ചലച്ചിത്രോത്സവത്തിൽ ഏറ്റവുംമികച്ച ചിത്രത്തിനുള്ള ‘പാം ദിയോർ’ പുരസ്കാരം നേടിയ ‘ദീപൻ’, ഉന്നയിക്കുന്ന വിഷയത്തിൻറെ തീവ്രതയാൽ ലോകമെമ്പാടും ചലച്ചിത്ര പ്രേമികൾക്കിടയിൽ വലിയ ചർച്ചകൾക്കു വഴിവച്ചിരുന്നു. ഷാക്ക് ഓഡിയാർഡ് സംവിധാനം ചെയ്ത ‘ദീപൻ’ ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തെത്തുടർന്ന് പലായനം ചെയ്യേണ്ടി വരുന്ന ശിവദാസൻ, യാലിനി, ഇളയൽ എന്നിവരുടെ കഥയാണ് പറയുന്നത്.**




കൊണ്ടുമാണ്. അമേരിക്കയിൽ സാക്ഷാൽ ഡോണാൾഡ് ട്രമ്പിൻറെ സ്ഥാനാരോഹണത്തോടെ കടുത്ത കുടിയേറ്റ വിരുദ്ധ നിലപാടുകളുമായി വിവിധ രാജ്യങ്ങളിൽ നേതാക്കൾ ഉയരുന്നതാണ് ഇന്നത്തെ ലോകത്ത് കാണാൻ സാധിക്കുന്നത്. ജർമ്മനിയും, ഫ്രാൻസും, സ്കാൻഡിനെവിയൻ രാജ്യങ്ങളും ഈ വഴി പിന്തുടരാൻ നിർബന്ധിതരായി. ബ്രെക്സിറ്റിലെക്ക് നീങ്ങാൻ ബ്രിട്ടൻ നിർബന്ധിതരായതിൻറെ പിന്നിലും കുടിയേറ്റത്തിൻറെ രാഷ്ട്രീയമാനങ്ങൾ പ്രകടമായിരുന്നു. ബ്രസീലിൽ ട്രമ്പിൻറെ ആരാധകനായ ജൈർ ബൊൽസൊനാരോ അധികാരത്തിലെത്തുകയും പരസ്യമായി അഭയാർഥികൾക്കെതിരായ നിലപാടെടുക്കുകയും ചെയ്തു. പൊതുവേ കുടിയേറ്റങ്ങളോട് അനുഭാവപൂർണമായ നിലപാടെടുക്കാറുള്ള ഇന്ത്യ, രോഹിംഗ്യ വിഷയത്തിൽ തികച്ചും പ്രതിലോമകരമായി പ്രതികരിച്ചതും, NRC(National Register of Citizens) യുടെ പേരിൽ ആയിരക്കണക്കിന് ഇന്ത്യക്കാരെ തന്നെ സംശയത്തിൻറെ നിഴലിലാക്കിയതും വലതു രാഷ്ട്രീയം പൊതുവായി കുടിയേറ്റത്തെ വിഭജനത്തിനായി ഉപയോഗിക്കുന്ന ലോകശൈലിയുടെ പിൻപറ്റലായി വാഖ്യാനിക്കാവുന്നതാണ്.

രക്തരൂക്ഷിതമായ ശ്രീലങ്കൻ ആഭ്യന്തര യുദ്ധത്തിൻറെ ബലിയാടുകളാണ് 'ദീപനി'ലെ കഥാപാത്രങ്ങൾ. ഭരണകൂടഭീകരതയുടെ ഞെട്ടിക്കുന്ന ചില വർഷങ്ങളിലൂടെയാണ് ഇക്കാലയളവിൽ ശ്രീലങ്ക കടന്നു പോയത്. ഏതു നിമിഷവും തങ്ങളുടെമേൽ പതിച്ചേക്കാവുന്ന ഒരു ബോംബിനെ ഭയന്ന് ജീവിക്കേണ്ടി വരുന്ന നിസ്സഹായരായ ജനത. ഒരർത്ഥത്തിൽ സ്വന്തം നാട്ടിൽ പോലും അഭയാർഥികളായി ജീവിക്കുകയായിരുന്നു ലങ്കയിലെ തമിഴ് വംശജർ. ആയുധങ്ങൾ കൊണ്ടുള്ള തിരിച്ചടിച്ചിരുന്ന തമിഴ് പുലികളോടുള്ള പക ഭരണകൂടം വീട്ടിയിരുന്നത് തികച്ചും സാധാരണക്കാരായ മനുഷ്യരോടായിരുന്നു. ചിത്രത്തിലെ ഒരു രംഗത്തിൽ യാലിനി, ഭരണകൂടത്തിൻറെയും പുലികളുടെയും ഇടയിൽപ്പെട്ടുപോയ തങ്ങളടക്കമുള്ള സാധാരണക്കാരുടെ ജീവിതത്തെക്കുറിച്ച് ശിവദാസനെന്ന ദീപനോട് ചില മൂർച്ചയുള്ള ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. ഒരിക്കൽ സ്വപ്നം കണ്ട സ്വതന്ത്ര്യം വെറും മിഥ്യയാണെന്ന് ബോധ്യപ്പെടുന്ന ശപിക്കപ്പെട്ട അവസ്ഥയിലൂടെയാണ് അയാൾ കടന്നുപോവുനത്. ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ലാത്ത ഒരു കൂട്ടം മനുഷ്യരുടെ പ്രതിനിധി കൂടിയാണ് ദീപൻ.

കടൽത്തീരത്ത് കിടക്കുന്ന ഐലൻ കുർദിയുടെ ശരീരം ലോകമനസാക്ഷിയെ ഞെട്ടിച്ചിരുന്നു. ആ ദുരന്ത ദൃശ്യത്തിൻറെ ഓർമ്മകളിൽ നിന്ന് മുക്തരാവും മുൻപാണ് എൽ സാൽവദോർ  സ്വദേശികളായ അച്ഛനും മകളും അമേരിക്കൻ അതിർത്തിയിൽ മരിച്ചു കിടക്കുന്ന ചിത്രം നമ്മുടെ മുന്നിലേക്ക് വീണ്ടും ഒരു പിടി ചോദ്യങ്ങളുയർത്തുന്നത്. ഈ ലോകം ആരുടെതാണ്,ആരുടേതല്ല എന്നതാണ് അന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കുന്ന ചോദ്യം. എല്ലാക്കാലവും ചിലർ മുഖ്യധാരയ്ക്ക് പുറത്താവുകയും എല്ലാകള്ളികളിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണിത്. ഫ്രാൻസിൽ ജീവിതം കരുപ്പിടിപ്പിക്കാൻ കഷ്ടപ്പെടുന്ന ദീപനേയും, യാലിനിയെയും ചിത്രത്തിൽ കാണാം. ക്രിമിനൽ പ്രവർത്തനങ്ങളിലേർപ്പെടുന്നവർ താമസിക്കുന്ന ഒരു ചെറിയ പ്രദേശത്താണ് അവർക്ക് വീട് ലഭിക്കുന്നത്. അരികുകളിലാണ് ആ ജീവിതങ്ങൾ. അരികുകളിൽ തന്നെ ഒടുങ്ങുന്നതാണ് അവരുടെ സ്വപ്നങ്ങളും.

അനധികൃത കുടിയേറ്റം നടത്താൻ നിർബന്ധിതരാവുന്നവർക്ക് പലപ്പോഴും ഒരിടത്തും ഉറച്ചു നിൽക്കാനുള്ള സാഹചര്യമുണ്ടാവാറില്ല. നിരവധി ബാഹ്യസമർദ്ദങ്ങളുടെ പ്രേരണയാൽ അവർ വേരുറയ്ക്കും മുൻപേ പിഴുതു മാറ്റപ്പെടുകയാണ്. 'ദീപനി'ലും ഇതേ അവസ്ഥ ആവർത്തിക്കുന്നുണ്ട്. ഫ്രാൻസിൽ ജീവിക്കാനാവാത്ത സാഹചര്യത്തിൽ അവർ മൂന്നുപേരും ഇംഗ്ലണ്ടിലേക്ക് കുടിയേറുന്നു. പുതിയ നാട്ടിൽ പുതിയ ജീവിതം യാഥാർത്ഥ്യമാവുമെന്ന ശുഭപ്രതീക്ഷയിലാണ് ചിത്രം അവസാനിക്കുന്നത്. ഈ ലോകം എല്ലാവർക്കുമായുള്ളതാണെന്നും, അതിർത്തികൾ സൃഷ്ടിച്ച് മനുഷ്യർ സ്വയം ചുരുങ്ങുന്നത് അപഹാസ്യമാണെന്നും 'ദീപൻ' ചൂണ്ടിക്കാട്ടുന്നുണ്ട്. അഭിനവ ട്രമ്പുമാർ വാഴുന്ന, മനുഷ്യത്വം ഒട്ടും ദൃശ്യമാവാത്ത പുതിയ ലോകത്ത്, ഇത്തരം ചിത്രങ്ങളിലൂടെ കല അതിൻറെ സാമൂഹികദൗത്യം കൂടിയാണ് നിറവേറ്റുന്നത്.





**പുസ്തക പരിചയം**

# വടക്കൻ പാട്ടു സിനിമകൾ -ചരിത്രം, സംസ്കാരം, രാഷ്ട്രീയം


**പ്രസാദ് ദാമോദരൻ**

ഉരുത്തിരിഞ്ഞു വന്ന തമിഴ് ഭാഷയിൽ നിന്നും സമ്പർക്ക ഭാഷയായ സംസ്കൃതത്തിൽ നിന്നും ഭിന്നമായി മലയാള ഭാഷയുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്ന വാമൊഴി പാട്ടുകാവ്യങ്ങളാണ് വടക്കൻ പാട്ടുകൾ . വടക്കൻ പാട്ടുകൾ തെക്കൻ പാട്ടുകൾ എന്നിങ്ങനെ ഈ ശാഖയിൽ രണ്ട് വിഭാഗങ്ങളുണ്ടെങ്കിലും കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചാരത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് വടക്കൻ പാട്ടുകൾ തന്നെയാണ്.

കേരളത്തിലെ വടക്കേ മലബാറിലെ പഴയകാല സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ് വടക്കൻ പാട്ടുകൾ . പ്രധാനമായും പുത്തൂരം പാട്ടുകൾ, തച്ചോളിപ്പാട്ടുകൾ, ഒറ്റപ്പാട്ടുകൾ എന്നിങ്ങനെ മൂന്നായി കണക്കാക്കുന്നുണ്ടെങ്കിലും വയലേലകളിൽ നാട്ടിപ്പാട്ടായും ഭാരം വലിക്കുന്നവർക്ക് തോരം പാട്ടായും കല്യാണസദ്യ ഒരുക്കുന്നവർക്ക് അരവുപാട്ടായും നിരവധി വകഭേദങ്ങൾ ഇവയ്ക്കുണ്ട്.

സമൂഹത്തിലെ നിരവധി രംഗത്ത് വടക്കൻ പാട്ടിന്റെ സ്വാധീനം കാണാം. ജീവിതത്തിന്റെ സത്യാവിഷ്കാരങ്ങൾ എന്ന് വടക്കൻ പാട്ടുകളെ നിരൂപിച്ച ലോക പ്രശസ്ത പണ്ഡിതനായ സി.എം. ബൗറ "Heroic Poetry " എന്ന് വടക്കൻ പാട്ടുകളെ നാമകരണം ചെയ്തിരിക്കുന്നു.

വീരാരാധനയിൽ ജനങ്ങൾക്കുള്ള അഭിനിവേശമാണ് ഈ വാമൊഴി പ്പാട്ടുകളുടെ പ്രചുര പ്രചാരത്തിന് പ്രധാന കാരണം.ആരോമൽ ചേകവർ , കണ്ണപ്പ ചേകവർ , ഉണ്ണിയാർച്ച , തുമ്പോലാർച്ച, പാലാട്ട് കോമൻ,




പാലാട്ട് കുഞ്ഞിക്കണ്ണൻ, പൂമാതൈ പൊന്നമ്മ , ചന്തു , തച്ചോളി അമ്പു... തുടങ്ങി പാട്ടുകളിലെ കഥാ പാത്രങ്ങളെല്ലാം ജനമനസ്സുകളിൽ പതിഞ്ഞവയായിരുന്നു. നാടകീയതയും വൈകാരികതയും കാമവും കളരിപയറ്റും യുദ്ധമുറകളും തുടങ്ങി സിനിമയ്ക്ക് ഏറെ അനുയോജ്യമായ ഈ പാട്ടുകഥകളിൽ നിന്ന് നിരവധി സിനിമകൾ മലയാളത്തിലുണ്ടായി. അത്തരത്തിൽ ഉണ്ടായ സിനിമകളേയും സിനിമയുണ്ടായ കാലത്തെ രാഷ്ട്രീയ സാഹചര്യത്തെയും അധിനിവേശ വ്യവഹാരങ്ങളെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ഗവേഷണ പഠനങ്ങളാണ് ഡോക്ടർ പി.എസ്സ്. രാധാകൃഷ്ണൻ രചിച്ച "വടക്കൻ പാട്ടു സിനിമകൾ " ചരിത്രം, സംസ്കാരം, രാഷ്ട്രീയം എന്ന ഗ്രന്ഥം.

കേരള ചലച്ചിത്ര അക്കാദമി പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ കൃതിയിൽ പ്രധാനമായും

1. വടക്കൻ പാട്ടുകൾ ചരിത്രവും ഭാവനയും,.
2. പ്രാദേശികതയും ചലച്ചിത്രാത്മക ഫോക്ലോറും.
3. പുത്തൂരം പാട്ടുകൾ: വെള്ളിത്തിര വാണ ചേകവരും വീരാംഗനകളും.
4. തച്ചോളിപ്പാട്ടുകൾ: കാലത്തിലൂടെ വീണ്ടെടുത്ത വീരഗാഥകൾ തുടങ്ങി നാല് അദ്ധ്യായങ്ങളാണ് ഉള്ളത്.

പൗരാണികവും സാമൂഹികവുമായ കഥാബീജം ഉൾക്കൊണ്ട സിനിമകൾ അരങ്ങ് വാണിരുന്ന അറുപത്കളുടെ തുടക്കത്തിലാണ് വടക്കൻ പാട്ടു സിനിമകളും തിയേറ്ററുകളിലേക്കെത്തുന്നത്.

അന്നത്തെ കേരള രാഷ്ട്രീയ സാമൂഹിക പരിസരങ്ങളെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഡോ: രാധാകൃഷ്ണൻ തന്റെ പഠനം മുന്നോട്ട് കൊണ്ട് പോകുന്നത്.

"1956 ൽ നിന്നും 1961 ൽ എത്തുമ്പോഴേക്കും ജനതയുടെ അവബോധത്തിൽ സമൂല മാറ്റങ്ങളുണ്ടായെന്നു കരുതാനാവില്ല. ഐക്യ കേരളത്തിലെ ആദ്യ സർക്കാരിന്റെ പതനവും തുടർന്നുണ്ടായ രാഷ്ട്രീയ നീക്കങ്ങളുമെല്ലാം ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുന്നതായിരുന്നു...... ചുരുക്കത്തിൽ അറുപതുകളിലെ രാഷ്ട്രീയാനിശ്ചിതത്വം പ്രത്യാശാ രഹിതമായ കാലത്തെയാണ് സാക്ഷ്യപ്പെടുത്തിയത്. ഇത്തരമൊരു സാംസ്കാരിക രാഷ്ട്രീയ സാഹചര്യത്തിലാണ് ഉണിയാർച്ചയും ആരോമൽ ചേകവരും തച്ചോളി ഒതേനനും പാലാട്ട് കോമനുമൊക്കെ സുസ്ഥിരതയുടെ പ്രതീകമായി വെള്ളിത്തിരയിൽ നിറഞ്ഞാടിയത്. രാഷ്ട്രീയ മണ്ഡലത്തിലെ മോഹഭംഗങ്ങൾക്ക് സമാന്തരമായി വടക്കൻ പാട്ടു ചിത്രങ്ങൾ മുന്നോട്ടു വെച്ചത് ദേശപ്പഴമയുടെ പാരമ്പര്യവും കാൽപനികാനുഭവങ്ങളുമായിരുന്നു." (പേജ്. 78)

പാശ്ചാത്യ ചിത്രങ്ങളിലെ നാടോടിക്കഥകളെയും നാട്ടറിവു കഥാകഥനങ്ങളുടെ ചലച്ചിത്രഭാഷ്യങ്ങളെയും പ്രധാനപ്പെട്ട ലോക പ്രശസ്ത ക്ലാസിക് സിനിമകളെ പഠന വിധേയമാക്കുന്നുണ്ട്.

"സാംസ്കാരിക ദേശീയതയിലെ വിഭി



*പി.എസ്.രാധാകൃഷ്ണൻ*

ന്നതകളാണ് ഫോക് ലോറുകളുടെ ചലച്ചിത്രഭാഷ്യങ്ങളെ വിഭിന്നതകളാക്കുന്നത്. മാർവൽ കോമിക്കുകളിലെ നായിയാ- നായകൻമാർ തകർത്താടുമ്പോഴാണ് ചൈനീസ് ചിത്രങ്ങൾ പാരമ്പര്യദത്തമായ ആയോധനകലകളുടെ പ്രദർശനക്കളരിയായി ആഗോള വിപണിയെ അമ്പരപ്പിക്കുന്നത് "

വടക്കൻ പാട്ടിന്റെ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങളെ (ബ്രാഹ്മണ്യത്തിന്റെ ഇടപെടലുകൾ പാട്ടുകളിലില്ലെങ്കിൽ തന്നെയും) സാമൂഹിക ദുരാചാരങ്ങൾ , ലിംഗസമത്വം , അധികാരവിവേചനം തുടങ്ങിയവയെ ഗൗരവമായും വിമർശനാത്മകമായും വിലയിരുത്തുന്നുണ്ട്. പാടിപ്പതിഞ്ഞ വീര കഥാപാത്രങ്ങൾ സിനിമാനന്തരം സിനിമയിലെ നായക മുഖങ്ങളായി പരിണമിക്കുന്നതിനെയും ഇത്തരം സിനിമകൾ പ്രതിനിധാനം ചെയ്യുന്ന അധിനിവേശ ദേശീയ വ്യവഹാരങ്ങളെയും സൂക്ഷ്മമായി നിരീക്ഷണ വിധേയമാക്കുന്നു.വടക്കൻ പാട്ടിലെ ഓരോ കഥാപാത്രങ്ങളും അനുവർത്തനത്തിലൂടെ കഥാപാത്രമായി മാറുമ്പോൾ ഉണ്ടാകുന്ന പാളിച്ചകളെയും സൂക്ഷ്മമായി കർശനമായി വിമർശിക്കുവാൻ ഗ്രന്ഥകർത്താവ് മടിക്കുന്നില്ല.നാടുനീളെ വീരകഥകളും പാടി നടക്കുന്ന ദരിദ്രനായ പാണൻ സിനിമയിലെത്തിയപ്പോൾ തച്ചോളി കുടുംബവുമായി വളരെ അടുപ്പമുള്ളയാളായി മാറുന്നു. പാണന്റെ പാട്ടിനെ അത്യുക്തികളായും മറിമായമായും വടക്കൻ വീരഗാഥയിൽ ചന്തു പരിഹസിക്കുന്നുണ്ട്. ദരിദ്രനായ പാണൻ അന്നത്തിനും പണത്തിനുമായി മറിമായം കാണിക്കുന്നതിൽ അതിശയോക്തിയില്ലതാനും. ഇങ്ങനെ പാണന്റെ പാട്ടിനെ ആകെ മൊത്തം നീരീക്ഷണം ചെയ്ത് അതുവരെ കേട്ടുപതിഞ്ഞ വടക്കൻ പാട്ടു സിനിമകളിൽ നിന്നും വ്യത്യസ്തമായി പുറത്തിറങ്ങിയ എം. ടി.യുടെ ഒരു വടക്കൻ വീരഗാഥയെക്കുറിച്ചുള്ള ഗൗരവമേറിയ പഠനം പുസ്തകത്തിന് പ്രസക്തി കൂട്ടുന്നു. ചട്ടമ്പിയായ ഒതേനനെ നല്ലവനായി അവതരിപ്പിച്ച സിനിമയോട് കയർക്കുകയും പിന്നീട് സിനിമയോട് സമരസപ്പെടുകയും ചെയ്ത എഴുത്തുകാരനായ എം ടി യെയും നിരീക്ഷണ വിധേയമാക്കുന്നുണ്ട്.

വടക്കൻ പാട്ടുകളെയും അവയുടെ സാമൂഹിക പശ്ചാത്തലത്തെയും സ്വാധീനത്തെയും അവയുണ്ടാക്കിയ സിനിമാസന്ദർഭങ്ങളെയും സമൂഹത്തിൽ അവയുണ്ടാക്കിയ പ്രതിഫലനങ്ങളെയും സത്യാനന്തര സമീപനങ്ങളെയും സൂക്ഷ്മമായി അന്വേഷണ വിധേയമാക്കുന്ന കൃതിയാണ് "വടക്കൻ പാട്ടു സിനിമകൾ ".വടക്കൻ പാട്ടിനെക്കുറിച്ച് നിരവധി പഠനഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വടക്കൻ പാട്ടു സിനിമാപഠനങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. പ്രസ്തുത വിഷയത്തിലെ ആദ്യ ഗ്രന്ഥമെന്ന നിലയ്ക്ക് ഈ കൃതിയ്ക്ക് ആധികാരികത ഏറുന്നു.ഗവേഷകർക്ക് ഒഴിച്ചുകൂടാനാവാത്തതും ഏവർക്കും ഒരുപോലെ വായിച്ചാസ്വദിക്കാൻ കഴിയുന്ന പുസ്തകം.



Azadi Ka Amrit Mahotsav

bob World

बैंक ऑफ़ बड़ौदा
Bank of Baroda



# CELEBRATE THE HAPPINESS OF OWNING A NEW ADDRESS

## GET YOUR DREAM HOME

QUICK & HASSLE-FREE HOME LOAN WITH ATTRACTIVE RATE OF INTEREST

Give a missed call : 846 700 1111 | www.bankofbaroda.in | Follow us on